بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ    نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാള്യം 6

ലക്കം 19

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 മെയ് 13/ഹി.ശം. 1400 ഹിജ്റത്ത് 13/1442 റമളാൻ 30


## അല്ലാഹുവിന്റെ വചനം

يَاَيُّهَا الَّذِيْنَ اٰمَنُوْا كُوْنُوْا قَوّٰمِيْنَ لِلّٰهِ شُهَدَآءَ بِالْقِسْطِ ۫ وَلَا يَجْرِمَنَّكُمْ شَنَاٰنُ قَوْمٍ عَلٰٓى اَلَّا تَعْدِلُوْا ؕ اِعْدِلُوْا ۟ هُوَ اَقْرَبُ لِلتَّقْوٰى ۫ وَاتَّقُوا (المائدة:9)

വിശ്വസിച്ചവരേ, നിങ്ങൾ നീതിക്കു സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിനുള്ള വിരോധം അവരോടു നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതി പാലിക്കുക. അത് ദൈവഭക്തിയുമായി എറ്റവും അടുത്തതാണ് (5:9)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### പ്രഗത്ഭരായ മൂന്നു സ്വഹാബത്തിന്റെ വീരമത്യു

(1246)ഹദ്റത്ത് അനസ് ബിൻ മാലിക്(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'സയ്ദ് ബിൻ ബിൻ ഹാരിഥ ആദ്യം കൊടി പിടിച്ചു നിന്നു. അദ്ദേഹം ശഹീദായി. പിന്നീട് ജഅ്ഫർ(റ) അത് പിടിച്ചു. അദ്ദേഹവും ശഹീദായി. പിന്നീട് അബ്ദുല്ലാഹ് ബിൻ റവാഹ കൊടിപിടിച്ചു. അദ്ദേഹവും ശഹീദായി. (നബി(സ) ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അവിടത്തെ കണ്ണുകളിൽനിന്ന് കണ്ണീരൊഴുകാൻ തുടങ്ങി. തുടർന്ന് നേതാവൊന്നുമായിരുന്നില്ലെങ്കിലും ഹദ്റത്ത് ഖാലിദ് ബിൻ വലീദ് പതാക കൈയിലേന്തുകയും വിജയമുണ്ടാകുകയും ചെയ്തു. ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയ്യുല്ലാഹ് ശാഹ് സാഹിബ് ഇതിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: 'സിറിയയുടെ അതിർത്തിയിലുണ്ടായ മുഅത്താ യുദ്ധത്തിലേക്കുള്ള സൂചനയാണിത്. ഈ യുദ്ധത്തിൽ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ സേനാധിപനായി നിശ്ചയിക്കപ്പെട്ടു. അദ്ദേഹം മോചിപ്പിക്കപ്പെട്ട അടിമയായിരുന്നു. നബി(സ)തിരുമേനി പറഞ്ഞിരുന്നു, അദ്ദേഹം ശഹാദായാൽ ഹദ്റത്ത് ജഅ്ഫറും അദ്ദേഹം ശഹീദായാൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയും സേനാധിപന്മാരായിരിക്കുമെന്ന്. മുസ്ലിമീങ്ങളുടെ ഭാഗത്ത് 3000 പട്ടാളക്കാരായിരുന്നു ഉണ്ടായിരുന്നത്; ശത്രുവിന്റേത് ഒരു ലക്ഷത്തിന്നടുത്തും. പ്രഗത്ഭരായ മൂന്നു സ്വഹാബിവര്യന്മാരും ഒന്നിനുപിറകെ ഒന്നായി വീരമത്യു വരിച്ചു. അവസാനം ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ കൈയിൽ വിജയമുണ്ടായി. മുകളിൽ പറഞ്ഞ മൂന്നുപേരുടേയും ശഹാദത്ത് വിവരം കശ്ഫിലൂടേയോ വഹ്യിലൂടേയോ അറിവ് പ്രാപിച്ച് നബി(സ)തിരുമേനി മുമ്പേതന്നെ നല്കി. ഈ അഭിവന്ദ്യരും ആത്മാർഥരുമായ സ്നേഹിതന്മാരുടെ ചിന്തയാൽ അവിടത്തെ നയനങ്ങളിലൂടെ അനിയന്ത്രിതമായി കണ്ണീരൊഴുകാൻ തുടങ്ങി.' (സ്വഹീഹ് ബുഖാരി വാള്യം 2, കിതാബുൽ ജനാഇസ്, 2006 ഖാദിയാൻ പ്രസിദ്ധീകരണം)

**സ്വഭാവങ്ങൾ നന്നാക്കുന്നതിന് എല്ലാ അവസ്ഥയിലും എല്ലാ നേരത്തും അവനെ നോക്കുകയും അവന്റെ കർമങ്ങൾക്കും പ്രവൃത്തികൾക്കും അവന്റെ നെഞ്ചകത്തുള്ള രഹസ്യങ്ങൾക്കും സാക്ഷിയായിരിക്കുകയും ചെയ്യുന്ന രീതിയിലുള്ള അസ്തിത്വത്തിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**കാലത്തിന്റെ ആവശ്യകത:**

ഇക്കാലത്ത് ജനങ്ങൾ എങ്ങനെ സത്യമായ വിശ്വാസങ്ങളിൽനിന്ന് തെറ്റിപ്പോയെന്ന് നോക്കേണ്ടതാണ്. 20 കോടി ഗ്രന്ഥങ്ങൾ ഇസ്ലാമിന്നെതിരിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ലക്ഷക്കണക്കിനാളുകൾ ക്രൈസ്തവമതം സ്വീകരിച്ചു. ഓരോ കാര്യത്തിനും ഒരു പരിധിയുണ്ട്. ക്ഷാമ കാലത്തിനുശേഷം കാട്ടിലെ മൃഗങ്ങളും മഴ പ്രതീക്ഷിച്ച് ആകാശത്തേക്ക് മുഖമുയർത്തുന്നു. ഇന്ന് 1300 വർഷത്തെ ഉഷ്ണത്തിനും മഴനിലച്ചതിനും ശേഷം ആകാശത്തുനിന്ന് മഴ ഇറങ്ങിയിരിക്കുന്നു. ഇനി അതിനെ ആർക്കും തടയാൻ സാധ്യമല്ല. മഴക്കാലത്തിന്റെ സമയം വന്നപ്പോൾ ആർക്കാണ് അതിനെ തടയാൻ കഴിയുക. ജനങ്ങളുടെ ഹൃദയങ്ങൾ സത്യത്തിൽനിന്ന് ബഹുദൂരം പോയി വീണ സമയമാണിത്. അല്ലഹുവിന്റെമേൽത്തന്നെയും സംശയം ഉണ്ടായിരിക്കുന്നു.

**ഈമാൻ ബില്ലായുടെ പ്രാധാന്യം**

വാസ്തവത്തിൽ എല്ലാ കർമങ്ങളിലേക്കുമുള്ള ചലനം ഈമാൻ അഥവാ വിശ്വാസംകൊണ്ടാണുണ്ടാകുന്നത്. ഉദാഹരണത്തിന് എലി വിഷം ആരെങ്കിലും നറുമഞ്ഞളായി മനസ്സിലാക്കിയാൽ ഒരു മടിയും കൂടാതെ തിന്നുകൊണ്ടിരിക്കും. എന്നാൽ, അത് മനുഷ്യനെ കൊല്ലുന്ന വിഷമാണെന്നറിഞ്ഞാൽ വായുടെ അടുത്തുപോലും കൊണ്ടുപോകുകയില്ല. യഥാർഥമായ നന്മയ്ക്കുവേണ്ടി അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വാസമുണ്ടായിരിക്കേണ്ടത് ആവശ്യമാണ്. അയഥാർഥ(മജാസി) ഭരണാധികാരികൾക്ക്(യഥാർഥ(ഹഖീഖി) ഭരണാധികാരി അല്ലാഹുവാണ്)വീട്ടിനുള്ളിൽ ഒരാൾ എന്താണെന്ന് ചെയ്യുന്നതെന്ന് അറിയാൻ പറ്റുകയില്ല. മറയ്ക്കുപിന്നിൽ ഒരാളുടെ കർമം എന്താണെന്നും അറയുകയില്ല; ആരെങ്കിലും നാവുകൊണ്ട് നന്മ ചെയ്തുവെന്ന് അവകാശപ്പെട്ടാലും തന്റെ ഉള്ളിലെന്താണോ വെച്ചിട്ടുള്ളത് അവന് നമ്മുടെ ശിക്ഷയെ കുറിച്ച് ഭയമില്ല. ഭൗതികഭരണകൂടങ്ങളെ ഒന്നിനേയും മനുഷ്യന് രാത്രിയിലും പകലും ഇരുട്ടിലും വെളിച്ചത്തും ഒറ്റയ്ക്കിരിക്കുമ്പോഴും കൂട്ടായിരിക്കുമ്പോഴും ജനവാസമില്ലാത്തിടത്തും ജനവാസമുള്ളിടത്തും വീട്ടിലും ചന്തയിലും ഏതവസ്ഥയിലും ഒരുപോലെ ഭയമുണ്ടാകുകയില്ല. അതിനാൽ സ്വഭാവങ്ങൾ നന്നാക്കുന്നതിന് എല്ലാ അവസ്ഥയിലും എല്ലാ നേരത്തും അവനെ നോക്കുകയും അവന്റെ കർമങ്ങൾക്കും പ്രവൃത്തികൾക്കും അവന്റെ നെഞ്ചകത്തുള്ള രഹസ്യങ്ങൾക്കും സാക്ഷിയായിരിക്കുകയും ചെയ്യുന്ന രീതിയിലുള്ള അസ്തിത്വത്തിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണ്. കാരണം ബാഹ്യവും ആന്തരികവും ഒരുപോലെയുള്ളവനും മനസ്സും പുറവും ഒരുപോലെയുള്ളവനുമാണ് യഥാർഥത്തിൽ ഉത്തമമായവൻ. അവൻ ഭൂമിയിൽ മലക്കുകളെപ്പോലെ നടക്കുന്നു. സൽസ്വഭാവം പ്രാപിക്കാൻ നാസ്തികൻ അത്തരം സർക്കാറിന്റെ കീഴിലല്ല. എല്ലാ ഫലങ്ങളും ഈമാൻകൊണ്ടാണ് ഉണ്ടാകുന്നത്. പാമ്പിന്റെ പൊത്ത് തിരിച്ചറിഞ്ഞ് ആരും അതിൽ വിരലിടുകയില്ല. ഒരു തോത് എലിപാഷാണം കൊന്നു കളയുമെന്ന് നമ്മളറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ അതെടുത്ത് നമ്മൾ വായിൽ തേക്കാത്തതും അങ്ങനെ രക്ഷപ്പെടുന്നതും ആ വിശ്വാസത്തിന്റെ ഫലമാണ്.**(മൽഫൂദാത്ത് വാള്യം 1, പേജ് 285, ഖാദിയാൻ പ്രസിദ്ധീകരണം 2018)**

**എല്ലാ അപജയങ്ങളുടേയും വേര് തന്റേടം നഷ്ടപ്പെടുക എന്നതാണ്. ഖണ്ഡിതവും ദൃഢഗാഢവുമായ അറിവില്ലാതെ ജോലി ഉപേക്ഷിക്കുന്നവൻ എപ്പോഴും തന്റെ ജോലിയിലും അല്ലെങ്കിൽ ഉദ്ദേശ്യത്തിലും പരാജയപ്പെട്ടിരിക്കുന്നു.**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) സൂറത്ത് യൂസുഫിലെ 88-ാം വചനം **യാ ബനിയ്യദ്ഹബൂ ഫതഹസ്സസൂ മിൻയ്യൂസുഫ വ അഖീഹി വലാ തയ്അസൂ മിൻർറൗഹില്ലാഹി ഇന്നഹൂ ലാ യയ്അസു മിൻർറൗഹില്ലാഹി ഇല്ലൽഖൗമുൽ കാഫിറൂന** എന്നതിന്റെ വിശദീകരണത്തിൽ പറയുന്നു: ഹദ്റത്ത് യഅ്ഖൂബ്(അ)ന് ഹദ്റത്ത് യൂസുഫ്(അ)ജീവിച്ചിരിപ്പുണ്ടെന്നും ഈജിപ്റ്റിലുണ്ടെന്നുമുള്ള അറിവ് അല്ലാഹുവിൽനിന്ന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. ഇല്ലെങ്കിൽ ചെന്നായ് തിന്നുവെന്നും ഏതെങ്കിലും വിധത്തിൽ മരിച്ചിട്ടുണ്ടാകുമെന്നും കരുതുന്ന ഒരു മകനെ സംബന്ധിച്ച് അന്വേഷിക്കാൻ പ്രത്യേകിച്ചും ഈജിപ്റ്റിൽ അന്വേഷിക്കാൻ നിർദേശിക്കുക എന്നത് സംഭാവ്യമല്ല.

ഈ ആയത്തിൽ ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിക്കുള്ള ഫോർമുല പറഞ്ഞിരിക്കുന്നു. എല്ലാ അപജയങ്ങളുടേയും വേര് തന്റേടം നഷ്ടപ്പെടുക എന്നതാണ്. ഖണ്ഡിതവും ദൃഢഗാഢവുമായ അറിവില്ലാതെ ജോലി ഉപേക്ഷിക്കുന്നവൻ എപ്പോഴും തന്റെ ജോലിയിലും അല്ലെങ്കിൽ ഉദ്ദേശ്യത്തിലും പരാജയപ്പെട്ടിരിക്കുന്നു. അതിനിസാരമായ ജോലികളിലും ഈ മൂലമാതൃക പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഒരു വലിയ കൊല്ലനും ഒരു നിസ്സാര കൊല്ലനും തമ്മിൽ ഇതേ വ്യത്യാസം കാണുന്നതായിരിക്കും. അതായത് ഒരാൾ പ്രയാസകരമായ ജോലിചെയ്യുമ്പോൾ ഇതു നടക്കുകയില്ലന്ന് പറഞ്ഞുകൊണ്ടിരിക്കും. രണ്ടാമൻ അത് പരിഹരിക്കുന്നതിൽ മുഴുകിയിരിക്കും. അവസാനം വിജയിക്കുകയും ചെയ്യും. ജോലികളിൽ മാത്രമല്ല. ഈശ്വരശക്തിയുടെ നടപടികളിലും ഈ മൂലമാതൃക പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നു. സുഖപ്പെടുമെന്നുള്ള പ്രതീക്ഷ മനസ്സിൽനിന്ന് നീക്കുന്ന രോഗിയ്ക്ക് ആരോഗ്യം വീണ്ടെടുക്കുക പ്രയാസകരമായിത്തീരുന്നു. വിജയിക്കുമെന്നുള്ള ചിന്ത ഉപേക്ഷിക്കുന്ന വിദ്യാർഥിയുടെ ഓർമശക്തി മന്ദീഭവിക്കാൻ തുടങ്ങുന്നു. ആത്മീയാവസ്ഥകളിലും ഇതേ മൂലമാതൃക പ്രവൃത്തിച്ചുകൊണ്ടിരിക്കുകയാണ്. പാപപൊറുതിയിൽ വിശ്വസിക്കാത്ത ജനതകൾ പാപം അകറ്റുന്നതിനുവേണ്ടി പൂർണമായും പരിശ്രമിക്കുകയുമില്ല. സൃഷ്ടിയുടെ പരിശുദ്ധിയിൽ വിശ്വസിക്കാത്തവർ ആത്മീയ ശക്തികളെ അവയുടെ പാരമ്യതവരെ എത്തിക്കുന്നതിലും ശ്രദ്ധിക്കുന്നില്ല.

നബി(സ)തിരുമേനിയും നിരാശയുടെ അവസ്ഥയെ അകറ്റുന്നതിന് പ്രത്യേകം പറയുകയുണ്ടായി. **ലിക്കുല്ലി ദാഇൻ ദവാഉൻ**

(ശേഷം പേജ് 9ൽ)

### ഈ ലക്കത്തിൽ


ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ജുമുഅ ഖുത്ബ 2021 ഏപ്രിൽ 9 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا اِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സ്വുലഹാഇ**

## ഇസ്‌ലാമിക പ്രവചനത്തിന്റെ ഗാംഭീര്യത്തെ താൻ ഭയപ്പെട്ടിട്ടില്ല എന്നു സമ്മതിക്കുകയാണെങ്കിൽ അബദുല്ലാ ആഥിമിന് 4000 രൂപ ഇനാം

ഈ ലക്കത്തിൽ ഞങ്ങൾ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാർഗനിർദേശങ്ങളുടെ വെളിച്ചത്തിൽ യഥാർഥത്തിൽ ആഥിം സത്യത്തിലേക്ക് മടങ്ങിയിരുന്നോ എന്നതിനെ കുറിച്ച് വെളിച്ചം വീശുന്നതായിരിക്കും. അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനത്തെ എത്രമാത്രം ഭയന്നിരുന്നുവെന്നാൽ സ്വന്തം നാശത്തിന്റെ അടുത്തെത്തിപ്പോയി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനത്തെ അയാൾ കളവായി കരുതിയിരുന്നെങ്കിൽ എന്തിനാണ് അത്രമാത്രം ഭയപ്പെട്ടിരുന്നത്; മറ്റൊരു കാരണമൊട്ടില്ല താനും. ഇസ്‌ലാമിക പ്രവചനത്തെ അയാൾ ഭയന്നതും അതിന്റ മഹത്ത്വത്തിനും ഗാംഭീര്യത്തിനും മനസ്സിൽ ഇടം നല്കിയതുംതന്നെ യഥാർഥത്തിൽ അയാളുടെ സത്യത്തിലേക്കുള്ള മടങ്ങലായിരുന്നു.

**പ്രവചനസമയത്തുത്തന്നെ ആഥിം ഭയന്നിരുന്നു.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'പ്രവചനം കേട്ടതിനോടൊപ്പംതന്നെ ആഥിമിന്റെ മുഖത്ത് ഭയാനകമായൊരു ലക്ഷണമുണ്ടായി. അയാളുടെ ഇന്ദ്രീയങ്ങളുടെ ബുദ്ധിമുട്ട് ആ പ്രവചനം അയാളെ കേൾപിക്കപ്പെട്ട നേരം മുതൽ കാണാൻ തുടങ്ങിയിരുന്നു. പിന്നീട് അത് നിത്യേന വർധിച്ചുകൊണ്ടു പോകുകയും ആഥിമിന്റെ മനസ്സിനേയും ബുദ്ധിയേയും ബാധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അത് പൂർത്തിയിലെത്തിയപ്പോൾ 'നൂർ അഫ്ശാനിൽ' ആഥിംതന്നെ പ്രസിദ്ധീകരിച്ചതുപോലെ ഭയപ്പെടുത്തുന്ന സ്വപ്നങ്ങൾ കാണാൻ തുടങ്ങി.'(ളിയാവുൽഹഖ്, റൂഹാനീ ഖസാഇൻ വാള്യം 9 പേജ് 261)

**ആഥിം തന്റെ ഭയത്തിന്റേയും കരച്ചിലിന്റേയും വാർത്ത നൂർഅഫ്ശാൻ പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു:**

ലുധിയാനയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന 'നൂർഅഫ്ശാൻ' പത്രം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു കടുത്ത പകയും ശത്രുതയും വെച്ചു പുലർത്തുന്ന ക്രൈസ്തവ പത്രമായിരുന്നു. അത് യഥാർഥത്തിൽ ക്രൈസ്തവമതത്തിന്റെ പ്രതിനിധിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ കടുത്ത ഭാഷയാണ് അവർ ഉപയോഗിച്ചിരുന്നത്. പാതിരിമാർ തങ്ങളുട ലേഖനങ്ങളും വിജ്ഞാപനങ്ങളും ആഥിമിന്റെ കരച്ചിലിന്റേയും ഭയത്തിന്റേയും വാർത്തകളും അതിൽ പ്രസിദ്ധീകരിപ്പിച്ചിരുന്നു.' സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'നൂർ അഫ്ശാൻ 1894 സെപ്റ്റംബർ 14ന് പേജ് 12 ആദ്യകോളത്തിലെ ആദ്യ വരിയിൽത്തന്നെ ഈ വിവരണം എഴുതി: 'അതായത് ഒരുപക്ഷേ, ഞാൻ മരിക്കുമെന്ന് കരുതിയിരുന്നു. അതേ കോളത്തിൽ 'താൻ ഈ വാക്കുകൾ പറഞ്ഞു കരഞ്ഞുവെന്നും' അയാൾ എഴുതി. കരച്ചിൽകൊണ്ട് അയാൾ സൂചിപ്പിച്ചത് താൻ വലിയ ഭയത്തിലായിരുന്നുവെന്നാണ്. അതിനാൽ അദ്ദേഹത്തെ ഇസ്‌ലാമിക പ്രവചനം വല്ലാതെ സ്വാധീനിച്ചിരുന്നുവെന്നതിന് അദ്ദേഹത്തിന്റെ കരച്ചിലും ഒരു സാക്ഷിയാണ്. ഇനി എന്നെ കള്ളനായി കരുതിയിരുന്നുവെങ്കിൽ ഇന്നുവരെ അത് ഓർമിച്ചു കരഞ്ഞുകൊണ്ടിരിക്കാൻ അദ്ദേഹത്തിൽ എന്തു നാശമാണ് ഇറങ്ങിയത്? (അൻവാറുൽഇസ്‌ലാം, റൂഹാനീ ഖസാഇൻ വാള്യം 9, പേജ് 66)

**പേടിപ്പെടുത്തുന്ന സ്വപ്നങ്ങളിൽ ഏറ്റവുമാദ്യം രക്തദാഹിയായ പാമ്പ്:**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ആഥിം രക്തദാഹിയായ പാമ്പിനെ കാണാൻ തുടങ്ങി. അപ്പോൾപ്പിന്നെ പാമ്പുള്ള സ്ഥലത്ത് താമസിക്കുക എന്നത് അസംഭാവ്യമായിരുന്നു. കാരണം പാമ്പിന്റെ ഭയാനകരസവും സിംഹത്തിന്റെ ഭയാനകരസത്തിൽനിന്ന് ഒട്ടും കുറവായിരുന്നില്ല. അതിനാൽ അയാൾ ഗത്യന്തരമില്ലാതെ പാമ്പു കണ്ട ആ സ്ഥലത്തുനിന്ന് –അയാളുടെ ദൃഷ്ടിയിൽ അത് അദ്ദേഹത്തെ മാത്രം കൊത്താൻ വന്നതായിരുന്നു–ഏതെങ്കിലും ദൂരസ്ഥലത്ത് മാറി താമസിക്കുന്നത് കൂടുതൽ സുരക്ഷിതമായി മനസ്സിലാക്കി.

ആ പാമ്പിനെ ജമാഅത്തിലെ അംഗങ്ങൾ പഠിപ്പിച്ചയച്ചതാണെന്ന് ആരോപണം പിന്നീട് ആഥിം ഉന്നയിക്കുകയുണ്ടായി. അതിനുള്ള മറുപടിയിൽ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ആഥിം സാഹിബ് ആ പഠിപ്പിക്കപ്പെട്ട പാമ്പിനെ നാമാണ് അയച്ചതെന്നതിന് ഒരു തെളിവും സമർപിച്ചില്ല. ആ പാമ്പൊരിക്കലും വെളിയിൽനിന്ന് വന്നതല്ലെന്നും അത് ആഥിം സാഹിബിന്റെ തന്നെ ഉള്ളിൽനിന്നു വന്നതാണെന്നും നാം ഇപ്പോൾ ബുദ്ധിപരമായ നിലയിൽ വിവരിച്ചു കഴിഞ്ഞതാണ്.(ളിയാവുൽഹഖ്, റൂഹാനീ ഖസാഇൻ വാള്യം 9, പേജ് 262–263)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ആഥിം സാഹിബിന്റെ മനസ്സിൽ പ്രവചനം ശക്തമായ സ്വാധീനം ഉണ്ടാക്കിക്കഴിഞ്ഞിരുന്നു. എപ്പോഴും ഒരു കടുത്ത ഭയം അയാളുടെ കൺമുമ്പിൽ നിലനിന്നു. അതുകൊണ്ട് എന്തെങ്കിലും ഭയാനകമായ ദൃശ്യങ്ങളും അയാളുടെ കണ്ണുകൾക്കുമുമ്പിൽ ചുറ്റിക്കറങ്ങേണ്ടത് അനിവാര്യമായിരുന്നു. അതിനാലാണ് അയാൾ ഭയമുളവാക്കുന്ന രക്തദാഹിയായ പാമ്പിനെ കാണാൻ തുടങ്ങിയത്. അതിന് അറബിയിൽ 'ഹയ്യത്തുൻ' എന്നാണ് പറയുന്നത്. കാരണം പാമ്പ് മനുഷ്യസന്തതിയുടെ ആദ്യത്തേതും തുടക്കത്തിലുള്ളതുമായ ശത്രുവാണ്. സന്ദർഭമായി പറയുന്നു: **ഹയ്യ അലൽ മൗത്തി** അതായത് മരണത്തിലേക്ക് വരിക. അതുകൊണ്ട് അതിന്റെ പേര് ഹയ്യഃ എന്നായി.

പാമ്പ് മരണത്തിന്റെ അവതാരമാണ്. അതുകൊണ്ട് ആഥിം സാഹിബിന് ആദ്യമെതന്നെ അതു കാണിച്ചുകൊടുത്തു. അത് ആഥിം സാഹിബ് 'നൂർ അഫ്ശാനിൽ' കരഞ്ഞുകൊണ്ട് 'തീർച്ചയായും താൻ മരണത്തെ ഭയപ്പെട്ടിരുന്നു'വെന്ന് സമ്മതിക്കുകയും ചെയ്തു. അത്തരം ഭയപ്പെടുന്നവൻ പാമ്പിനെ കണ്ടാൽ യാഥാർഥ്യം തിരിച്ചറിയുന്ന ആരുംതന്നെ അതിൽ അത്ഭുതപ്പെടുകയില്ല......എന്നാൽ, ഈ പാമ്പ് അദ്ദേഹത്തിന്റെ തന്നെ ഭാവനകളുടെ ഫലമായിരുന്നു. ഇക്കാര്യം പ്രവചനത്തിന്റെ തികവുറ്റ മഹത്ത്വം അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നുവെന്നതിന് ഖണ്ഡിതമായ തെളിവായിരുന്നു.(ളിയാവുൽഹഖ്, റൂഹാനീ ഖസാഇൻ വാള്യം 9, പേജ് 263)

**രക്തദാഹിയായ പാമ്പിനുശേഷം കുന്തങ്ങളുമായി നില്ക്കുന്ന ചില ആളുകളേയും ആഥിമിന് കാണിക്കപ്പെട്ടു.**

രക്തദാഹിയായ പാമ്പിന്റെ ദൃശ്യം ആഥിം തന്റെ അമൃതസറിലെ ബംഗ്ലാവിൽ താമസിക്കുമ്പോഴാണ് കണ്ടത്. ഈ ദൃശ്യത്താൽ അദ്ദേഹം എത്രമാത്രം ഭയന്നുവെന്നാൽ ലുധിയാനയിലെ തന്റെ മകളുടേയും ഭർത്താവിന്റേയും വീട്ടിലേക്ക് പോയി. ലുധിയാനയിൽ അദ്ദേഹത്തിന് സംഭവിച്ചതൊന്നു വായിച്ചാലും.

'ആഥിം സാഹിബ് പഠിപ്പിക്കപ്പെട്ട പാമ്പിന്റെ ആക്രമണത്തെ ഭയന്ന് അമൃസറിൽനിന്നോടുകയും ലുധിയാനയിലെ തന്റെ ജാമാതാവിന്റെ വീട്ടിൽ അഭയം തേടുകയും ചെയ്തപ്പോൾ ആ സ്ഥലത്തും കടുത്ത ഭയമുണ്ടാകുന്ന നേരത്ത് അതേ ദൃശ്യം ആഥിം സാഹിബിന്റെ കണ്ണുകൾക്ക് മുമ്പിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. എന്നാൽ, ഇപ്രാവശ്യം അദ്ദേഹത്തിന് പാമ്പ് ദൃശ്യമായില്ല. പ്രത്യുത അതിനെക്കളുപരി ഒരു ഭയാനകമായ അവസ്ഥ ഉണ്ടായി. കുന്തം പിടിച്ചുനില്ക്കുന്ന ചില സായുധരായ ആളുകളെ അദ്ദേഹത്തിന് കാണിക്കപ്പെട്ടു. അവർ അദ്ദേഹത്തിന്റെ ബംഗ്ലാവിന്റെ ഉള്ളിലെത്തി അടുത്തുവന്നു. അവർ വധിക്കാൻ സന്നദ്ധരായി നില്ക്കുകയാണ്. വിശ്വസനീയമായ ചില മാർഗങ്ങളിലൂടെ നമുക്കറിയാൻ കഴിഞ്ഞു, ആ ആക്രമണത്തിനുശേഷം ആഥിം സാഹിബ് തന്റെ ബംഗ്ലാവിൽ ധാരാളമായി കരഞ്ഞുകൊണ്ടിരുന്നു. തന്നെ ഏതൊ മനുഷ്യൻ ആക്രമിച്ചുവെന്ന് പറഞ്ഞില്ല. പ്രത്യുത എപ്പോഴും ഒരു ഗൂഢമായ കൈ യുടെ ഭയം അദ്ദേഹത്തിന്റെ മുഖത്ത് നിഴലിച്ചുനിന്നു. ആ ഭയവും അസ്വസ്ഥതയും ഹൃദയമിടിപ്പും വർധിച്ചുകൊണ്ടിരുന്നു. പീഢിപ്പിക്കപെട്ട യഹൂദികളെപ്പോലെ ഉള്ളംകാലുകൾ വീണ്ടും അസ്വസ്ഥത പ്രകടിപ്പിച്ചു. ആ ബം ഗ്ലാവും കുറച്ചു ഭപ്പെടുത്തുന്നതായി തോന്നി. അത് സത്യവുമായിരുന്നു, ഏതൊരു ബംഗ്ലാവിന്റെ മുറ്റത്ത് സായുധരായവർ തള്ളിക്കയറി വരികയും അവിടെ താമസിക്കുന്നവർക്ക് രാപകൽ പോലീസിന്റെ തികഞ്ഞ കാവലുണ്ടായിട്ടും അവരെ പിടിക്കാനോ തിരിച്ചറിയാനോ സാധിക്കാതെ വരികയും എവിടെനിന്ന് വന്നു ഏതു വഴിയിലൂടെ വന്നുവെന്ന് വ്യക്തമാകാതിരിക്കുകയും ചെയ്യുമ്പോൾ ആ ഭയാനകമായ ബംഗ്ലാവിൽ ആഥിം സാഹിബിന് സമാധാനത്തോടെ എങ്ങനെയാണ് താമസിക്കാൻ കഴിയുക.'(ളിയാവുൽഹഖ്, റൂഹാനീ ഖസാഇൻ വാള്യം 9, പേജ് 266)

**ലുധിയാനയിൽ നിന്നോടി ആഥിം ഫിറോസ്പൂരിലെത്തി.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ആഥിം സാഹിബ് ലുധിയാനയിലും ആകാശത്തുനിന്നുള്ള ആയുധാരികളെ കണ്ടു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മനസ്സ് അവിടെ താമസിക്കാനും ഭയന്നു. സത്യത്തിന്റെ ഭീതി അദ്ദേഹത്തെ ഭ്രാന്തനെപ്പോലെയാക്കി. അപ്പോൾ അയാൾ ഫിറോസ്പൂരിലുള്ള തന്റെ രണ്ടാമത്തെ ജാമാതാവിന്റെ അടുത്തേക്കോടി. ഒരു പക്ഷേ, ഇതിന്റെ ഉദ്ദേശ്യം രഹസ്യമായ പശ്ചാത്താപം ഫലം ചെയ്യാതെ വരികയും താൻ മനസ്സുകൊണ്ട് പശ്ചാത്തപിച്ചിട്ടുണ്ടെങ്കിലും രക്ഷപ്പെടാതിരിക്കുകയും അങ്ങനെ തന്റെ 12 മക്കളും ബന്ധുമിത്രാദികളുമായുള്ള അവസാന കൂടിക്കാഴ്ചയായിരിക്കും അതെന്നും മനസ്സിലാക്കിയതായിരിക്കും. എന്തായാലും അദ്ദേഹം കഷ്ടപ്പെട്ട് ഫിറോസ്പൂരിലെത്തി........സത്യത്തെ ഭയപ്പെട്ട അവസ്ഥയിൽ ദൈവശിക്ഷ ഇറങ്ങാൻ പോകുന്നുവെന്ന ദൃഢവിശ്വാസമോ അനുമാനമോ ഒരാളിലുണ്ടാക്കുന്ന ഭീതികളുടേയും പരിഭ്രമങ്ങളുടേയും എല്ലാ ലക്ഷണങ്ങളും അദ്ദേഹത്തിലുണ്ടായിരുന്നു.'(ളിയാഉൽഹഖ് റൂഹാനീ ഖസാഇൻ വാള്യം 9, പേജ് 269)

ഭയം അവിടേയും അതിന്റെ പാരമ്യതയിലെത്തിയപ്പോൾ ചംക്രമണരോഗംപോലെ ലുധിയാനയിൽകണ്ട അതേ ദൃശ്യങ്ങൾ അദ്ദേഹം കാണാൻ തുടങ്ങി. എന്നാൽ, ഇപ്രാവശ്യം ആ ശക്തിപ്രഭാവത്തിന്റെ അത്ഭുതകർമം അങ്ങേയറ്റം ക്രൗര്യമായിരുന്നു. അത് ആഥിം സാഹിബിന്റെ മനസ്സിൽ ഒരുപാട് പണിയെടുത്തു. അദ്ദേഹം എഴുതുന്നു: 'പിന്നീട് ചിലയാളുകൾ വാളുകളും കുന്തങ്ങളുമായി വന്നിരിക്കുന്നതായി ഞാൻ ഫിറോസ്പൂരിൽവച്ച് കണ്ടു.' ചുരുക്കത്തിൽ വിശ്വസനീയമായ മാർഗം മുഖേന അറിയാൻ കഴിഞ്ഞത് ഇത്തവണ അദ്ദേഹത്തിൽ ഭയങ്കരമായ പേടി കണ്ടിരുന്നുവെന്നാണ്. സ്വപ്നത്തിലും ഭയന്നുകൊണ്ടിരുന്നു. ഈയിടയ്ക്ക് ഇസ്‌ലാമിന്നെതിരിൽ ഒരക്ഷരംപോലും അദ്ദേഹം പ

**(ശേഷം പേജ് 10ൽ)**

## ഖുത്ബ ജുമുഅ

ഹദ്റത്ത് അബൂബക്റിന്റേയും ഹദ്റത്ത് ഉമറിന്റേയും ഹദ്റത്ത് ഉഥ്മാന്റേയും വർണം തന്നിൽ
ചാർത്താത്തിടത്തോളം ആർക്കും മുഅ്മിനും മുസ്‌ലിമും ആകാൻ സാധിക്കുകയില്ലെന്ന് എനിക്കറിയാം.

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ദുന്നൂറയ്ൻ
ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ഞങ്ങൾ ജനങ്ങൾക്കിടയിൽ ചിലരെ മഹത്വപ്പെടുത്താറുണ്ടായിരുന്നു.
ഹദ്റത്ത് അബൂബക്ർ(റ)നെ ഞങ്ങൾ മഹത്ത്വപ്പെടുത്തും. പിന്നീട് ഹദ്റത്ത് ഉമർ(റ)നെ.
പിന്നീട് ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ)നെ.'

അല്ലാഹുവാണ! അല്ലാഹു ശയ്ഖയ്നേയും(അബൂബക്റും(റ) ഉമറും(റ))മൂന്നാമതായി ദുന്നൂറയ്നേയും ഇസ്‌ലാമിന്റെ കവാടങ്ങളും
സൃഷ്ടികുലോത്തമനായ മുഹമ്മദ്റസൂലുല്ലായുടെ സൈന്യത്തിന്റെ മുൻനിര പോരാളികളും ആക്കിയിരിക്കുന്നു.
(ഹദ്റത്ത് മസീഹ് മൗഊദ്(അ)

15 പരേതാത്മാക്കളുടെ അനുസ്മരണം: ദുർഗാറാംപൂരിലെ മുഹമ്മദ് സ്വാദിഖ് സാഹിബ്, ദാറുൽയമൻ റബ്വയിലെ റശീദ് അഹ്മദ് അഹ്‌വൽ സാഹിബിന്റെ ഭാര്യ മുഖ്ത്താറ ബീബീ സാഹിബ, മൻളൂർ അഹ്മദ് ശാദ് സാഹിബ്, യു.എസ്.എയിലെ അബ്ദുർറഹ്മാൻ സലീം സാഹിബിന്റെ ഭാര്യ ഹമീദ അഖ്തർ സാഹിബ, ജർമൻ അഹ്മദി നാസിർ പീറ്റർ ലുട്ട്സിൻ(ചമശ്യെ ജലല്യേ ഘൗലേശി)സാഹിബ്, ജാമിയ റബ്വയുടെ വൈസ് പ്രിൻസിപ്പാളും ജമാഅത്തിന്റെ മുറബ്ബിയുമായ ഖലീൽ അഹ്മദ് തൻവീർ സാഹിബിന്റെ ഭാര്യ റളിയ തൻവീർ സാഹിബ കനഡ, മിയാൻ മൻളൂർ അഹ്മദ് ഗാലിബ് സാഹിബ്,ഹമീദ് അൻവർ സാഹിബ്(ഏദൻ,യമൻ)ന്റെ ഭാര്യ ഏദൻകാരിയായ ബുശ്റ ഹമീദ് അൻവർ സാഹിബ, എൽഡോറേറ്റിലെ(കെനിയ)മുറബ്ബി മുഹമ്മദ് അഫ്ളൽ ളഫ്ർ സാഹിബിന്റെ ഭാര്യ നൂറുസ്സ്വബാഹ് ളഫർ സാഹിബ, സുൽത്വാൻ അലി റയ്ഹാൻ സാഹിബ്, ജമ്മുകശ്മീർ സംസ്ഥാനത്തിലെ റാജോരി ജില്ലയിലെ കാലാബൻ എന്ന സ്ഥലത്തെ മുബല്ലിഗെ സിൽസില, വഖ്ഫെ സിന്ദഗീ മൗലവി ഗുലാം ഖാദിർ സാഹിബ്,ഖാദിയാനിലെ മുഹമ്മദ് സ്വാദിഖ് സാഹിബ് ആരിഫ് ദർവേശ് ഖാദിയാനിന്റെ ഭാര്യ മഹ്മൂദ ബീഗം സാഹിബ, ഖാലിദ് സഅ്ദുല്ലാഹ് അൽമിസ്‌രി ഉർദൻ, റബ്വ ദാറുൽ ഫള്ലിലെ മുഹമ്മദു മുനീർ സാഹിബ്, റബ്വ ദാറുബർക്കാത്തിലെ മാസ്റ്റർ നദീർ അഹ്മദ് സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

അൽഇസ്‌ലാം ടീം തയ്യാറാക്കിയ വിശുദ്ധ ഖുർആനിന്റെ പുതിയ സർച്ച് എഞ്ചിന്റെ ആദ്യത്തെ വേർഷന്റെ ഉൽഘാടന വിളംബരം.

അൽജീരിയായിലേയും പാക്കിസ്താനിലേയും അഹ്മദികൾക്കുവേണ്ടി പ്രത്യേക ദുആക്കുള്ള അഭ്യർഥന

**ഖുത്ബ ജുമുഅ 2021 ഏപ്രിൽ 9/1400 ശഹാദത്ത് 9**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ സ്മരണയായിരുന്നു നടന്നുവന്നിരുന്നത്. ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ സ്ഥാനമെന്തായിരുന്നു. സ്വഹാബത്ത് നബി(സ)തിരുമേനിയുടെ ജീവിതത്തിലും അതിനുശേഷവും അതെങ്ങനെയായിരുന്നു നോക്കിക്കണ്ടിരുന്നത്. ഇതു സംബന്ധമായുള്ള നിവേദനമാണിത്. ഹദ്റത്ത് ഉമർ(റ)ൽനിന്ന് ഹദ്റത്ത് നാഫിഅ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ഞങ്ങൾ ജനങ്ങൾക്കിടയിൽ ചിലരെ മഹത്വപ്പെടുത്താറുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ)നെ ഞങ്ങൾ മഹത്ത്വപ്പെടുത്തും. പിന്നീട് ഹദ്റത്ത് ഉമർ(റ)നെ. പിന്നീട് ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ)നെ.' ബുഖാരിയിലെ നിവേദനമാണ്.(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നബിയ്യി(സ), ബാബു ഫള്ലു അബീബക്ർ(റ) ബഅ്ദന്നബിയ്യ(സ), ഹദീഥ് നമ്പർ 3655)

മറ്റൊരു ഹദീഥ് ബുഖാരിയിലുള്ളത് ഇപ്രകാരമാണ്. ഹദ്റത്ത് നാഫിഅ്(റ) ഹദ്റത്ത് ഇബ്നുഉമറിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ഞങ്ങൾ നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലായിരുന്നു. ഞങ്ങൾ ആരേയും ഹദ്റത്ത് അബൂബക്റിന്(റ) തുല്യമായി മനസ്സിലാക്കിയിരുന്നില്ല. പിന്നീട് ഹദ്റത്ത് ഉമറിനു തുല്യം, പിന്നീട് ഹദ്റത്ത് ഉഥ്മാന് തുല്യവും. പിന്നീട് നബി(സ)തിരുമേനിയുടെ സ്വഹാബാക്കളെ താരതമ്യം ചെയ്യുന്നത് വിട്ടു കളഞ്ഞു. അവരിൽ ആരേയും ആരെക്കാളും ശ്രേഷ്ഠരായി കരുതിയിരുന്നില്ല.(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നബിയ്യി(സ),ബാബു മനാഖിബു ഉഥ്മാൻ(റ), ഹദീഥ് നമ്പർ 3697)

നബി(സ)തിരുമേനിയുടെ കാലശേഷം ഹദ്റത്ത് ഉഥ്മാൻ(റ) ശ്രേഷ്ഠജനങ്ങളിൽ ഉൾപ്പെട്ടിരുന്നതിനെക്കുറിച്ച് നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. ഹദ്റത്ത് മുഹമ്മദ് ബിൻ ഹൻഫിയ നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ എന്റെ പിതാവ് ഹദ്റത്ത് അലിയോടു ചോദിച്ചു: നബി(സ)തിരുമേനിക്കുശേഷം ജനങ്ങളിൽ ഏറ്റവും ശ്രേഷ്ഠനാരാണ്? അദ്ദേഹം പറഞ്ഞു: ഹദ്റത്ത് അബൂബക്ർ. ഞാൻ ചോദിച്ചു: അദ്ദേഹത്തിനുശേഷം ആരാണ്? അദ്ദേഹം പറഞ്ഞു: ഹദ്റത്ത് ഉമർ(റ). അതിനുശേഷമാരാണ്? അദ്ദേഹം പറഞ്ഞു: ഹദ്റത്ത് ഉഥ്മാൻ(റ). അതുകഴിഞ്ഞ് ഞാൻ ചോദിച്ചു: എന്റെ പിതാവേ! അവർക്കുശേഷം അങ്ങാണോ? അപ്പോൾ അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്: ഞാൻ മുസ്‌ലിമീങ്ങളിൽനിന്നുള്ള ഒരു സാധാരണക്കാരനാണ്.'(സുനൻ അബീദാവൂദ് കിതാബുസ്സുന്ന, ബാബു ഫിത്തഫ്സ്വീൽ, ഹദീഥ് നമ്പർ 4629)

നബി(സ)തിരുമേനിക്ക് ഹദ്റത്ത് ഉഥ്മാനുമായുള്ള ബന്ധത്തെ കുറിച്ചും അവിടത്തെ ദൃഷ്ടിയിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനത്തെ കുറിച്ചും ഈയൊരു കാര്യത്തിൽനിന്ന് നമുക്ക് അനുമാനിക്കാവുന്നതാണ്. ഹദ്റത്ത് ഉഥ്മാൻ(റ)നോടു വിദ്വേഷമുണ്ടായിരുന്ന ഒരാളുടെ ജനാസ നബി(സ)തിരുമേനി നമസ്കരിച്ചില്ല. ഹദ്റത്ത് ജാബിർ(റ) വിവരിക്കുന്നു: 'നബി(സ)തിരുമേനിയുടെ മുമ്പിൽ ഒരു ജനാസ കൊണ്ടുവരപ്പെട്ടു. എന്നാൽ, നബി(സ)തിരുമേനി അയാളുടെ ജനാസ നമസ്കരിച്ചില്ല. ഒരാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഇതിനുമുമ്പേ ആരുടെയെങ്കിലും ജനാസ നമസ്കരിക്കാത്തതായി ഞങ്ങൾ കണ്ടിട്ടില്ല. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഈയാൾ ഹദ്റത്ത് ഉഥ്മാനെ വെറുത്തിരുന്നു. അതുകൊണ്ട് അല്ലാഹുവും അയാളോടു ശത്രുതയിലാണ്.'(സുനനുത്തിർമുദി, അബ്‌വാബുൽമനാഖിബ്, ബാബു ഫീമനാഖിബി ഉഥ്മാൻ(റ), ഹദീഥ് നമ്പർ 3709)

ഹദ്റത്ത് ഉഥ്മാനെക്കുറിച്ച് അദ്ദേഹത്തിന്റെ നീതിബോധത്തെ കുറിച്ച് നിവേദനമുണ്ട്. സ്വന്തം സഹോദരന്റെ കുറ്റം തെളിയിക്കപ്പെട്ടപ്പോൾ എങ്ങനെയാണ് അദ്ദേഹം ശിക്ഷ നല്കാൻ കല്പിച്ചത്? ഉബയ്ദുല്ലാഹ് ബിൻ അദിയ്യ് വിവരിച്ചു: ഹദ്റത്ത് മിസ്‌വർ ബിൻ മഹ്റമയും അബ്ദുർറഹ്മാൻ ബിൻ അസ്‌വദ് ബിൻ അബ്ദി യഗൂഥും ഇരുവരും എന്നോടു ചോദിച്ചു: ഹദ്റത്ത് ഉഥ്മാനോടു അദ്ദേഹത്തിന്റെ സഹോദരൻ വലീദിനെക്കുറിച്ച് സംസാരിക്കുന്നതിനെ എന്തുകാര്യമാണ് താങ്കളെ തടയുന്നത്? തെറ്റായ സംസാരങ്ങൾ കാരണത്താൽ ആളുകൾ അദ്ദേഹത്തെ കുറിച്ച് വളരെയധികം കംവദന്തികൾ പരത്തിയിരിക്കുകയാണ്. അപ്പോൾ ഞാൻ ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ അടുത്തുപോയി. അദ്ദേഹം നമസ്കാരത്തിനുവേണ്ടി പുറത്തുവന്നു. ഞാൻ പറഞ്ഞു, എനിക്ക് അങ്ങയോടു അങ്ങയുടെ നന്മ കാംക്ഷിച്ചുകൊണ്ട് ചിലതു പറയാനുണ്ട്. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) ചോദിച്ചു: അല്ലയോ നല്ലവനായ മനുഷ്യാ! അങ്ങയോടു മഅ്മറാണോ ഇതു പറ

ഞ്ഞത്? ഞാൻ മനസ്സിലാക്കുന്നത് അങ്ങയോടു മഅ്മറായിരിക്കും ഇക്കാര്യം പറഞ്ഞതെന്നാണ്. താങ്കൾ അയാളുടെ സന്ദേശവുമായി വന്നതായിരിക്കും. എന്നിട്ട് പറഞ്ഞു: ഞാൻ താങ്കളിൽനിന്ന് അല്ലാഹുവിൽ അഭയം പ്രാപിക്കുന്നു. അതുകേട്ട് ഹദ്റത്ത് ഉഥ്മാന്റെ അടുത്തു വന്നയാൾ അവിടെനിന്ന് അവരുടെ അടുത്തേക്ക് പോയി. അപ്പോഴേക്കും എന്നെ വിളിക്കാനായി ഹദ്റത്ത് ഉഥ്മാന്റെ ദൂതൻ വന്നു. അങ്ങനെ ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്ക് വീണ്ടും പോയി. അദ്ദേഹം ചോദിച്ചു, താങ്കൾ എന്തു നന്മയാണ് ആഗ്രഹിക്കുന്നത്? താൻ അങ്ങയുടെ നന്മയാണ് ആഗ്രഹിക്കുന്നതെന്ന് അയാൾ ആദ്യം വന്നപ്പോൾ പറഞ്ഞിരുന്നു. അപ്പോൾ ഞാൻ പറഞ്ഞു: പരമപരിശുദ്ധനായ അല്ലാഹു നബി(സ)തിരുമേനിയെ സത്യപൂർണമായാണ് അയച്ചത്. നബി(സ)തിരുമേനിയുടെമേൽ അവൻ ഗ്രന്ഥവും ഇറക്കി. അല്ലാഹുവിന്റേയും അവന്റെ തിരുദൂതരുടേയും ക്ഷണം സ്വീകരിച്ചവരിൽ അങ്ങയും ഉൾപ്പെടുന്നു. അങ്ങ് രണ്ട് ഹിജ്റത്ത് ചെയ്തു. നബി(സ)തിരുമേനിയെ പിന്തണയ്ക്കുകയും ചെയ്തു. അങ്ങ് നബി(സ)തിരുമേനിയുടെ പെരുമാറ്റവും ദർശിച്ചയാളാണ്. തുടർന്ന് അദ്ദേഹത്തിന്റെ സഹോദരനായ വലീദിനെക്കുറിച്ച് ആളുകൾ കിംവദന്തി പരത്തുന്നുവെന്നും ഞാൻ പറഞ്ഞു. ഹദ്റത്ത് ഉഥ്മാൻ(റ) എന്നോടു ചോദിച്ചു:താങ്കൾ നബി(സ)തിരുമേനിയുടെ കാലത്തുണ്ടായിരുന്നുവോ? 'ഇല്ല' എന്ന് ഞാൻ പറഞ്ഞു. എന്നാൽ, അങ്ങയുടെ വിവരണങ്ങളിലൂടെ എനിക്ക് അന്നത്തെ കാര്യങ്ങൾ അറിയാനായി. അതായത് അക്കാലത്ത് ഞാനുണ്ടായിരുന്നില്ലെങ്കിലും അന്നു നടന്ന കാര്യങ്ങൾ എനിക്കെത്തിയിട്ടുണ്ട്. നബി(സ)തിരുമേനിയുടെ കാലത്തുള്ള കാര്യങ്ങൾ മറയിലുള്ള കന്യകൾക്കുപോലും അറിയാൻ കഴിഞ്ഞിരുന്നു. ഹദ്റത്ത് ഉഥ്മാൻ(റ)പറഞ്ഞു:'അമ്മാ ബഅ്ദ്(അതിനുശേഷം). അല്ലാഹു നിശ്ചയമായും നബി(സ)തിരുമേനിയെ സത്യത്തോടെയാണ് നിയോഗിച്ചത്. അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും ക്ഷണം സ്വീകരിച്ചവരിൽപെട്ടവനാണ് ഞാനും. എന്തെല്ലാം കാര്യങ്ങളോടുകൂടിയാണോ നബി(സ)തിരുമേനി അയക്കപ്പെട്ടത് അവയിലെല്ലാം ഞാൻ വിശ്വസിച്ചു. ഞാൻ നിങ്ങൾ പറഞ്ഞതുപോലെ 2 ഹിജ്റത്തും ചെയ്തിട്ടുണ്ട്. ഞാൻ നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിട്ടുമുണ്ട്. നബി(സ)തിരുമേനിയിൽ ബയ്അത്തും ചെയ്തിട്ടുണ്ട്. അല്ലാഹുവാണ! ഞാൻ നബി(സ)തിരുമേനിയോടു ഒരിക്കലും അനുസരണക്കേട് കാണിച്ചിട്ടില്ല. നബി(സ)തിരുമേനിയുടെ മരണംവരെ ഞാൻ ആ മഹാത്മാവിനെ വഞ്ചിട്ടുമില്ല. തുടർന്ന് ഹദ്റത്ത് അബൂബക്റിനേയും ഞാൻ അനുസരിച്ചു. ഹദ്റത്ത് ഉമറിനോടും അങ്ങനെതന്നെ അനുസരണം കാണിച്ചു. അതുകഴിഞ്ഞ് ഞാൻ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. അതിനാൽ മുൻകഴിഞ്ഞ ഈ രണ്ടുഖലീഫമാർക്കും പ്രാപ്തമായിരുന്ന അതേ അവകാശം എനിക്കുമില്ലേ? ഞാൻ പറഞ്ഞു: എന്തുകൊണ്ടില്ല? തീർച്ചയായുമുണ്ട്. അപ്പോൾപ്പിന്നെ നിങ്ങളുടെ ഭാഗത്തുനിന്ന് എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ എന്തിന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നത്? വലീദിനെക്കുറിച്ച് നിങ്ങൾ ചില കാര്യങ്ങൾ പരാമർശിച്ചു. ഇൻശാ അല്ലാഹ് നാം അദ്ദേഹത്തിന് അതിനു തക്കതായ ശിക്ഷ നല്കുന്നതായിരിക്കും. അതായത് അദ്ദേഹത്തെ കുറിച്ച് പറയപ്പെടുന്ന തെറ്റിന് ഉചിതമായ ശിക്ഷ നല്കുന്നതായിരിക്കും. അതിനുശേഷം അദ്ദേഹം ഹദ്റത്ത് അലിയെ വിളിപ്പിച്ചു. എന്നിട്ട് തന്റെ സഹോദരന് ചാട്ടവാറടി ശിക്ഷ നല്കാൻ കല്പന പുറപ്പെടുവിച്ചു. അദ്ദേഹം 80 അടി കൊടുത്തു.(സ്വഹീഹ് ബുഖാരി, കിതാബു അസ്ഹാബുന്നബിയ്യി(സ),ബാബു മനാഖിബു ഉഥ്മാൻ(റ), ഹദീഥ് നമ്പർ 3696)

ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയ്യുല്ലാഹ് ശാഹ് സാഹിബ് ഇതിന്റെ വ്യാഖ്യാനത്തിൽ ഇപ്രകാരം വിവരിക്കുന്നു,' വലീദ് ബിൻ അഖബയ്ക്ക് മദ്യപിച്ചെന്ന ആരോപണത്തിന് പുറത്താണ് ശിക്ഷനല്കപ്പെട്ടതെന്ന് ബുഖാരിയിൽ നിവേദനമുണ്ട്. അത് ജാഹിലിയ കാലഘട്ടത്തിലുണ്ടായിരുന്നതാണ്. മദ്യം തന്നെയായിരുന്നു. ഉണക്കമുന്തിരിയുടേയോ ഈത്തപ്പഴത്തിന്റേയോ ആയിരുന്നില്ലെന്ന് സാക്ഷിമൊഴികളാൽ തെളിയിക്കപ്പെട്ടിട്ടും ഹദ്റത്ത് ഉഥ്മാൻ ഉറ്റ ബന്ധം പരിഗണിച്ചില്ല. മറിച്ച് ബന്ധുത്വം കാരണത്താൽ ഇരിട്ടി ശിക്ഷയും നല്കി. 40ന് പകരം 80 അടി നല്കി. ഈ എണ്ണം ഹദ്റത്ത് ഉമർ(റ)ന്റെ നടപടി ക്രമത്തിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്.'(ഉർദു തർജമ സ്വഹീഹ് ബുഖാരി, വാള്യം 7, പേജ് 192, പ്രസാധകർ നളാറത്ത് ഇശാഅത്ത് റബ്വ)

ഹദ്റത്ത് ഉഥ്മാൻ സ്വതന്ത്രനാക്കിയ അടിമ ഹംറാൻ ഇപ്രകാരം പറഞ്ഞതായി അത്വാ ബിൻ യസീദിനു വിവരം ലഭിച്ചു. അദ്ദേഹം ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ ഇങ്ങനെ ചെയ്യുന്നതായി കണ്ടു. അദ്ദേഹം ഒരിക്കൽ ഒരുപാത്രം വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. എന്നിട്ട് ആ വെള്ള മൊഴിച്ച് മൂന്നു പ്രാവശ്യം തന്റെ രണ്ടു കൈപടങ്ങളും കഴുകി. ശേഷം തന്റെ വലതുകൈ പാത്രത്തിലിട്ട് വെള്ളമെടുത്ത് കുലുക്കുഴിയുകയും മൂക്ക് പിഴിഞ്ഞുകളയുകയും ചെയ്തു. അനന്തരം മുഖവും മുട്ടുവരെ രണ്ടു കൈയും മൂന്നു തവണ കഴുകി. പിന്നീട് തലതടവി. പിന്നീട് രണ്ടുകാലും നെരിയാണിവരെ മുമ്മൂന്നുപ്രാവശ്യം കഴുകി. എന്നിട്ടു അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി പറയാറുണ്ടായിരുന്നു, 'ഏതൊരാളാണോ ഞാൻ ചെയ്തു കാണിച്ച ഇതേപ്രകാരം വുളുചെയ്യുകയും പിന്നെ ഇപ്രകാരം രണ്ടുറക്അത്ത് നമസ്കരിക്കുകയും ആ നമസ്കാരത്തിന്നിടയിൽ തന്റെ മനസ്സിൽ മറ്റുചിന്തകൾക്കൊന്നും പ്രവേശനം നല്കാതിരിക്കുകയും ചെയ്തത് അവൻ മുമ്പേ ചെയ്ത കുറ്റങ്ങളെ അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്.'(സ്വഹീഹ് ബുഖാരി, കിതാബുൽവുളു, ബാബു അൽവുളൂഇ ഥലാഥൻ ഥലാഥൻ, ഹദീഥ് നമ്പർ 159)

ജുമുഅ ദിവസം രണ്ടാമത്തെ ബാങ്കിന്റെ വർധനയുണ്ടായത് ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ കാലഘട്ടത്തിലായിരുന്നു. അതായത് ആദ്യത്തെ ബാങ്ക് വിളിക്കുന്നത്. അതിന്റെ വിശദീകരണം ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. സുഹ്രി, സാഇബ് ബിൻ യസീദിൽനിന്ന് നിവേദനം. നബി(സ)തിരുമേനിയുടേയും ഹദ്റത്ത് അബൂബക്റിന്റേയും ഹദ്റത്ത് ഉമറിന്റേയും കാലഘട്ടങ്ങളിൽ വെള്ളിയാഴ്ച ദിവസം ആദ്യത്തെ ബാങ്ക് വിളിച്ചിരുന്നത് ഇമാമ് മിമ്പറിൽ ഇരുന്നുടനെയായിരുന്നു. പിന്നീട് ഉഥ്മാന്റെ(റ)ഭരണകാലം വരികയും ജനങ്ങളുടെ എണ്ണം വർധിക്കുകയും ചെയ്തപ്പോൾ 'സൗറാഈ' എന്ന കല്ലിന്റെ മുകളിൽനിന്ന് മൂന്നാമതൊരു ബാങ്കുവിളികൂടി വർധിച്ചു. 'സൗറാഅ്'മദീനയിലെ ചന്തയിലെ ഒരു സ്ഥലമാണെന്ന് അബൂ അബ്ദുല്ലാഹ് പറഞ്ഞു.(സ്വഹീഹ് ബൂഖാരി കിതാബുൽ ജുമുഅ, ബാബു അൽഅദാനു യൗമുൽജുമുഅത്തി, ഹദീഥ് (912)

അഹ്മദിയ്യാ ഫിഖ്ഹിലും ഇതിനെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ഹദീഥിന്റെ വെളിച്ചത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു, നബി(സ)തിരുമേനിയുടേയും ഹദ്റത്ത് അബൂബക്റിന്റേയും ഹദ്റത്ത് ഉമറിന്റേയും കാലഘട്ടങ്ങളിൽ വെള്ളിയാഴ്ച ദിവസം ആദ്യത്തെ ബാങ്ക് വിളിച്ചിരുന്നത് ഇമാമ് മിമ്പറിൽ ഇരുന്നുടനെയായിരുന്നു.(മിമ്പർ എന്തായാലും മസ്ജിദിന്റെ ഉള്ളിലാണല്ലോ). ഒരു ബാങ്കു മാത്രമേ നല്കപ്പെട്ടിരുന്നുള്ളു. ശേഷം ഹദ്റത്ത് ഉഥ്മാന്റെ കാലത്ത് രണ്ടു ബാങ്കുവിളി പതിവായി. ആദ്യ ബാങ്കു വിളിച്ചിരുന്നത് മസ്ജിദിന്റെ വാതിലിനു പുറത്തുള്ള ഒരു കല്ലിനു മുകളിൽനിന്നായിരുന്നു. അതിന്റെ പേര് 'സൗറാഅ്' എന്നായിരുന്നു. (ഫിഖഃ അഹ്മദിയ്യ(ഇബാദാത്ത്)പേജ് 122)

സ്വഹീഹ് ബുഖാരിയുടെ വ്യാഖ്യാനമായ 'നിഅ്മത്തുൽബാരി'യിൽ ഈ ഹദീഥിന്റെ വ്യാഖ്യാനത്തിൽ എഴുതിയിരിക്കുന്നു: ഇബ്നു ശിഹാബ് സുഹ്രി, സാഇബിൽനിന്ന് നിവേദനം. ഈ അധ്യായത്തിലെ ഹദീഥിൽ മുന്നു ബാങ്കുകൾ എന്നു പറയപ്പെട്ടിരിക്കുന്നത് ഇഖാമത്തുകൂടി കണക്കുകൂട്ടിയാണ്. (നിഅ്മത്തുൽബാരി ശറഹ് സ്വഹീഹുൽബുഖാരി വാള്യം 2, പേജ് 837, ഹദീഥ് നമ്പർ912, റൂമീ പബ്ലിക്കേഷൻസ് ലാഹോർ 2013)

മുമ്പേ അതുപ്രകാരം രണ്ടു ബാങ്കുവിളിയായിരുന്നു. മൂന്നു ബാങ്കുവിളികൾ പിന്നീടാണ് തുടങ്ങിയത്. ഞാൻ ഇതിനുമുമ്പേ കേൾപിച്ച നിവേദനത്തിൽ വന്നിരുന്നത് ജനങ്ങൾ കൂടിയപ്പോൾ 'സൗറാഅ്'ൽ അവർ ബാങ്കു വിളിക്കാൻ തുടങ്ങിയെന്നാണ്. അങ്ങനെ ബാങ്കുവിളികളുടെ എണ്ണം മൂന്നായി. മൂന്നു ബാങ്കെന്നാൽ ആദ്യത്തെ ബാങ്കും രണ്ടാമത്തെ ബാങ്കും. വേറെ കാണുന്ന 'തക്ബീർ'നെ ബാങ്കിന്റെ പേരിൽ പറയപ്പെട്ടുവെന്നെയുള്ളു. ഇപ്രകാരം മൂന്നു പ്രാവശ്യം നമസ്കാരത്തിന് വിളിക്കപ്പെടുന്നു.

ഈദുദിവസം ജുമുഅ നമസ്കാരത്തിൽ ഇളവിനെക്കുറിച്ച് നിവേദനം ലഭിക്കുന്നുണ്ട്. ഇബ്നു അസ്ഹർ സ്വതന്ത്രനാക്കിയ അടിമ അബൂഉബയ്ദ് വിവരിക്കുന്നു: അദ്ദേഹം ഹദ്റത്ത് ഉമറിന്റെ പിന്നിൽ ബലിപെരുന്നാൾ നമസ്കരിച്ചിരുന്നു. അദ്ദേഹം ഖുത്ബയ്ക്കുമുമ്പേ നമസ്കരിപ്പിച്ചു. തുടർന്ന് ജനങ്ങളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു:അല്ലയോ ജനങ്ങളേ!രണ്ടു പെരുന്നാളിനും നോമ്പു നോക്കുന്നതിനെ നബി(സ)തിരുമേനി വിലക്കിയിട്ടുണ്ട്. അവയിൽ ഒന്ന് നോമ്പുകൾ അവസാനിപ്പിച്ചതിനുശേഷമുള്ള സന്തോഷം കൊണ്ടാടുന്ന പെരുന്നാളാണ്. രണ്ടാമത്തേത് നിങ്ങൾ ബലിയറുത്തതിൽനിന്ന് ഭക്ഷിക്കുന്ന പെരുന്നാളാണ്. അബൂ ഉബയ്ദ് പറയുന്നു:ശേഷം അദ്ദേഹം ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാന്റെ കാലത്തും അദ്ദേഹത്തിനു പിന്നിലും ഈദു നമസ്കരിച്ചു. അന്ന് ജുമുഅ ദിവസമായിരുന്നു. അദ്ദേഹം ഖുത്ബയ്ക്കുമുമ്പേ നമസ്കരിപ്പിച്ചു. ശേഷം ജനങ്ങളെ സംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: ജനങ്ങളേ! നിങ്ങൾക്ക് രണ്ടു പെരുന്നാളുകൾ ഒരുമിച്ചുവന്നിട്ടുള്ള ദിവസമാണിത്. മദീനയുടെ പല ദിക്കുകളിൽനിന്ന് വന്നവർ ജുമുഅ നമസ്കരിക്കുന്നതിന് കാത്തിരിക്കാൻ ആഗ്രഹക്കുന്നെങ്കിൽ അങ്ങനെയാവാം. എന്നാൽ, തിരികെ പോകാനാഗ്രഹിക്കുന്നവർക്ക് എന്നിൽനിന്ന് അനുവാദവുമുണ്ടായിരിക്കും.'(സ്വഹീഹുൽബുഖാരി കിതാബുൽ അളാഹാ ഹദീഥ് നമ്പർ 5571–5572)

ഫിഖ്ഹെ അഹ്മദിയ്യായിൽ എഴുതിയ ഇക്കാര്യത്തെ കുറിച്ച് എനിക്കിപ്പോഴും വ്യക്തമായ തെളിവൊന്നും ലഭിച്ചിട്ടില്ല. അതിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ജുമുഅയും പെരുന്നാളും ഒരേ ദിവസം വന്നാൽ പെരുന്നാൾ നമസ്കാരശേഷം ജുമുഅയോ ളുഹ്റോ നമസ്കരിക്കേണ്ടതില്ല. അസ്റിന്റെ നേരത്ത് അസ്ർ നമസ്കരിച്ചാൽ മതി.

അത്വാ ബിൻ അബീ റബാഹ് പറയുന്നു: 'ഒരു ദിവസം ജുമുഅയും ഈദുൽഫിത്റും ഒരുമിച്ചു വന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ(റ)പറഞ്ഞു: ഒരു ദിവസത്തിൽ രണ്ടുപെരുന്നാളുകൾ കൂടിച്ചേർന്നിരിക്കുന്നു. അത് കൂട്ടിച്ചേർത്ത് നമസ്കരിക്കുന്നതായിരിക്കും. അങ്ങനെ രണ്ടിനും കൂടി ഉച്ചയ്ക്കുമുമ്പേ രണ്ടു റക്അത്ത് നമസ്കരിച്ചു. അതിനുശേഷം അസ്ർവരെ ഒന്നും നമസ്കരിച്ചില്ല. അതായത് ആ ദിവസം അസ്ർ മാത്രം നമസ്കിരച്ചു. (ഫിഖ്ഹെ അഹ്മദിയ്യ (ഇബാദാത്ത്)പേജ് 177)

ഇതുസംബന്ധമായി കൂടുതൽ ഗവേഷണങ്ങൾ ആവശ്യമാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഉം ഇതുതന്നെയാണ് പറഞ്ഞിരുന്നത്. ഗവേഷണം നടത്തുകയും ചെയ്തിരുന്നു.(ഖുത്ബാ

ത്തെ ത്വാഹിർ, വാല്യം 6, പേജ് 374, ഖുത്ബ ജുമുഅ 29-5-1987) ഞാൻ കരുതിയിരുന്നത് മുമ്പേയും ഇതേ കുറിച്ച് ഗവേഷണം നടന്നെന്നാണ്. നബി(സ)തിരുമേനിയുടെ തിരുചര്യയിൽ അല്ലെങ്കിൽ കർമങ്ങളിൽനിന്ന് ഇപ്രകാരം അനുവദനീയമായതിനെക്കുറിച്ച് അതായത് ളുഹർ ഒഴിവാക്കിയതിനെക്കുറിച്ച് നേരിട്ടുള്ള തെളിവുകളൊന്നും ലഭിക്കുന്നില്ല. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്റിന്റെ ഈ ഒരു നിവേദനം മാത്രമാണ് ലഭിക്കുന്നത്. അതുകൊണ്ടുതന്നെ ഇതിനെക്കുറിച്ച് കൂടുതൽ പഠനം നടത്തേണ്ടതുണ്ട്. ഫിഖ്ഹ് വീണ്ടും റീവൈസ്(revise) ചെയ്യുന്നുണ്ട്. എന്റെ അഭിപ്രായത്തിൽ ഇക്കാര്യത്തെ കുടുതൽ അവധാനതയോടെ പരിശോധിക്കേണ്ടതുണ്ട്; ളുഹർ നമസ്കരിക്കേണ്ട ആവശ്യമില്ലെന്ന കാര്യം. ജുമുഅ നമസ്കരിക്കേണ്ടതില്ലെന്നത് ശരി തന്നെ. എന്നാൽ, ളുഹ്റും നമസ്കരിക്കേണ്ടതില്ലെന്നതിന് നബി(സ)തിരുമേനിയിൽനിന്ന് നേരിട്ടോ ഖുലഫാഉർറാശിദീങ്ങളിൽനിന്ന് നോരിട്ടോ ഉള്ള നിവേദനമൊന്നും ലഭിച്ചിട്ടില്ല. ഞാൻ ഗവേഷണം ചെയ്യിച്ചതിൽനിന്ന് അത്തരത്തിൽ നമുക്ക് ലഭ്യമായിട്ടില്ല.

ജുമുഅ ദിവസം കുളിക്കുന്നതിനെ സംബന്ധിച്ച് നിവേദനമുണ്ട്. ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്(റ) ജുമുഅ ദിവസം പ്രഭാഷണം നടത്തുകയായിരുന്നു. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ)പ്രവേശിച്ചു. അപ്പോൾ ഹദ്റത്ത് ഉമർ(റ)അദ്ദേഹത്തെ സൂചിപ്പിച്ചുകൊണ്ടു പറഞ്ഞു: ആളുകൾക്കെന്താണ് പറ്റിയത്? അവർ ബാങ്കിനുശേഷവും താമസിച്ചാണ് വരുന്നത്. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ! ഞാൻ ബാങ്കു കേട്ടുടനെ വുളൂ ചെയ്തു വന്നതാണ്.'ഹദ്റത്ത് ഉമർ(റ)പറഞ്ഞു:'വുളു മാത്രം ചെയ്തിട്ടോ? നിങ്ങളിലാരെങ്കിലും ജുമുഅയ്ക്കു വരികയാണെങ്കിൽ കുളിച്ചിട്ട് വരണമെന്ന് നബി(സ)തിരുമേനി പറഞ്ഞിട്ടുള്ളത് കേട്ടിട്ടില്ലേ?'(സ്വഹീഹ് മുസ്ലിം കിതാബുൽജുമുഅ, ഹദീഥ് 1956)

വെള്ളം ലഭ്യമാണെങ്കിൽ, സൗകര്യമുണ്ടെങ്കിൽ കുളി അനിവാര്യമാണ്. ഹദീഥ് പരമ്പരയിൽ മറ്റു സ്വഹാബത്തിനെ അപേക്ഷിച്ച് ഹദ്റത്ത് ഉഥ്മാനിൽനിന്നുള്ള മർഫൂആയ ഹദീഥുകൾ നന്നേ കുറവാണ് നിവദനം ചെയ്യപ്പെട്ടിട്ടുള്ളത്. അദ്ദേഹത്തിന്റെ മൊത്തം നിവേദനങ്ങളുടെ എണ്ണം 146 ആകുന്നു. അവയിൽ മൂന്നെണ്ണം മുത്തഫിഖുൻ അലയ്ഹി ഗണത്തിൽപെട്ടതാണ്. അതായത് ഹദീഥു ഗ്രന്ഥങ്ങളായ ബുഖാരിയിലും മുസ്ലിമിലുമുള്ളത്. ബുഖാരിയൽ വെറും 8 എണ്ണവും മുസ്ലിമിൽ 5 എണ്ണവും മാത്രമാണുള്ളത്. ഇപ്രകാരം സ്വഹീഹയ്നിൽ അദ്ദേഹത്തിന്റേതായി മൊത്തം 16 ഹദീഥുകളുണ്ട്. അദ്ദേഹത്തിന്റെ നിവേദനങ്ങളിലുള്ള കുറവിന്റെ കാരണം അദ്ദേഹം രിവായത്തുകൾ നിവേദനം ചെയ്യുന്നതിൽ അത്യധികം സൂക്ഷ്മത പാലിച്ചിരുന്നു എന്നതാണ്. അദ്ദേഹം പറയുമായിരുന്നു, നബി(സ)തിരുമേനിയിൽനിന്ന് നിവേദനം ചെയ്യുന്നതിൽ തടസമായത്, തന്നെക്കാൾ മറ്റു സ്വഹാബാക്കൾക്ക് കൂടുതൽ ഓർമശക്തി ഉണ്ടായിരുന്നുവെന്നതും തന്റെ ഓർമ ശക്തി അത്ര ശക്തമല്ലാതിരുന്നതും അതുകൊണ്ട് അവരുടെ നിവേദനങ്ങൾ തന്നെക്കാൾ കൂടുതൽ ആധികാരികമായിരിക്കുമെന്നതുകൊണ്ടുമാണ്. അതിനാലാണ് ഞാൻ നിവേദനങ്ങൾ ചെയ്യുന്നതിൽ സൂക്ഷ്മതയെ മുൻനിറുത്തി പരമാവധി വിട്ടു നില്ക്കുന്നത്. തുടർന്ന് അദ്ദേഹം പറയുന്നു: ഞാൻ സാക്ഷ്യം വഹിക്കുന്നു, നബി(സ) തിരുമേനി ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു, ആരാണോ ഞാൻ പറയാത്തത് ഞാൻ പറഞ്ഞുവെന്ന് പറഞ്ഞ് പ്രചരിപ്പിക്കുന്നത് അയാൾ നരകത്തെ തന്റെ സങ്കേതമാക്കിയിരിക്കുന്നു. അതുകൊണ്ട് ഹദ്റത്ത് ഉഥ്മാൻ(റ) ഹദീഥുകൾ റിപ്പോർട്ടു ചെയ്യുന്നതിൽ അതീവ ജാഗ്രത പാലിച്ചിരുന്നു. അബ്ദുർറഹ്മാൻ ബിൻ ഹാത്വിബ് വിവരിക്കുന്നു: ഞാനൊരു സ്വഹാബിയേയും ഹദ്റത്ത് ഉഥ്മാനെക്കാളധികം കാര്യങ്ങൾ പൂർണമായും പറയുന്നവനായി കണ്ടിട്ടില്ല. പക്ഷേ, അദ്ദേഹം ഹദീഥു വിവരിക്കുമ്പോൾ ഭയപ്പെട്ടുകൊണ്ടിരുന്നു.'(സയ്റുസ്സഹാബ, ഖുലഫായെ റാശിദീൻ, ശാഹ് മുയീനുദ്ദീൻ അഹ്മദ് നദ്വി, വാല്യം 1, പേജ് 204)

ഹുംറാൻ ബിൻ അബാൻ പറയുന്നു: ഒരിക്കൽ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ)വുളു എടുക്കാൻ വെള്ളം വരുത്തിച്ചു. കുലുക്കുഴിഞ്ഞു. മൂക്കിൽ വെള്ളം കയറ്റി വൃത്തിയാക്കി. മൂന്നുതവണ മുഖം കഴുകി. കൈപടലം മൂന്നുപ്രാവശ്യം കഴുകി. തലയിലും രണ്ടുപാദങ്ങൾക്കുമീതേയും തടവി. പിന്നീട് അവിടന്ന് ചിരിക്കാൻ തുടങ്ങി. പിന്നീട് തന്റെ കൂടെയുള്ളവരോടു ചോദിച്ചു: 'ഞാനെന്തിനാണ് ചിരിച്ചതെന്ന് നിങ്ങൾ ചോദിക്കുന്നില്ലേ?' അപ്പോൾ അവർ ചോദിച്ചു, 'അമീറുൽമുഅ്മിനീൻ അങ്ങ് എന്തിനാണ് ചിരിച്ചത്?' ഹദ്റത്ത് ഉഥ്മാൻ(റ) പറഞ്ഞു:'ഇതിന്റെ സമീപത്തുനിന്നുകൊണ്ട് അല്ലാഹുവിന്റെ റസൂൽ(സ) ഇതേപോലെ വുളു ചെയ്തതായും ശേഷം ചിരിച്ചതായും ഞാൻ കണ്ടിരുന്നു. തുടർന്ന് 'ഞാനെന്തിനാണ് ചിരിച്ചതെന്ന് നിങ്ങൾ ചോദിക്കുന്നില്ലേ?' എന്ന് അവരോടു ചോദിച്ചു. അപ്പോൾ അവർ ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ! അങ്ങ് എന്തിനാണ് ചിരിച്ചത്? നബി(സ)തിരുമേനി പറഞ്ഞു: 'ഒരു വ്യക്തി വുളുചെയ്യാൻ വെള്ളം വരുത്തിക്കുകയും തന്റെ മുഖം കഴുകുകയും ചെയ്യുമ്പോൾ അവന്റെ മുഖത്താലുണ്ടായ സകല പാപങ്ങളും അല്ലാഹു മാപ്പാക്കുന്നു. പിന്നീട് അവൻ കൈപടലങ്ങൾ കഴുകുമ്പോൾ അപ്രകാരംതന്നെ സംഭവിക്കുന്നു. ശേഷം അവൻ തലതടവുമ്പോഴും കാലു കഴുകുമ്പോഴും അങ്ങനെത്തന്നെ സംഭവിക്കുന്നു.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ,വാല്യം 1, പേജ് 201, മുസനദ് ഉഥ്മാൻ ബിൻ അഫ്ഫാൻ, ഹദീഥ് 415, ആലമുൽകുതുബ് ബെയ്റുത്ത് 1998)

ഈ നിവേദനം വുളുവിനെക്കുറിച്ച് ആദ്യം പറഞ്ഞ നിവേദനത്തോടൊപ്പം വരേണ്ടതായിരുന്നു. എന്തായാലും ഇപ്പോൾ വിവരിക്കപ്പെട്ടു.

ഹദ്റത്ത് ഉഥ്മാന്റെ വിവാഹങ്ങളെക്കുറിച്ചും മക്കളെ കുറിച്ചും നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. അതുപ്രകാരം ഹദ്റത്ത് ഉഥ്മാൻ(റ) എട്ടു വിവാഹമാണ് ചെയ്തിട്ടുള്ളത്. ഇസ്ലാം സ്വീകരിച്ച ശേഷമാണ് ഈ വിവാഹങ്ങളൊക്കെ നടന്നത്. അദ്ദേഹത്തിന്റെ ഭാര്യമാരുടേയും മക്കളുടേയും പേരുകൾ ഇപ്രകാരമാണ്. ഹദ്റത്ത് റുഖ്യാ ബിൻത് റസൂലുല്ലാഹ്(സ), അവരിലാണ് അബ്ദുല്ലാഹ് ബിൻ ഉഥ്മാൻ ജനിച്ചത്. ഹദ്റത്ത് ഉമ്മു കുൽഥൂം ബിൻ റസൂലുല്ലാഹ്(സ). ഹദ്റത്ത് റുഖ്യായുടെ വഫാത്തിനുശേഷം ഹദ്റത്ത് ഉഥ്മാൻ ഇവരെയാണ് വിവാഹം കഴിച്ചത്. ഹദ്റത്ത് ഫാഖ്ത്ത ബിൻ ഗസ്വാൻ. ഇവർ ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാന്റെ സഹോദരിയായിരുന്നു. അവരിൽ അദ്ദേഹത്തിന് ആൺകുഞ്ഞ് പിറന്നു. അദ്ദേഹത്തിന്റെ പേര് അബ്ദുല്ലാഹ് എന്നായിരുന്നു. അദ്ദേഹം അബ്ദുല്ലാഹ് അൽഅസ്ഗർ എന്നും പറയപ്പെടുന്നു. ഹദ്റത്ത് ഉമ്മു അംറ് ബിൻത് ജുൻദബ് അസദിയ്യ. അവരിൽനിന്ന് അംറ്, ഖാലിദ്, അബാൻ, ഉമർ, മർയം എന്നിവർ ജനിച്ചു. ഹദ്റത്ത് ഫാത്വിമ ബിൻത് വലീദ് മഖ്സൂമിയ. അവരിൽനിന്ന് വലീദ്, സയീദ്, ഉമ്മുസയീദ് എന്നിവർ ജനിച്ചു. ഹദ്റത്ത് ഉമ്മുൽബനീൻ ബിൻത് ഉയയ്ന ബിൻ ഹിസ്ന് ഫസാരിയ്യ. ഇവരിലാണ് അബ്ദുൽമലിക് ജനിച്ചത്. ഹദ്റത്ത് റംല ബിൻത് ശയ്ബ ബിൻ റബീയ. ഇവരിലാണ് അദ്ദേഹത്തിന് ആഇശാ, ഉമ്മു അബാൻ, ഉമ്മു അംറ് എന്നീ മക്കൾ ജനിച്ചത്. ഹദ്റത്ത് നാഇല ബിൻത് ഫറാഫിസ ബിൻ അഹ്വസിയ. ഇവർ ആദ്യം ക്രിസ്ത്യാനിയായിരുന്നു. പക്ഷേ, വീടു കൂടുന്നതിനുമുമ്പേ ഇസ്ലാം സ്വീകരിച്ചു. നല്ല മുസ്ലിമായിത്തീർന്നു. അവരിലാണ് ഹദ്റത്ത് ഉഥ്മാന്റെ മകൾ മർയം ജനിച്ചത്. അംബസ എന്നു പേരുള്ള ഒരു മകനുമുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്ത് നടന്നപ്പോൾ ഒരു നിവേദനമനുസരിച്ച് അദ്ദേഹത്തിന്റെ ഈ നാലു ഭാര്യമാർ അദ്ദേഹത്തിന്റെ അടുത്തുണ്ടായിരുന്നു. ഹദ്റത്ത് റംല, ഹദ്റത്ത് നാഇല, ഹദ്റത്ത് ഉമ്മുൽബനീൻ, ഹദ്റത്ത് ഫാഖ്ത്ത. മറ്റൊരു നിവേദനമനുസരിച്ച് ഉപരോധദിനങ്ങളിൽ ഹദ്റത്ത് ഉമ്മുൽബനീനെ ഹദ്റത്ത് ഉഥ്മാൻ ത്വലാഖ് ചൊല്ലിയിരുന്നു.(താരീഖു അത്ത്വബ്രി, വാല്യം 5, പേജ് 200, ദാറുൽഫിക്ർ ബെയ്റുത്ത് 1998) (സീറത്തു അമീറുൽ മുഅ്മിനീൻ ഉഥ്മാൻ ബിൻ അഫ്ഫാൻ, സ്വലാബീ, പേജ് 17, അൽഫസ്ലുൽ അവ്വൽ അൽമുബഹഥുൽഅവ്വൽ ഇസ്മുഹൂ വ നസ്ബുഹൂ വ കുന്നിയ്യത്തുഹൂ.... ദാറുൽമഅ്രിഫ ബെയ്റുത്ത് 2006)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) സൂറത്ത് അന്നൂറിന്റെ വ്യഖ്യാനത്തിൽ പറയുന്നു: അല്ലാഹു പറയുന്നു, ഒന്ന് നൂർ അഥവാ പ്രകാശം മഅ്രിഫത്ത് അഥവാ ഈശ്വരീയ ജ്ഞാനത്തിന്റേതാണ്. അതുമുഖേന നല്ലതും ചീത്തയും തിരിച്ചറിയപ്പെടുന്നു. പ്രഭാതം മുതൽ പ്രദോഷംവരെ ദൈവസ്മരണകൾ ഉയരുന്ന വീടുകളിലാണ് ആ പ്രകാശമുണ്ടാകുക. അവിടെ താമസിക്കുന്നവർ വ്യാപാരികളായിരിക്കും. അവരുടെ വീടുകൾ ചെറുതായിരിക്കും. എന്നാൽ, ഒരുനാൾ അല്ലാഹു അവരുടെ വീടിനെ വലുതാക്കും. വിശുദ്ധ ഖുർആൻ ക്രോഡീകരിച്ചത് ഹദ്റത്ത് അബൂബക്റാണ്. അതിനുശേഷം ഹദ്റത്ത് ഉമറും ഹദ്റത്ത് ഉഥ്മാനുമാണ് അത് പ്രസിദ്ധീകരിച്ചവർ. തുടർന്ന് ഹദ്റത്ത് അലിയും. അദ്ദേഹത്തിൽനിന്ന് യഥാർഥ ആത്മീയജ്ഞാനങ്ങൾ ലോകത്ത് വ്യാപിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു: അല്ലാഹു ഈ റുക്കൂഉകളിൽ ഇപ്രകാരവും പറഞ്ഞിരിക്കുന്നു, അൻസ്വാറിൽ ഖിലാഫത്ത് ഉണ്ടായിരിക്കുകയില്ല. മറിച്ച് മുഹാജിരീങ്ങളിലായിരിക്കും ഉണ്ടാകുക. തുടർന്ന് പറഞ്ഞു: മുസ്ലിമീങ്ങളും കാഫിരീങ്ങളും അവരെ നേരിടുന്നതാണ്. അപ്രകാരം ഹദ്റത്ത് അബൂബക്റിനും എതിർപ്പുണ്ടായി. ചിലർ ഖിലാഫത്തിനെ അംഗീകരിക്കുന്നവരായിരുന്നില്ല. അല്ലാഹു രണ്ടിന്റേയും ഉദാഹരണം നല്കി. ഒരുകൂട്ടർ മരീചിക കണ്ടിട്ട് വെള്ളമാണെന്ന് മനസ്സിലാക്കിയവരായിരിക്കും. രണ്ടാമത്തേത് ശരീഅത്തിന്റെ സമുദ്രത്തിലൂടെ കടന്ന് പോരാടുന്നവരായിരിക്കും. പിന്നീട് അവിടന്ന് പറയുന്നു: അവസാനമെന്താണെന്ന് വച്ചാൽ പക്ഷിമൃഗാദികൾ അവരുടെ ശവങ്ങൾ തിന്നുന്നതായിരിക്കും. ഖുലഫാഉർറാശിദീങ്ങളിൽ ഹദ്റത്ത് അബൂബക്റിന് വളരെ പ്രയാസങ്ങളായിരുന്നു. ഹദ്റത്ത് ഉസാമായുടെ നേതൃത്വത്തിൽ സൈന്യം അയക്കപ്പെട്ടു. അവിടെ അറേബ്യയിൽ നിരന്തരം ആഭ്യന്തരകലഹം വ്യാപിച്ചു. മക്കയിൽ ആളുകൾ കലാപത്തിന് സന്നദ്ധരായിരുന്നു. അവിടെ ഒരു ബുദ്ധിമാനായ വ്യക്തി വന്നു പറഞ്ഞു:നിങ്ങൾ വിശ്വസിക്കുന്നകാര്യത്തിൽ ഏറ്റവും പിന്നിലായിരുന്നു. ഇപ്പോൾ മതപരിത്യാഗികളാകുന്നതിൽ മുൻപന്തിയിലാണുള്ളത്. ആ വ്യക്തി മക്കക്കാരോടാണ് ഇത് പറഞ്ഞത്. അപ്പോൾ അവർ ഒന്നു അടങ്ങി. തുടർന്ന് അദ്ദേഹം പറയുന്നു: *ഇദാ ഫരീഖുൻമ്മിൻഹും മുഅ്രിളൂൻ*(24:49) ഇതിൽ ഏത് സംഘത്തെ കുറിച്ചാണോ പറഞ്ഞത് അവർ ഹദ്റത്ത് അബൂബക്റിന്റെ കാലത്തോ ഹദ്റത്ത് ഉമറിന്റെ കാലത്തോ ഹദ്റത്ത് ഉഥ്മാന്റെ കാലത്തോ ഹദ്റത്ത് അലിയുടെ കാലത്തോ ചുരുക്കത്തിൽ ഒരിക്കലും വിജയികളോ സഹായിക്കപ്പെടുന്നവരോ ആയില്ല. ഈ സംഘം ഒരിക്കലും വിജയിച്ചില്ല. എന്നാൽ, രണ്ടാമത്തെ കക്ഷി *സമിഅ്നാ വ അത്വഅനാ* പറഞ്ഞവർ വിജയികളും സഹായിക്കപ്പെടുന്നവരുമായി. എപ്പോഴും വിജയികളായിക്കൊണ്ടിരുന്നു. വിശുദ്ധ ഖുർആൻ പറഞ്ഞു: *വ ഉലാഇക്കഹുമുൽമുഫ്ലിഹൂൻ.*

അവർ തന്നെയാണ് വിജയികൾ.(2:6) (ഹഖാഇഖുൽഫുർഖാൻ വാള്യം 3, പേജ് 223)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഒരാൾ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉഥ്മാൻ, ഹദ്റത്ത് അലി എന്നിവരുടെ വർണ്ണം സ്വയം ചാർത്താത്തിടത്തോളം മുഅ്മിനും മുസ്ലിമും ആകുകയില്ലെന്ന് എനിക്ക് നല്ലവണ്ണം അറിയാം. അവർ ദുൻയാവിനെ സ്വീകരിച്ചിരുന്നില്ല. മറിച്ച് അവർ തങ്ങളുടെ ജീവിതം ദൈവമാർഗത്തിൽ അർപണം ചെയ്തിരിക്കുകയായിരുന്നു.'(ലക്ചർ ലുധിയാന റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 294)

വീണ്ടും അവിടന്ന് പറയുന്നു: ഹദ്റത്ത് സിദ്ദീഖ് അക്ബർ റളിയല്ലാഹു അൻഹു, ഹദ്റത്ത് ഫാറൂഖ് ഉമർ റളിയല്ലാഹു അൻഹു, ഹദ്റത്ത് ദുന്നൂറയ്ൻ റളിയല്ലാഹു അൻഹു, അതായത് ഹദ്റത്ത് ഉഥ്മാനും(റ) ഹദ്റത്ത് അലി മുർത്തളാ റളിയല്ലാഹു അൻഹുവുമെല്ലാം യഥാർഥത്തിൽ ദീനിൽ അമീൻ അഥവാ വിശ്വസ്തരായിരുന്നു. ഇസ്ലാമിന്റെ രണ്ടാം ആദമായ അബൂബക്ർ(റ) ഉം അതുപോലെ തന്നെ ഉമർ ഫാറൂഖും ഹദ്റത്ത് ഉഥ്മാൻ(റ)നും ദീനിൽ യഥാർഥ വിശ്വസ്തരല്ലായിരുന്നെങ്കിൽ ഇന്ന് നമുക്ക് അത് ദുഷ്കരമായിരുന്നു. വിശുദ്ധ ഖുർആനിലെ ഒരു ആയത്തുപോലും അല്ലാഹുവിൽനിന്നുള്ളതാണെന്ന് പറയാൻ പ്രയാസകരമാകുമായിരുന്നു.'(മക്തൂബാത്തെ അഹ്മദിയ്യ വാള്യം വാള്യം 2, പേജ് 151, കത്ത് നമ്പർ 2, ഹദ്റത്ത് ഖാൻസാഹിബ് മുഹമ്മദലി ഖാൻ സാഹിബിനെഴുതിയത്, പ്രസാധകർ റബ്വ)

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവാണ! അല്ലാഹു ശയ്ഖയ്നേയും(അബൂബക്റും(റ) ഉമറും(റ)) മൂന്നാമതായി ദുന്നൂറയ്നേയും ഇസ്ലാമിന്റെ കവാടങ്ങളും സൃഷ്ടികുലോത്തമനായ മുഹമ്മദ് റസൂലുല്ലായുടെ സൈന്യത്തിന്റെ മുൻനിര പോരാളികളും ആക്കിയിരിക്കുന്നു. അതിനാൽ ആരാണോ അവരുടെ മാഹാത്മ്യത്തെ നിരസിക്കുകയും അവരെ കുറിച്ചുള്ള ദൃഢജ്ഞാനപരമായ കാര്യങ്ങൾ അവഗണിക്കുകയും അവരോടു മര്യാദയോടെ പെരുമാറാതെ എന്നല്ല അവരെ നിന്ദിക്കുകയും അവരെക്കുറിച്ച് ദോഷം പറയുകയും ചെയ്യാൻ ഒരുമ്പിട്ട് നില്ക്കുകയും പരിഹസിക്കുകയും ചെയ്യുന്നത് അത്തരമൊരുവന്റെ ദുർപര്യവസാനവും ഈമാന്റെ കൈമോശവും ഞാൻ ഭയപ്പെടുന്നു. ആരാണോ അവരെ ബുദ്ധിമുട്ടിക്കുകയും ശപിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നത് അത്തരക്കാർ ഒടുക്കം ശിലാഹൃദയരും ദൈവകോപത്തിന് ഇരയാകുന്നവരുമാണ്. ആ വരിഷ്ഠജനങ്ങളോടു വിദ്വേഷവും വെറുപ്പും വച്ചു പുലർത്തുന്നവർ അനുഗ്രഹങ്ങൾ വെളിപ്പെടുത്തുന്ന അല്ലാഹുവുമായി ഏറ്റവുമധികം ബന്ധം വിച്ഛേദിക്കുന്നതിന് നിമിത്തമാകുമെന്ന കാര്യത്തിൽ ഞാൻ പല പ്രാവശ്യവും അനുഭവപരിചയമുള്ളവനും അതേ കുറിച്ച് വ്യക്തമായി വിവരിച്ചിട്ടുള്ളതുമാണ്. അവരുമായി ആര് ശത്രുതപുലർത്തിയാലും അയാൾക്ക് കാരുണ്യത്തിന്റേയും ദയാവായ്പിന്റേയും എല്ലാ വഴികളും കൊട്ടിയടക്കപ്പെടുന്നതായിരിക്കും. അത്തരമൊരുവന് അറിവിന്റേയും ദിവ്യജ്ഞാനത്തിന്റേയും വാതിലുകൾ തുറക്കപ്പെടുകയില്ല. അല്ലാഹു അവരെ ലൗകികമായ ആനന്ദങ്ങളിലും ആസക്തികളിലും ഉപേക്ഷിക്കുന്നതും ശാരീരികേച്ഛകളുടെ ഗർത്തത്തിൽ വീഴ്ത്തുന്നതുമാണ്. അയാളെ തന്റെ (സന്നിധാനത്തുനിന്ന്)വിദൂരസ്ഥനും ഹതഭാഗ്യനുമാക്കുന്നതാണ്.'(സിർറുൽഖിലാഫ, ഉർദു തർജമ പ്രസാധകർ നളാറത്ത് ഇശാഅത്ത് റബ്വ പേജ് 28–29)

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നബി(സ)തിരുമേനിക്കുശേഷം ഇസ്ലാമിനുണ്ടായ അഭിവൃദ്ധിയെല്ലാം അസ്ഹാബെ ഥലാഥയിലുള്ള സ്വഹാബാക്കളാൽ തന്നെയാണുണ്ടായത്.'(മൽഫൂദാത്ത് വാള്യം 6 പേജ് 414)അതായത് ഹദ്റത്ത് അബൂബക്ർ(റ),ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ)മുഖേന.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ശിയാക്കളെ ഉദ്ധരിച്ചുകൊണ്ട് പറയുന്നു: 'നാം നിങ്ങളുടെ അസഭ്യവർഷത്തെകുറിച്ച് എന്തു പരിഭവം ബോധിപ്പിക്കാനാണ്? നിങ്ങൾ ഏറെക്കുറെ സകല സ്വഹാബാക്കളേയും ഭത്സിക്കുന്നുണ്ടല്ലോ? നിങ്ങൾ വിശ്വാസികളുടെ മാതാക്കളായ നബി(സ)തിരുമേനിയുടെ പത്നിമാരേയും ശാപവാക്കുകളാൽ സ്മരിക്കുന്നു. പോരാത്തതിന് ദൈവഗ്രന്ഥത്തിൽ ഏറ്റക്കുറച്ചിൽ നടത്തപ്പെട്ടതായി ധരിച്ചുവശായിരിക്കുന്നു. എന്നിട്ട് അത് ഉഥ്മാന്റെ കുറിപ്പുകളാണെന്നും ദൈവപ്രോക്തമല്ലെന്നും പറയുകയും ചെയ്യുന്നു. തരിശുഭൂമിയായി അതായത് ദൈവസാമീപ്യമില്ലാത്ത ഒരു വിജന ഭൂമിയായി നിങ്ങൾ ഇസ്ലാമിനെ കണക്കാക്കിയിരിക്കുന്നു.' തുടർന്നു പറയുന്നു: 'അല്ലയോ അതിരു കടക്കുന്നവരേ! നിങ്ങളുടെ കൈകളിൽ ഇനി എന്തു അന്തസാണ് അവശേഷിച്ചിട്ടുള്ളത്?'(ഹുജ്ജത്തുല്ലാഹ്, റൂഹാനീ ഖസാഇൻ വാള്യം 12, പേജ് 184–185)

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എനിക്ക് എന്റെ നാഥന്റെ പക്കൽനിന്നു ഖിലാഫത്തിനെക്കുറിച്ച് ഗവേഷണാടിസ്ഥാനത്തിലുള്ള പാഠം നല്കപ്പെട്ടിരിക്കുന്നു. ഞാൻ ഗവേഷകന്മാരെപ്പോലെ ഈ യാഥാർഥ്യത്തിന്റെ അടിത്തട്ടിലെത്തിയിരിക്കുന്നു. എന്റെ നാഥൻ എന്നിൽ സിദ്ദീഖും ഫാറൂഖും ഉഥ്മാനും (റളിയല്ലാഹു അൻഹും) സാത്വികരും സത്യവിശ്വാസികളുമായിരുന്നുവെന്ന് വെളിപ്പെടുത്തി. അവർ അല്ലാഹു തിരഞ്ഞെടുത്തവരിലും കാരുണ്യവാന്റെ അനുഗ്രഹങ്ങളാൽ പ്രത്യേകമാക്കപ്പെട്ടവരിലും ഉൾപ്പെടുന്നു. ജ്ഞാനീവര്യന്മാരിൽ പലരും അവരുടെ ഗുണമാഹാത്മ്യങ്ങളെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവർ ആദരവുടയവനും അതിശ്രേഷ്ഠനുമായ ദൈവത്തിന്റെ സംപ്രീതിക്കായി സ്വദേശം വെടിയുകയും യുദ്ധത്തിന്റെ തീച്ചൂളയിൽ കടക്കുകയും അത്യുഷ്ണ കാലത്തെ മധ്യാഹ്നച്ചൂടിനേയും അതിശൈത്യകാലത്തുള്ള രാത്രിയിലെ കൊടുംതണുപ്പിനേയും വകവെക്കാതിരിക്കുകയും ചെയ്തു. മറിച്ച് ഇളംമുറക്കാരായ യുവാക്കളെപ്പോലെ ദീനിന്റെ പാതയിൽ മതിമറന്നു സഞ്ചരിച്ചു. സ്വന്തക്കാരിലേക്കും അന്യരിലേക്കും അവർ ആകർഷിക്കപ്പെട്ടില്ല. പ്രപഞ്ചനാഥനുവേണ്ടി എല്ലാവരോടും യാത്രാമൊഴിചൊല്ലി. അവരുടെ കർമങ്ങളിൽ സുഗന്ധവും അവരുടെ പ്രവർത്തനങ്ങളിൽ സൗരഭ്യവുമുണ്ട്. ഇക്കാര്യമെല്ലാം അവരുടെ സ്ഥാനമാനങ്ങളുടെ തോപ്പുകളിലേക്കും നന്മകളുടെ മലർവാടികളിലേക്കും നമുക്കു മാർഗദർശനമാകുന്നു. അവരുടെ മന്ദമാരുതി അതിന്റെ സുഗന്ധഭരിതമായ വായുപ്രവാഹത്തിലൂടെ അവരുടെ രഹസ്യങ്ങളെ വിളിച്ചോതുന്നു. അവരുടെ പ്രകാശകിരണങ്ങൾ അതിന്റെ പൂർണ പ്രഭയോടെ നമുക്കു മുമ്പിൽ വെളിപ്പെടുന്നു. അതിനാൽ അവരുടെ സുഗന്ധത്തിന്റെ സൗരഭ്യത്താൽ അവരുടെ സ്ഥാനമാഹാത്മ്യത്തിന്റെ തിളക്കം ഗ്രഹിക്കുന്നതായിരിക്കും. ധിറുതി കാണിച്ച് ദുർഭാവനകളെ പിൻപറ്റാതിരിക്കുവിൻ. ചില ഒറ്റപ്പെട്ട നിവേദനങ്ങളെ മാത്രം ആശ്രയിച്ചിരിക്കരുത്. എന്തെന്നാൽ അവയിൽ വളരെയധികം വിഷവും വൻചതിയുമുണ്ട്. അവ വിശ്വാസയോഗ്യമല്ല. അവയിൽ ഒരുപാട് നിവേദനങ്ങൾ കീഴ്മേൽ മറിക്കുന്ന കൊടുങ്കാറ്റിനും മഴപെയ്യുമെന്ന് മിഥ്യാധാരണ നല്കുന്ന മിന്നലിനും സദൃശ്യമാണ്. അതിനാൽ അല്ലാഹുവിനെ ഭയക്കുവിൻ. ഇത്തരം നിവേദനങ്ങളെ പിൻപറ്റുന്നവരിൽ ഉൾപ്പെടാതിരിക്കുവിൻ.'(സിർറുൽഖിലാഫ, ഉർദു തർജമ പ്രസാധകർ നളാറത്ത് ഇശാഅത്ത് റബ്വ പേജ് 25–26)

ഇതോടെ ഹദ്റത്ത് ഉഥ്മാൻ(റ)നെ കുറിച്ചുള്ള അനുസ്മരണം അവസാനിക്കുകയാണ്. ഹദ്റത്ത് ഉമറിനെക്കുറിച്ചുള്ള അനുസ്മരണം ഇൻശാഅല്ലാഹ് വരും ഖുത്ബകളിൽ പരാമർശിക്കുന്നതായിരിക്കും.

ഇന്ന് ഇനി പറയാനുള്ളത് 'അൽഇസ്ലാം' ഖുർആൻ സർച്ചിന്റെ ഒരു പുതിയവെബ്സൈറ്റിന്റെ ആദ്യത്തെ വെർഷൻ(version) തയ്യാറായിട്ടുള്ള കാര്യമാണ്. HolyQuran.io എന്നാണ് പേര്. അൽഇസ്ലാമിൽനിന്നു വേറിട്ടുതന്നെ ഈ വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. ഏതു സൂറത്തിനേയും ആയത്തിനേയും പദത്തേയും ഉള്ളടക്കത്തേയും അറബി ഇംഗ്ലീഷ് ഉർദു എന്നീ ഭാഷകളിൽ ഒരു ആധുനികമായ സർച്ച് എഞ്ചിൻ മുഖേന തിരഞ്ഞു കണ്ടെത്താനാകുന്നതാണ്. അന്വേഷണഫലമായി അഹ്മദികളുടേയും അനഹ്ദികളുടേയും പരിഭാഷകളും കാണാൻ സാധിക്കുന്നതാണ്. ഓരോ ആയത്തിനോടുമൊപ്പം അതിന്റെ വ്യാഖ്യാന വിഷയവിവരം, അതുമായി ബന്ധപ്പെട്ട ഇതര ആയത്തുകൾ എന്നിവ കാണാനും സാധിക്കും. കൂടുതൽ കണ്ടന്റിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. ഇൻശാ അല്ലാഹ് ഇതിന്റെ അടുത്ത ഭാഗം യു.കെ.വാർഷികസമ്മേളനം 2021 ആകുമ്പോഴേക്കും തയ്യാറാകുന്നതായിരിക്കും. അതിനുപുറമെ അൽഇസ്ലാമിന്റെ വെബ്സൈറ്റിൽത്തന്നെ ഖുർആൻ പാരായണത്തിനും അതു ശ്രവിക്കാനും അന്വേഷണത്തിനുമായി readquran.app ന്റെ പുത്തൻ മനോഹരമായ വേർഷനും തയ്യാറാക്കപ്പെട്ടിട്ടുണ്ട്. അതിൽ ഇംഗ്ലീഷ് കമന്ററിയോടൊപ്പം തഫ്സീർ സ്വഗീറിന്റെ നോട്ട്സും ഇംഗ്ലീഷ് പദാനുപദ തർജമയും വിഷയങ്ങളെ കുറിച്ചുള്ള ഇന്റക്സും ഒട്ടനവധി പ്രയോജനകരമായ കൂട്ടിച്ചേർക്കലുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ദിനേനയുള്ള വിശുദ്ധ ഖുർആൻ പാരായണം മുഖേന അവ വളരെ ഉപകാരപ്രദമായിരിക്കും. ഈ പ്രൊജക്റ്റ് മുഖേന പരിശുദ്ധ ഖുർആനിന്റെ സുന്ദരാധ്യാപനങ്ങളെ ലോകത്ത് പ്രചരിപ്പിക്കാനും ജമാഅത്തംഗങ്ങൾക്കും അവയിൽനിന്ന് പൂർണമായും പ്രയോജനമുൾക്കൊള്ളാനും സർവശക്തനായ അല്ലാഹു തുണയ്ക്കുമാറാകട്ടെ.

ഇതിനോടൊപ്പം ഞാൻ പാക്കിസ്താനിലെ അഹ്മദികൾക്കുവേണ്ടിയും ദുആയ്ക്ക് അപേക്ഷിക്കുകയാണ്. അല്ലാഹു അവരുടെ സ്ഥിതികളും മെച്ചപ്പെടുത്തുകയും അവർക്ക് എളുപ്പം പ്രദാനം ചെയ്യുകയും ചെയ്യുമാറാകട്ടെ. അപ്രകാരംതന്നെ

**അമീറുൽമുഅ്മിനീന്റെ ഉപദേശം**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.' (ജുമുഅ ഖുത്ബ 4–10–2019)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

**അമീറുൽമുഅ്മിനീന്റെ ഉപദേശം**

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

അൽജീരിയായിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് സ്ഥൈര്യം പ്രദാനം ചെയ്യുമാറാകട്ടെ. അവരുടെ അവസ്ഥയിൽ മാറ്റം വരുത്തുമാറാകട്ടെ.

ഇനി ഞാൻ ചില ജനാസകളെ കുറിച്ചും പരേതാത്മക്കളെ കുറിച്ചും പറയുന്നതാണ്. അവരുടെ ജനാസഗാഇബ് നമസ്കരിപ്പിക്കുന്നതുമാണ്. ഇപ്പോൾ ധാരാളം അപേക്ഷകൾ വരുന്നുണ്ട്. ഇവിടെ എല്ലാവരേയും കുറിച്ച് പരാമർശിക്കുകയും വായിച്ചു കേൾപ്പിക്കുകയും ചെയ്യുകയെന്നത് ദുഷ്കരമാണ്. എന്തായാലും ചിലരെക്കുറിച്ച് ഞാൻ ഇവിടെ അനുസ്മരിക്കുന്നതായിരിക്കും. ബാക്കിയുള്ളവരേയും അവരുടെ പേരുകൾ പരാമർശിക്കാതെതന്നെ ഇക്കൂട്ടത്തിൽ ഞാൻ ഉൾപ്പെടുത്തുകയാണ്. അല്ലാഹു അവരോടെല്ലാം പൊറുമയോടും കരുണയോടുംകൂടി പെരുമാറട്ടെ. അനുസ്മരിക്കുന്നവരെകുറിച്ച് ഞാനിപ്പോൾ കേൾപ്പിക്കുന്നതാണ്. അതിൽ ആദ്യത്തേത് ദുർഗാറാംപൂരിലെ മുഹമ്മദ് സ്വാദിഖ് സാഹിബാണ്. ബംഗ്ലാദേശിലെ ഡാക്കക്കാരനാണ്. 2020 നവംബർ 14 ന് 75-ാം വയസ്സിലാണ് വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

മറ്റു ചുമതലകൾക്കു പുറമെ പരേതൻ ദീർഘകാലം നാഷണൽ സെക്രട്ടറി വഖ്ഫെ നൗ ആയി സേവനം അനുഷ്ഠിച്ചു. വാഖ്ഫീനെ നൗ രക്ഷാകർത്താക്കൾക്ക് ക്ലാസുകൾ സംഘടിപ്പിക്കാൻ ദൂരത്തുള്ള ജമാഅത്തുകളിൽ സ്ഥിരമായി പര്യടനം നടത്തുമായിരുന്നു. പതിവായി മസ്ജിദിൽ പോകുമായിരുന്നു. രോഗം മൂർച്ഛിച്ച് നിർബന്ധിതാവസ്ഥയാകുംവരെ അതു തുടർന്നു. പരേതൻ മൂസിയായിരുന്നു. സന്തപ്തകുടുംബത്തിൽ ഭാര്യയ്ക്കുപുറമെ മൂന്നു ആൺമക്കളും ഒരു മകളുമുണ്ട്.

അടുത്ത ജനാസ ദാറുൽയമൻ റബ്‌വയിലെ റശീദ് അഹ്മദ് അഢ്വൽ സാഹിബിന്റെ ഭാര്യ മുഖ്ത്താറ ബീബീ സാഹിബയുടേതാണ്. ഇവർ ബുർക്കിനോ ഫാസോയിലെ ജാമിഅ മുബശ്ശിരീൻ പ്രിൻസിപ്പാൾ നയീം ബാജ്വ സാഹിബിന്റെ ഭാര്യാമാതാവാണ്. ജനുവരി 16 നാണ് ഇവർ വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ലജ്ന ദാറുൽയമൻ വെസ്റ്റിലെ പ്രവർത്തക സമിതിയിൽ മൊത്തം 17 വർഷം ഇവർക്ക് സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. വിവിധ രാജ്യങ്ങളിൽ ഇവർക്ക് ധനത്യാഗം ചെയ്യാൻ ഭാഗ്യമുണ്ടായി. ലക്ഷങ്ങളാണ് ഇവർ ത്യാഗം ചെയ്തത്. മരണത്തിന് ഏതാനും മണിക്കൂർ മുമ്പേപോലും കണ്ണു തുറന്നപ്പോൾ എന്റെ വളകളെവിടെ എന്നു ചോദിക്കുകയും മകനോടു അതു വിറ്റ് തുക സ്വദ്സാഹിബിനെ ഏല്പിച്ച് വരിക എന്ന് പറയുകയും ചെയ്തു. അത് ഏകദേശം മൂന്നരലക്ഷം രൂപയുടേതായിരുന്നു. അതുകൊണ്ട് എം.ടി.എ യ്ക്കുവേണ്ടി സംവിധാനമുണ്ടാക്കുകയും ഡിഷുകകൾ സ്ഥാപിക്കുകയും ചെയ്തു.

അവരുടെ രണ്ട് ആൺമക്കൾ 1995 ൽ ജർമനിയിൽ കാർ അപകടത്തിൽ മരിച്ചിരുന്നു. വളരെ ധൈര്യസമേതം ആ ആഘാതത്തെ അവർ മറി കടന്നു. ഒരിക്കലും ആ വിപത്തിനെ കുറിച്ച് സംസാരിക്കുകയോ പരിഭവപ്പെടുകയോ ചെയ്തിരുന്നില്ല. അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ച് ആ വിപത്ത് അവർ സഹിച്ചു. തബ്‌ലീഗ് രംഗത്ത് താൽപര്യവും ആവേശവുമുണ്ടായിരുന്നു. റബ്‌വയുടെ പ്രാന്തപ്രദേശങ്ങളിലെ ഗ്രാമങ്ങളിലേക്ക് ദൂരയാത്ര ചെയ് ത് തബ്‌ലീഗിനു പോകുമായിരുന്നു. പരിശുദ്ധ ഖുർആനെ അങ്ങേയറ്റം സ്നേഹിച്ചിരുന്നു. പതിവായി പാരായണം ചെയ്യുന്നതിനോടൊപ്പം പ്രദേശവാസികളായ കുട്ടികൾക്കും വിശുദ്ധ ഖുർആനും യസ്സർനൽ ഖുർആനും പഠിപ്പിച്ചിരുന്നു. പരേത മൂസിയായിരുന്നു. ഒരു മകനും നാലു പെൺമക്കളുമുണ്ട്. മൂന്നു പെൺകുട്ടികൾ ലണ്ടനിലും മകൻ ബുർക്കിനോ ഫാസോയിലുമാണ്. ഇവിടെയുള്ള പെൺമക്കളും ജമാഅത്തിനെ സേവിക്കുന്നുണ്ട്. അല്ലാഹു പരേതയ്ക്ക് മഗ്ഫിറത്തു നല്കുമാറാകട്ടെ.

അടുത്ത ജനാസ മൻളൂർ അഹ്മദ് ശാദ് സാഹിബിന്റേതാണ്. ജനുവരി 17 ന് 87-ാം വയസ്സിലാണ് അദ്ദേഹം വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് അദ്ദേഹത്തിന്റെ പിതാവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയുമായ ഹദ്റത്ത് മിയാൻ അബ്ദുൽകരീം സാഹിബ് മുഖേനയാണ്. 1903-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) കറംദീനിന്റെ കേസുമായി ബന്ധപ്പെട്ട് ഝലമിൽ പോയപ്പോഴാണ് ബയ്അത്ത് നടന്നത്. ശാദ് സാഹിബ് 1956-ൽ കറാച്ചിയിലേക്ക് സ്ഥലം മാറി. കറാച്ചി ജില്ലാ ഖാഇദായി അവിടെ സേവിക്കാനുള്ള തൗഫീഖ് കിട്ടി.1984-ൽ ഹദ്റത്ത് ഖലീഫത്തൽമസീഹ് നാലാമനെ 'സക്കറിൽ' സ്വീകരിക്കാനെത്തിയ സ്വാഗതസംഘത്തിൽ ഇദ്ദേഹവുമുണ്ടായിരുന്നു. അദ്ദേഹം ഹുദൂർ മടങ്ങിപ്പോകുംവരെ എയർപോർട്ടിൽത്തന്നെ തുടരുകയുണ്ടായി. 2010 ലാണ് ലണ്ടനിലേക്ക് താമസം മാറ്റിയത്. ഇവിടെ ബയത്തുൽഫുത്തൂഹ് ഹോമിയോ ഡിസ്പൻസറിയിൽ സ്ഥിരമായി സേവനം ചെയ്തിരുന്നു. വഫാത്തുസമയത്ത് അദ്ദേഹം നോർബറി(Norbury) ജമാഅത്തിൽ തർബിയ്യത്ത് സെക്രട്ടറിയും തർബിയ്യത്ത് നൗ മുബായീൻ സെക്രട്ടറിയുമായിരുന്നു. ജമാഅത്തിനെ ഒരുപാട് സേവിക്കാനുള്ള തൗഫീഖ് അദ്ദേഹത്തിന് കിട്ടി. മൂസിയായിരുന്നു. അദ്ദേഹത്തിന്റെ രണ്ടു പൗത്രന്മാരും ഒരു ദൗഹിത്രനും മുറബ്ബിയാണ്. ഇവിടെ യു.കെ.യിൽ സേവനം ചെയ്യാൻ അവർക്ക് തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുന്നു. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും റഹ്മത്തോടുംകൂടി പെരുമാറട്ടെ.

അടുത്ത ജനാസ യു.എസ്.എയിലെ അബ്ദുർറഹ്മാൻ സലീം സാഹിബിന്റെ ഭാര്യ ഹമീദ അഖ്തർ സാഹിബയുടേതാണ്. ജനുവരി 19 ന് 92-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹു പരേതയ്ക്ക് നീണ്ടകാലം ഏകദേശം 50 വർഷം ലജ്ന ഇമാഇല്ലാഹ് കറാച്ചിയിലും റാവൽപിണ്ടിയിലും സേവനം ചെയ്യാൻ തൗഫീഖ് നല്കി. ജനറൽ സെക്രട്ടറിയായും ലജ്ന സ്വദ്റായും നിഗ്രാൻ ഖിദ്മത്തെ ഖൽഖായും സേവനമനുഷ്ഠിച്ചു. ഖിലാഫത്തിനെ അങ്ങേയറ്റം സ്നേഹിച്ചിരുന്നു. ഖിലാഫത്തിനോടു ആത്മാർഥ ബന്ധം പുലർത്താൻ മക്കളേയും ഉപദേശിച്ചിരുന്നു. അഞ്ചുനേര നമസ്കാരവും തഹജ്ജുദും ജീവിതകാലം മുഴുവൻ കൃത്യതയോടെ അനുഷ്ഠിച്ചു. ഖുർആൻ പാരായണം ചെയ്യാനും പഠിപ്പിക്കാനുമുള്ള പ്രത്യേകസംവിധാനം ഏർപ്പെടുത്തുമായിരുന്നു. അവർ സ്വന്തം മക്കളേയും അവരുടെ മക്കളേയും വിശുദ്ധ ഖുർആൻ പഠിപ്പിച്ചു. ഉംറ ചെയ്യാനും തൗഫീഖ് കിട്ടി. മൂസിയാ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ 5 ആൺമക്കളും രണ്ടു പെൺമക്കളുമാണുള്ളത്. അവരുടെ മക്കളിലും പലരും ദീനീസേവകരാണ്. വിവിധ നിലകളിലായി ജമാഅത്തിനെ സേവിക്കാൻ അവർക്ക് തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുന്നു. ഡോക്ടർ അബ്ദുസ്സലാം സാഹിബും ഡോക്ടർ ഖലീഖ് മലിക്കു സാഹിബുമെല്ലാം നല്ല നിലയിൽ സേവനം അനുഷ്ഠിച്ചുവരുന്നു. അല്ലാഹു പരേതയോടു മഗ്ഫിറത്തോടും റഹ്മത്തോടുംകൂടി പെരുമാറട്ടെ.

അടുത്ത ജനാസ നാസിർ പീറ്റർ ലുട്ട്സിൻ(Nasir Peter Lutzin)സാഹിബിന്റേതാണ്. ജർമൻ അഹ്മദിയാണ്. ജനുവരി 20 ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ മകൾ വിവരിക്കുന്നു: 1983-ൽ എന്റെ മാതാപിതാക്കൾ ഹേൺഓവർ പട്ടണത്തിലെ സെൻട്രൽ മാർക്കറ്റിലൂടെ പോകുകയായിരുന്നു. അപ്പോൾ അവിടെ ഒറ്റമേശ വെച്ചിരുന്ന ഒരു സ്റ്റാളിൽ അവരുടെ ദൃഷ്ടി പതിച്ചു. അതിൽ ചില ലഘുലേഖകളുണ്ടായിരുന്നു. അതിനു പിന്നിൽ ഒന്നുരണ്ടു വിദേശീയുവാക്കളും നിൽപുണ്ടായിരുന്നു. അവരെ മാതാപിതാക്കൾ പരിചയപ്പെട്ടു. അപ്പോൾ അവർക്ക് ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ പ്രബോധന സ്റ്റാളാണ് അതെന്ന് മനസ്സിലായി. അവർ ആ യുവാക്കളോടു ചില ചോദ്യങ്ങളും ചോദിച്ചു. ചില സാഹിത്യങ്ങളും വാങ്ങി വന്നു. അവ വായിച്ചതിനുശേഷം അവർ വീണ്ടും അവരുമായി ബന്ധപ്പെടുകയും നേരിട്ടു കാണുകയും ചെയ്തു. ആ മൂന്നു അഹ്മദികളും അവരെ ഭക്ഷണത്തിന് ക്ഷണിച്ചു. റമളാൻ മാസമായിരുന്നു. നോമ്പുതുറക്കാനായി എന്റെ മാതാപിതാക്കൾ അവരുടെ വീട്ടിൽപ്പോയി. അവർ നിലത്ത് പഴയ പത്രത്താളുകൾ വിരിച്ച് ഭക്ഷണം നിരത്തി. ഇരിക്കാൻ ഒന്നുമുണ്ടായിരുന്നില്ല. നിലത്തെ മാറ്റിൽ പത്രം വിരിച്ച് ഭക്ഷണം നിരത്തി വെച്ചതായിരുന്നു. എന്റെ മാതാപിതാക്കൾക്ക് ആ ഭക്ഷണം വളരെ ഇഷ്ടപ്പെട്ടു. എന്നാൽ, അതിലുപരിയായി അവരുടെ ലാളിത്യവും അതിഥിസൽക്കാരവും അവർക്ക് ബോധിച്ചു. അതായിരുന്നു കൂടുതൽ ആസ്വാദ്യകരമായത്. തുടർന്നു മകൾ പറയുന്നു: ഭക്ഷണം ശേഷം അവർ സംസാരിച്ചിരുന്നു. പിന്നീട് വീട്ടിലേക്ക് വരവുംപോക്കും തുടർന്നു. കുറച്ചു മാസങ്ങളോളം വായനയും ഗവേഷണവും നടത്തിയ ശേഷം പറയുന്നു, 1984-ൽ എന്റെ മാതാപിതാക്കൾ ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. അതു പെരുന്നാളിന്റെ അവസരമായിരുന്നു. അവർ പറയുന്നു: തദ്ദേശവാസികളായ സുഹൃത്തുക്കളുമൊത്ത് നാസിർ സാഹിബ് ഹംബർഗിലേക്ക് പോയി. അവിടെവച്ച് ബയ്അത്തു ചെയ്യാനുള്ള തൗഫീഖ് കിട്ടി. ഒരു വാർഷിക സമ്മേളനത്തിൽ പ്രസംഗിക്കാനും അദ്ദേഹത്തിനു ഭാഗ്യമുണ്ടായി. എന്റെ മാതാവിന് മതകാര്യത്തിൽ സവിശേഷമായ അഭിരുചിയായിരുന്നു. സത്യമതത്തിന്റെ അന്വേഷണത്വര അവരെ അഹ്മദിയ്യത്തിലേക്ക് ഹഠാദാകർഷിച്ചു. അപ്രകാരം അവർക്ക് ജീവൽദൈവവുമായും ബന്ധമുണ്ടായി. ദുആ സ്വീകാര്യതയുടെ ദൃഷ്ടാന്തം പല തവണ അവർ ദർശിച്ചു. അല്ലാഹുവും അവർക്ക് ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തികൊണ്ടിരുന്നു. 1986 ലെ ജൽസാസാലാന യു.കെയിൽ പങ്കെടുത്തപ്പോൾ പെട്ടെന്ന് അവരുടെ കാഴ്ച ഒരു പരിധിവരെ തിരികെ ലഭിച്ചു. ആ കണ്ണ് പൂർണമായും അടഞ്ഞുപോയതായിരുന്നു. പിന്നീട് അല്പാല്പമായി കാഴ്ച കിട്ടാൻ തുടങ്ങി. അവർ പറയുന്നു: ഒരു കണ്ണിന്റെ കാഴ്ച പൂർണമായും ഇല്ലാതായതിനുശേഷം ഇപ്രകാരം സംഭവിക്കുന്നത് അത്ഭുതദൃഷ്ടാന്തത്തെക്കാൾ ഒട്ടും കുറവല്ല. 11 വർഷം കാഴ്ച നഷ്ടമായി തുടർന്ന ശേഷമാണ് ഈ അത്ഭുതം സംഭവിച്ചത്. അത് ജൽസയ്ക്കുവന്ന് ദുആ ചെയ്തതിന്റെ ബർക്കത്തുകൊണ്ടാണ് സംഭവിച്ചത്.

പിന്നീട് അവർ ലണ്ടനിലെ ഒരു ജർമൻ അഹ്മദിയായ ഖദീജ സാഹിബയുടെ വീട്ടിലാണ് താമസച്ചത്. മകൾ പറയുന്നു: എന്റെ മാതാപിതാക്കൾ ഒരിക്കൽ ആ വീട്ടിൽനിന്ന് നടക്കാനായി പുറത്തിറങ്ങി കുറേ ദൂരം താണ്ടി. തിരികെ വരാനുള്ള വഴി മറന്നുപോയി. ഇരുട്ട് പരക്കുന്തോറും അവരുടെ പരിഭ്രമവും വർധിച്ചു. ട്രാഫിക് വളരെ കൂടുതലായിരുന്നു റോഡിലായിരുന്നു നിന്നിരുന്നത്. എവിടെയാണ് നിൽക്കുന്നതെന്ന ഒരു ധാരണയുമുണ്ടായിരുന്നില്ല. ഇരുട്ട് കൂടുതൽ വ്യാപിക്കുകയും വഴി മറക്കുകയും ചെയ്തപ്പോൾ എന്റെ മാതാവ് പറഞ്ഞു: 'വരിക നമുക്ക് ദുആ ചെയ്യാം.' ദുആ അവസാനിച്ചപ്പോൾ ഖദീജ സാഹിബയുടെ മരുമകൻ വണ്ടിയുമായി മുന്നിൽ നില്ക്കുന്നു. വണ്ടിയിൽ കയറാൻ പറഞ്ഞു. ഞാൻ നിങ്ങളെ വീട്ടിൽ കൊണ്ടുപോയി വിടാം. ദുആ സ്വീകാര്യതയുടെ ആ ദൃശ്യം അവരുടെ ഈമാനിൽ കൂടുതൽ നവോന്മേഷവും ദൃഢതയും ഉളവാക്കി.

ജർമനി മുറബ്ബി ലഈഖ് മുനീർ സാഹിബ് എഴുതുന്നു:'ലുട്ട്സിൻ സാഹിബിന്റെ മുഴുവൻ കുടുംബവും അഹ്മദികളായിരുന്നു. അപ്പോൾ ഞങ്ങൾ

പറയുമായിരുന്നു, ഇത് ഏക ജർമൻ അഹ്മദി കുടുംബമാണെന്ന്. വളരെ ആത്മാർഥനും മിതഭാഷിയും മാന്യദേഹവുമായിരുന്നു. ലുട്ട്സിൻ സാഹിബ് ധനത്യാഗത്തിലും മുൻപന്തിയിലായിരുന്നു. തബ്‌ലീഗ് പരിപാടികളിൽ പ്രസംഗിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ പേരു പറഞ്ഞാൽ അദ്ദേഹത്തിന്റെ കണ്ണുകൾ നിറയുമായിരുന്നു. ഒരു തബ്‌ലീഗ് മീറ്റിംഗിൽ പരേതൻ ഇസ്‌ലാമികാധ്യാപനങ്ങളെ എത്ര മനോഹരമായ നിലയിൽ അവതരിപ്പിച്ചുവെന്നാൽ 70 വയസ്സുള്ള ഒരു ജർമൻകാരൻ എന്റെയടുത്തു വന്നു പറഞ്ഞു;ഇസ്‌ലാമിനെക്കുറിച്ച് ഇന്ന് എനിക്കു ലഭിച്ച അറിവുകൾ മുമ്പേയൊരിക്കലും ലഭിച്ചിട്ടില്ല. അല്ലാഹു പരേതനോടു മഗ്ഫിറത്തോടും റഹ്മത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കളേയും പൂർവാധികം ഉറപ്പോടെ ജമാഅത്തിൽ ഉറപ്പിച്ചു നിറുത്തുമാറാകട്ടെ.

അടുത്ത ജനാസ ജാമിയ റബ്‌വയുടെ വൈസ് പ്രിൻസിപ്പാളും ജമാഅത്തിന്റെ മുറബ്ബിയുമായ ഖലീൽ അഹ്മദ് തൻവീർ സാഹിബിന്റെ ഭാര്യ റളിയ തൻവീർ സാഹിബ കനഡയുടേതാണ്. ജനുവരി 27 ന് 56–ാം വയസ്സിൽ കനഡയിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. ക്യാൻസറായിരുന്നു. പരേതയ്ക്ക് ചെറുപ്പംമുതലേ ദീനീ പ്രവർത്തനങ്ങളിൽ വളരെയധികം താൽപര്യമായിരുന്നു. അതു മരണംവരെ നിലനിന്നു. 22 വർഷം ലജ്ന ഇമാഇല്ലാഹ്(പാകിസ്താൻ)ഓഫീസിലും മിസ്ബാഹ് മാസിക ഓഫീസിലും വിവിധ വകുപ്പുകളിൽ റൈറ്റർ, അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ സേവനം ചെയ്തു. രോഗബാധ ഉണ്ടാകുന്നതുവരെ ഇത് തുടർന്നു. ഹദ്റത്ത് ഛോട്ടി ആപ്പ സാഹിബയോടൊപ്പം ഒരുപാട് സേവനങ്ങൾ ചെയ്യാനും തൗഫീഖ് ലഭിച്ചു. ഒരുപാട് പഠിക്കാനും സാധിച്ചു. അവരുടെ ദുആകൾ ലഭിക്കാനും വഴിയൊരുങ്ങി. അല്ലാഹു പരേതയോടു മഗ്ഫിറത്തോടും റഹ്മത്തോടും കൂടി പെരുമാറട്ടെ.

അടുത്ത ജനാസ മിയാൻ മൻളൂർ അഹ്മദ് ഗാലിബ് സാഹിബിന്റേതാണ്. ഇദ്ദേഹം സർഗോദ ജില്ലയിലെ ദോദ എന്ന സ്ഥലത്തെ ശേർ മുഹമ്മദ് സാഹിബിന്റെ മകനാണ്. ഫെബ്രുവരി 7 ന് വഫാത്തായി.ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. അദ്ദേഹത്തിന്റെ മൂത്തസഹോദരന് 1955 –ൽ അഹ് മദിയ്യത്ത് സ്വീകരിക്കാനുള്ള തൗഫീഖ് ലഭിച്ചു. ജ്യേഷ്ഠനോടൊപ്പം ഇദ്ദേഹം റബ്‌വയിൽ പൊയ്ക്കൊണ്ടിരുന്നു. അവിടെവെച്ച് ഇദ്ദേഹവും ബയ്അത്തു ചെയ്തു. ഇദ്ദേഹത്തിന്റെ മകൻ ബശീർ അഹ്മദ് സാഹിബ് (ബെൽജിയം) പറയുന്നു:അദ്ദേഹം ജമാഅത്തിനുവേണ്ടി ജീവാർപണം ചെയ്യാൻ സന്നദ്ധതയുള്ള വ്യക്തിയായിരുന്നു. ജമാഅത്തിൽ അനുരക്തനായിരുന്നു. ഖിലാഫത്തിന്റെ അനുസരണത്തിൽ ഒരു വ്യാഖ്യാവും നടത്തിയിരുന്നില്ല. മറിച്ച് അതേപടി അനുസരിക്കണമെന്ന നിർബന്ധബുദ്ധിയുള്ള ആളായിരുന്നു. എനിക്ക് അദ്ദേഹത്തെ വ്യക്തിപരമായും അറിയാം. തീർച്ചയായും അദ്ദേഹം ആത്മാർഥതയോടും വിശ്വസ്തയോടുംകൂടി ജമാഅത്തിനെ സേവിക്കുന്ന ആളും ഖിലാഫത്തിനെ അനുസരിക്കുന്ന വ്യക്തിയുമായിരുന്നു. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നയാളും ദീനീ സേവകനും അതിഥിസൽക്കാരപ്രിയനും ദർവേശീപ്രകൃതക്കാരനുമായിരുന്നു. ദീനാനുകമ്പനും എല്ലാവരുമായും നല്ല നിലയിൽ ഇടപെടുന്നയാളും വാത്സല്യനിധിയും സർവപ്രിയനുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന് ജില്ലാ തലത്തിൽതന്നെ ഖുദ്ദാമുൽ അഹ്മദിയ്യായുടേയും അൻസ്വാറുല്ലായുടേയും ജമാഅത്തിന്റേയും സെക്രട്ടറിമാൽ, സെക്രട്ടറി വഖ്ഫെ ജദീദ്, സെക്രട്ടറി തഹ്‌രീക്കെ ജദീദ് തുടങ്ങിയ നിലകളിൽ സേവനമനുഷ്ഠിക്കാനുള്ള തൗഫീഖ് ലഭിച്ചു. സർഗോദയിലും വളരെ മികച്ച നിലയിൽ അദ്ദേഹത്തിന് സേവനംചെയ്യാനായി. അദ്ദേഹത്തിന്റെ ഒരു പൗത്രൻ സഫീർ അഹ്മദ് ഇവിടെ പി.എസ് ഓഫീസിൽ ജമാഅത്തിന്റെ മുറബ്ബിയായി സേവനം അനുഷ്ഠിക്കുന്നു. അല്ലാഹു പരേതനോടു മഗ്ഫിറത്തോടും റഹ്മത്തോടും കൂടി പെരുമാറട്ടെ.

അടുത്ത ജനാസ ഹമീദ് അൻവർ സാഹിബ്(ഏദൻ,യമൻ)ന്റെ ഭാര്യ ഏദൻകാരിയായ ബുശ്റ ഹമീദ് അൻവർ സാഹിബയുടേതാണ്. ഇവർ ഇവിടെ നമ്മുടെ എം.ടി.ഏയിലെ വളണ്ടിയർ സേവകനായ മുഹമ്മദ് അൻവർ സാഹിബിന്റെ മാതാവാണ്. അതുപോലെ എം.ടി. എ. പ്രൊഡക്ഷൻ ഡയറക്ടർ മുനീർ അഹ്മദ് ഔദേ സാഹിബിന്റെ ഭാര്യാമാതാവുമാണ്. ഫെബ്രുവരി 14 ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. 69 വയസ്സായിരുന്നു. അവർ ഹദ്റത്ത് മസീഹ് മൗഊദിന്റെ സ്വഹാബാക്കളായ ഹദ്റത്ത് ഹാജി മുഹമ്മദ് ദീൻ സാഹിബ് തഹാൽവിയുടേയും ഹദ്റത്ത് ഹുസയ്ൻ ബീബി സാഹിബയുടേയും പൗത്രിയായിരുന്നു. എം.ടി.ഏ യിൽ ഇവർക്ക് സേവനത്തിനുള്ള സൗഭാഗ്യം കിട്ടി. ലിഖാ മഅൽ അറബ് എന്ന പരിപാടിയുടെ എല്ലാ ഡാറ്റകളും ട്രാൻസഫർ ചെയ്യുന്നതിന് ഒരു സുദീർഘകാലം സേവനം ചെയ്തു. കൂടാതെ അൽഅറബിയായിലും സേവനം ചെയ്തു വരികയായിരുന്നു. എല്ലാത്തരം സേവനവും ചെയ്യുന്നതിൽ സന്തോഷിച്ചിരുന്നു. വളരെ സഹനശീലയും കൃതജ്ഞതയുള്ളവരുമായിരുന്നു. അല്ലാഹു പരേതയോടു മഗ്ഫിറത്തോടും റഹ്മത്തോടുംകൂടി പെരുമാറട്ടെ.

അടുത്ത ജനാസ എൽഡോറേറ്റിലെ(കെനിയ) മുറബ്ബി മുഹമ്മദ് അഫ്ളൽ ളഫ്ർ സാഹിബിന്റെ ഭാര്യ നൂറുസ്സ്വബാഹ് ളഫ്ർ സാഹിബയുടേതാണ്. മാർച്ച് 25 ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. 62 വയസ്സായിരുന്നു. അവർ മുറബ്ബി സിൽസില മൗലാനാ മുഹമ്മദ് സയീദ് അൻസ്വാരി സാഹിബിന്റെ ഏറ്റവും ചെറിയ മകളായിരുന്നു. ബ്രിട്ടണിലെ മർഹൂം നസീം ബാജ്‌വ സാഹിബിന്റെ ഭാര്യാ സഹോദരിയായിരുന്നു. അവരുടെ ഭർത്താവ് മുഹമ്മദ് അഫ്ളൽ സാഹിബ് എഴുതുന്നു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഞ്ചുനേര നമസ്കാരവും തഹജ്ജുദും പതിവായി അനുഷ്ഠിച്ചിരുന്നു. നിത്യവും സ്ഥിരമായി തിലാവത്ത് ചെയ്തിരുന്നു. ദുആയിൽ അങ്ങേയറ്റത്ത് വിശ്വാസമായിരുന്നു. എപ്പോഴും പ്രാർഥനാ നിരതയായിരുന്നു. മക്കളോടും എപ്പോഴും ദുആ ചെയ്യാൻ ഉണർത്തുമായിരുന്നു. ഖലീഫത്തുൽ മസീഹിന്റെ ഖുത്ബകൾ സ്ഥിരമായി കേൾക്കുമായിരുന്നു. അതിലുള്ള തിരഞ്ഞെടുത്ത പോയന്റുകൾ മക്കളുടെ തർബിയ്യത്തിന് കേൾപ്പിക്കുമായിരുന്നു. ഹദീഥ്, ചരിത്രം, ജമാഅത്തിന്റെ സാഹിത്യങ്ങൾ, തുടങ്ങിയവയിൽനിന്ന് ഈമാൻ വർധിപ്പിക്കുന്ന സംഭവങ്ങൾ മക്കൾക്ക് പറഞ്ഞുകൊടുക്കുമായിരുന്നു. ദീനീ സേവനത്തിനും ഖിലാഫത്തുമായുള്ള ബന്ധം ഉറപ്പിച്ചുനിറുത്തുന്നതിനും മക്കളെ ഉപദേശിക്കുമായിരുന്നു. ദൈവകൃപയാൽ മൂസിയയായിരുന്നു. ചന്ദ നല്കുന്ന കാര്യത്തിൽ അസാധാരണ നിലയിലുള്ള കൃത്യത പാലിച്ചിരുന്നു. എല്ലാ സാമ്പത്തിക പദ്ധതികളിലും പങ്കെടുത്തിരുന്നു. അതിഥിസൽക്കാര കാര്യത്തിൽ അല്ലാഹു അവർക്ക് അസാമാന്യമായ വിശാലമനസ്കത പ്രദാനം ചെയ്തിരുന്നു. ഇദ്ദേഹം തുടർന്നു പറയുന്നു:ഇവരെന്റെ 21 വർഷത്തെ മിത്രമായിരുന്നു. ഇവർ അങ്ങേയറ്റം വാത്സല്യനിധിയും പ്രശംസാർഹയുമായിരുന്നു.' ഈ മിത്രത്വം വളരെ പ്രശംസസാർഹമായിനിന്നു. ളഫ്ർ സാഹിബ് ഫിജിയിൽ മുബല്ലിഗായിരുന്നപ്പോൾ അവിടെയുണ്ടായ ഒരു അപകടത്തിൽ ആദ്യ ഭാര്യ മൂന്നു പെൺകുട്ടികളോടും ഒരു ആൺകുട്ടിയോടുമൊപ്പം നാലുപേർ ശഹീദായിരുന്നു. ളഫ്ർ സാഹിബ് ഇവരെ രണ്ടാമത് വിവാഹം കഴിച്ചതാണ്. ആദ്യഭാര്യയുലുണ്ടായിരുന്ന രണ്ടു പെൺമക്കളേയും സ്വന്തം മക്കളെപ്പോലെ സ്നേഹിച്ചു. അത് ആ പെൺകുട്ടികളും പറയുന്നുണ്ട്; തങ്ങളുടെ രണ്ടാം ഉമ്മയാണെന്ന് തങ്ങൾക്കൊരിക്കലും തോന്നിയിട്ടില്ലെന്ന്!അവർക്ക് എപ്പോഴും നല്ല തർബിയ്യത്തും നല്കി. എഴുത്തും വായനയും പഠിപ്പിച്ചു. ഇവരോടു നല്ല പെരുമാറ്റമായിരുന്നുവെന്ന് മാത്രമല്ല, പ്രത്യുത ളഫ്ർ സാഹിബ് പറയുന്നു:എന്റെ മുൻ ഭാര്യയുടെ വീട്ടുകാരോടും എത്രമാത്രം നല്ല രീതിയിൽ പെരുമാറയിരുന്നുവെന്നാൽ അവരും ഇവരുടെ പെരുമാറ്റത്തിൽ ആകൃഷ്ടരായി. അദ്ദേഹത്തിന്റെ ഒരു മകൾ പറയുന്നു:ഇവർ ഞങ്ങളുടെ ജീവിതത്തിൽ ഒരു പ്രകാശമായും ആശ്രയമായും വാത്സല്യനിധിയായ മാതാവുമായാണ് കടന്നു വന്നത്. ഞങ്ങളെ ഒരുപാട് സ്നേഹിച്ചു. ഞങ്ങളെ ഒരിക്കൽപോലും സ്വന്തം മാതാവിന്റെ നഷ്ടത്തെ ഓർമിപ്പിച്ചില്ല. അവർക്ക് സ്വന്തം മകളുണ്ടായിരുന്നു. എന്നാൽ, ഈ മൂന്നു പെൺകുട്ടികളും തമ്മിൽ ഒരു വ്യത്യാസവും കാണിച്ചിരുന്നില്ല. നിസ്വാർഥയും ത്യാഗമനസ്കയുമായിരുന്നു. അല്ലാഹുവിൽ സർവവും സമർപിക്കാനും അഹ്മദിയ്യാ ഖിലാഫത്തുമായി സുദൃഢബന്ധം വെക്കാനും മതാധ്യാപനങ്ങളെ മുറുകെ പിടിക്കാനും ഉപദേശിക്കുമായിരുന്നു. എപ്പോഴും കുടുംബബന്ധങ്ങളുടെ മാഹാത്മ്യവും ബന്ധം ഊട്ടിഉറപ്പിക്കുന്നതിനേയും കുറിച്ച് പറഞ്ഞു തരുമായിരുന്നു.അല്ലാഹു പരേതയോടു മഗ്ഫിറത്തോടും റഹ്മത്തോടുംകൂടി പെരുമാറട്ടെ.

അടുത്ത ജനാസ സുൽത്വാൻ അലി റയ്ഹാൻ സാഹിബിന്റേതാണ്. ഇദ്ദേഹം ജമാഅത്തിന്റെ അറബി ഡസ്ക് യു.കെ.യുടെ മർക്കസി മുറബ്ബിയായ മുഹമ്മദ് അഹ്മദ് നയീം സാഹിബിന്റെ പിതാവാണ്. മാർച്ച് 23 ന് 83–ാം വയസ്സിൽ വഫാത്തായി.ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. മുഹമ്മദ് അഹ്മദ് സാഹിബ് എഴുതുന്നു:'ഞങ്ങളുടെ പിതൃസഹോദരൻ സ്വയം പഠനം നടത്തി 1958–ൽ ബയ്അത്ത് ചെയ്തതാണ്. അതിനുശേഷം എന്റെ പിതാവിനെ തബ്‌ലീഗു ചെയ്തു. റബ്‌വയിലെ ജൽസയിൽ പങ്കെടുക്കാൻ പിതാവിനെ അയച്ചു. ഒന്നു രണ്ടു പുസ്തകങ്ങൾ വായിച്ചതിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ പിതാവും ബയ്അത്തു ചെയ്തു. തുടർന്ന് പറയുന്നു:ബയ്അത്തിനുശേഷം രണ്ടു സഹോദരന്മാർക്കും ഒരുപാട് എതിർപുകൾ നേരിടേണ്ടിവന്നു. കൊലപാതകശ്രമംപോലും നടന്നു. എന്നാൽ, അല്ലാഹു കാത്തുരക്ഷിച്ചു. നിങ്ങളെക്കൊണ്ട് രണ്ടു ചെക്കന്മാരെപോലും കൊല്ലാനാകുന്നില്ലല്ലോ എന്ന് മൗലവിമാർ ഗ്രാമത്തിൽവന്നു പറയുമായിരുന്നു. അല്ലാഹു അവരെ സംരക്ഷിച്ചുകൊണ്ടിരുന്നു. എന്നാൽ, അത്രയൊക്കെയായിട്ടും അവർ അനഹ്മദി ബന്ധുക്കളോടും നാട്ടുകാരോടും ജീവതാവസാനംവരെ ബന്ധം പുലർത്തിപ്പോന്നു. അവർ ശത്രുത കാണിച്ചിട്ടും ഇവർ അവരോടു സൽപെരുമാറ്റം തുടർന്നു. ഇദ്ദേഹത്തിന് രണ്ടു ആൺകുട്ടികളും ആറു പെൺകുട്ടികളുമാണ്.അല്ലാഹു പരേതനോടു മഗ്ഫിറത്തോടും റഹ്മത്തോടുംകൂടി പെരുമാറട്ടെ. മുഹമ്മദ് നയീം സാഹിബിനും പിതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.

അടുത്ത ജനാസ ജമ്മുകശ്മീർ സംസ്ഥാനത്തിലെ റാജോരി ജില്ലയിലെ കാലാബൻ എന്ന സ്ഥലത്തെ മുബല്ലിഗെസിൽസില, വഖ്ഫെ സിന്ദഗീ മൗലവി ഗുലാം ഖാദിർ സാഹിബിന്റേതാണ്. മാർച്ച് 26 ന് 56–ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. പരേതനായ മൗലവി ഗുലാം ഖാദിർ സാഹിബിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പിതാമഹൻ ബഹാദുർ അലി സാഹിബുമുഖേനയാണ് അഹ്മദിയ്യത്ത് വരുന്നത്. ആ കുടുംബത്തിലെ 13 പേർ ദൈവാനുഗ്രഹത്താൽ ഇപ്പോൾ ജമാഅത്തിന്റെ സേവനത്തിൽ നിരതരാണ്. മുബല്ലിഗ് എന്ന നിലയിൽ 34 വർഷവും ആറു മാസവും ഇദ്ദേഹത്തിന് സേവനത്തിനു

തൗഫീഖ് ലഭിച്ചു. പരേതന് എവിടെയൊക്കെ നിയമനം ലഭിച്ചുവോ അവിടെയൊക്കെ വളരെ സന്തോഷത്തോടും അധ്വാനത്തോടും അഭിനിവേശത്തോടുംകൂടി തഅ്‌ലീം തർബിയ്യത്തിന്റെ ചുമതലകൾ വളരെ ഭംഗിയോടെ നിറവേറ്റി. തബ്‌ലീഗ് ചെയ്യാൻ നല്ല കഴിവായിരുന്നു. തബ്‌ലീഗ് രംഗത്തുണ്ടായ പ്രയാസങ്ങളേയും എതിർപ്പുകളേയും സധൈര്യം നേരിടുന്ന വ്യക്തിയായിരുന്നു. വളരെയധികം സഹനശീലനും കൃതജ്ഞനും മിതവ്യയിയും ധൈര്യവാനുമായ മുബല്ലിഗായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കു പുറമെ മൂന്നു ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. ഒരു മകൻ ബശീറുദ്ദീൻ ഖാദിർ, ജാമിയ അഹ്‌മദിയ്യാ ഖാദിയാനിലെ അവസാനവർഷ വിദ്യാർഥിയാണ്. അല്ലാഹു പരേതനോടു മഗ്‌ഫിറത്തോടും റഹ്‌മത്തോടും കൂടി പെരുമാറട്ടെ.

അടുത്ത ജനാസ ഖാദിയാനിലെ മുഹമ്മദ് സ്വാദിഖ് സാഹിബ് ആരിഫ് ദർവേശ് ഖാദിയാനിന്റെ ഭാര്യ മഹ്‌മൂദ ബീഗം സാഹിബയുടേതാണ്. ഏപ്രിൽ 1 ന് 85–ാം വയസ്സിൽ ഹൃദയസ്തംഭനം മൂലം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേത ഹദ്റത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി, യു.പി.സംസ്ഥാനത്തിലെ മേൻപൂർ ജില്ലയിലെ അലിപൂർ ഖേഡ എന്ന സ്ഥലത്തെ ഹദ്റത്ത് ഖാളി അശ്‌റഫ് അലി സാഹിബിന്റെ പൗത്രിയും പരേതനായ ഖാളി ശാദ് ബഖ്ത് അബ്ബാസി സാഹിബിന്റെ മകളുമായിരുന്നു. അവരുടെ വിവാഹം മുഹമ്മദ് സാദിഖ് സാഹിബ് ആരിഫ് ദർവേശ് ഖാദിയാനുമായി നടന്നു. പരേത ദർവേശിയുടെ കാലം തന്റെ ഭർത്താവുമൊത്ത് അങ്ങേയറ്റം ക്ഷമയോടും നന്ദിയോടുംകൂടി കഴിച്ചു. പട്ടിണിയുടെ അവസ്ഥ ഉണ്ടായെങ്കിലും എപ്പോഴും ക്ഷമയുടെ മാതൃക കാണിച്ചു. ഒരിക്കലും ആരുടെ മുമ്പിലും അത് വെളിവാക്കിയില്ല. നമസ്കാരത്തിൽ കൃത്യനിഷ്ഠ കാണിച്ചിരുന്നു. അവസാന രോഗാവസ്ഥയിലും നമസ്കാരത്തെ കുറിച്ച് ആശങ്കപ്പെട്ടിരുന്നു. ഖുർആൻ പാരായണം പതിവായി നിർവഹിച്ചിരുന്നു. ചന്ദയുടെ കാര്യത്തിലും കൃത്യനിഷ്ഠയുണ്ടായിരുന്നു. ഖിലാഫത്തുമായി സുദൃഢബന്ധമായിരുന്നു. ഇതുസംബന്ധമായി മക്കളേയും ഉപദേശിച്ചിരുന്നു. മൂസിയയായിരുന്നു. സന്തപ്ത കുടുംബത്തിൽ മൂന്നു ആൺമക്കളും രണ്ടുപെൺമക്കളുമാണുള്ളത്. അല്ലാഹു പരേതയോടു മഗ്‌ഫിറത്തോടും റഹ്‌മത്തോടുംകൂടി പെരുമാറട്ടെ.

അടുത്ത ജനാസ ഖാലിദ് സഅ്ദുല്ലാഹ് അൽമിസ്‌രി ഉർദന്റേതാണ്. അദ്ദേഹം കഴിഞ്ഞദിവസം 60–ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം തന്റെ കുടുംബത്തിൽ ആദ്യത്തെ അഹ്‌മദിയായിരുന്നു. വളരെ ആത്മാർഥനും നമസ്കാരത്തിലും ചന്ദ നല്കുന്നതിലും കൃത്യനിഷ്ഠയുള്ളയാളും ജമാഅത്ത് വ്യവസ്ഥിതിയെ കണിശതയോടെ പിൻപറ്റുന്ന വ്യക്തിയുമായിരുന്നു. വളരെയധികം സൽപ്രകൃതനും അതിസൽക്കാര പ്രിയനും സോഷ്യലുമായിരുന്നു. വളരെ തണുത്ത പ്രകൃതനും മിതഭാഷിയുമായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഖലീഫയുടെ വാക്ക് അന്തിമമായിരുന്നു. എം.ടി.എ യിൽ പ്രത്യേകിച്ച് ഖുത്ബ ജുമുഅ കൃത്യമായി ശ്രവിക്കുമായിരുന്നു. അല്ലാഹു അദ്ദേഹത്തോടു മഗ്‌ഫിറത്തോടും റഹ്‌മത്തോടുംകൂടി പെരുമാറട്ടെ.

അടുത്ത ജനാസ റബ്‌വ ദാറുൽ ഫള്‌ലിലെ മുഹമ്മദു മുനീർ സാഹിബിന്റേതാണ്. അദ്ദേഹം ഏപ്രിൽ 1 ന് 73–ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹം 1972–ൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥിന്റെ കൈയിൽ ബയ്അത്തു ചെയ്തു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ മറ്റാരും അഹ്‌മദികളായിരുന്നില്ല. അതുകൊണ്ട് അഹ്‌മദിയ്യത്ത് ഉപേക്ഷിക്കുന്നതിനുവേണ്ടി പലവട്ടം അദ്ദേഹത്തെ അവർ ഉപദ്രവിച്ചു. 2003–ൽ അദ്ദേഹത്തിന് ഒരു ഓഫർ നല്കപ്പെട്ടു. അഹ്‌മദിയ്യത്ത് ഉപേക്ഷിച്ചാൽ താങ്കൾക്ക് എത്രത്തോളം തങ്ങൾ സമ്പത്തു നല്കുമെന്നാൽ താങ്കളുടെ മക്കൾക്കുപോലും പിന്നെ ജോലിചെയ്യേണ്ടിവരില്ല. എന്നാൽ, അദ്ദേഹം അഹ്‌മദിയ്യത്തിൽത്തന്നെ നിലകൊണ്ടു. അദ്ദേഹത്തിന്റെ മകൾ ഖമർ മുനീർ സാഹിബ ഇവിടെ ഇസ്‌ലാമാബാദിലെ നമ്മുടെ വഖ്ഫെ സിന്ദഗി ഉദ്യോഗസ്ഥന്റെ ഭാര്യയാണ്. ഒരു മകനുണ്ട്; ത്വാഹിർവഖാസ്. അദ്ദേഹവും വഖ്ഫെ സിന്ദഗിയാണ്. അല്ലാഹു അദ്ദേഹത്തോടു മഗ്‌ഫിറത്തോടും റഹ്‌മത്തോടുംകൂടി പെരുമാറട്ടെ. വളരെ സൽപ്രകൃതനും ആത്മാർഥനുമായിരുന്നു. എപ്പോഴും ചിരിയൂറുന്ന മുഖമായിരുന്നു. ഒരു കാര്യത്തിനും ഒരിക്കലും കോപിച്ചിരുന്നില്ല. അഞ്ചുനേര നമസ്കാരത്തിൽ കൃത്യനിഷ്ഠനും സമയബന്ധിതമായി എല്ലാ ചന്ദകളും കൃത്യമായി കൊടുക്കുന്ന ആളുമായിരുന്നു. അദ്ദേഹത്തിന്റെ ബന്ധുവായ ഹാഫിള് സയീദുർറഹ്‌മാൻ സാഹിബ് പറയുന്നു: എന്റെ പിതാവ് അദ്ദേഹത്തിന് ജോലി പഠിപ്പിച്ചു. കാരണം അനഹ്‌മദി കുടുംബങ്ങൾ അദ്ദേഹത്തോടു നല്ല നിലയിൽ പെരുമാറാത്തതുകൊണ്ട് അദ്ദേഹം പിതാവിന്റെ അടുത്തു വന്നിരുന്നു. അവിടെ അടുത്തുതന്നെ അദ്ദേഹത്തിന് കടയുമുണ്ടായിരുന്നു. ആ കടയിൽ അദ്ദേഹത്തിന് പണി പഠിപ്പിച്ചുകൊടുത്തു. ശേഷം അദ്ദേഹത്തിന്റെ വീട്ടിൽ താമസമാക്കി. അദ്ദേഹം പറയുന്നു: വളരെ കൃത്യനിഷ്ഠയോടെ മസ്ജിദിൽ പോകുകയും ആദ്യസ്വഫ്ഫിൽപോയി ഇരിക്കുകയും ചെയ്യുമായിരുന്നു. തബ്‌ലീഗിന് വളരെ ഉത്സാഹമായിരുന്നു. തന്റെ ഭാര്യയ്ക്കൊപ്പം റബ്‌വയ്ക്കടുത്തുള്ള ഗ്രാമത്തിൽ മിക്കപ്പോഴും തബ്‌ലീഗിന് പോകുമായിരുന്നു. അല്ലാഹു അദ്ദേഹത്തോടു മഗ്‌ഫിറത്തോടും റഹ്‌മത്തോടുംകൂടി പെരുമാറട്ടെ.

അടുത്ത ജനാസ റബ്‌വ ദാറുബർക്കാത്തിലെ മാസ്റ്റർ നദീർ അഹ്‌മദ് സാഹിബിന്റേതാണ്. ഏപ്രിൽ 4 ന് 80–ാമത്തെ വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്‌മദിയ്യത്ത് അദ്ദേഹത്തിന്റെ പിതാവ് പരേതനായ മിയാൻ ഉമർദീൻ സാഹിബ് ഇബ്നു മിയാൻ കറംദീൻ സാഹിബ് (സിയാൽക്കോട്ടു ജില്ലയിലെ ദാതാസയ്ദ്) മുഖേനയാണ് വന്നത്. അദ്ദേഹം 15–ാം വയസ്സിൽ മാർഗദർശനം പ്രാപിച്ചു. സ്വപ്നം മുഖേനയാണ് അദ്ദേഹത്തിന് മാർഗദർശനം കിട്ടിയത്. 1914 ലേയോ 15 ലേയോ ജൽസയിൽപോയി ഖലീഫത്തുൽമസീഹ് ഥാനിയുടെ കൈയിൽ ബയ്അത്തു ചെയ്യുകയായിരുന്നു. തുടർന്ന് മാസ്റ്റർ നദീർ സാഹിബ് സർഗോദയിലെ 99 നോർത്തിൽ താമസിക്കുമ്പോൾ അവിടുത്തെ സ്കൂളിലെ അധ്യാപകർ അദ്ദേഹത്തെ ബഹിഷ്കരിച്ചു. അദ്ദേഹത്തിന്റെ ഒമ്പതുവയസ്സ് പ്രായമുള്ള മകൻ നസീർ അഹ്‌മദിനെ അതേ സ്കൂളിൽവച്ച് ഒരു വിദ്യാർഥികുത്തി പരുക്കേൽപിച്ചിരുന്നു. അതിൽ മാസ്റ്റർ സാഹിബ് വളരെ ക്ഷമകൈക്കൊണ്ടു. ആ കുട്ടി ആ സമയത്ത് രക്ഷപ്പെട്ടുവെങ്കിലും കുറച്ചു കാലം കഴിഞ്ഞ് പനിപിടിച്ച് മരണപ്പെട്ടു. മകന്റെ മയ്യിത്ത് ഖബ്റിൽ ഇറക്കിവെക്കുമ്പോൾ അദ്ദേഹം അങ്ങേയറ്റത്തെ ക്ഷമയോടും ധൈര്യത്തോടും ഇപ്രകാരം പറഞ്ഞു: 'മകനേ! നീ നിന്റെ ശരീരത്തിൽ ജമാഅത്തിന്റെ സത്യസാക്ഷ്യവുമായാണ് വിടവാങ്ങുന്നതെന്ന കാര്യത്തിൽ ഞാൻ അഭിമാനിക്കുന്നു.' അദ്ദേഹം ആ ഗ്രാമത്തിൽ അധ്യാപകനായിരുന്നിടത്തോളം അവിടെ ഒരു മുഅല്ലിമിന്റേയോ മുറബ്ബിയുടേയോ ആവശ്യമുണ്ടായിരുന്നില്ല. സ്വയമേവ അക്കാര്യങ്ങൾ നിറവേറ്റിയിരുന്നു. പിന്നീട് റബ്‌വയ്ക്കടുത്ത് അദ്ദേഹം നിയമിതനായി. അവിടെനിന്നു റബ്‌വയിൽ താമസം മാറ്റി. അവിടേയും സേവനങ്ങൾ കാഴ്ചവച്ചു. ഒട്ടനവധി പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പരിശുദ്ധ ഖുർആൻ പഠിപ്പിച്ചു. പിന്നീട് ഖാരീ ആശിഖ് സാഹിബിൽനിന്ന് ഖുർആനിന്റെ തർത്തീൽ പഠിച്ചു. പിന്നീട് മഹല്ലിൽ തർത്തീലുൽ ഖുർആന്റെ ക്ലാസുകൾ സംഘടിപ്പിച്ചു. പിന്നീട് മെട്രിക് കഴിഞ്ഞ ഒരു ആൺകുട്ടിയും പെൺകുട്ടിയും ഖുർആൻ പഠിക്കാത്തവരായി ജമാഅത്തിൽ ഉണ്ടാകാതിരിക്കാൻ നല്ലവണ്ണം പ്രയത്നിച്ചു. അത്തരത്തിൽ ആരെങ്കിലുമുണ്ടെങ്കിൽ അവരുടെ വീട്ടിൽപോയി ഖുർആൻ പഠിപ്പിക്കുമായിരുന്നു. നന്നേ ചെറുപ്രായത്തിലെ തഹജ്ജുദ് നമസ്കാരം പതിവാക്കിയിരുന്നു. കൊറോണ കാരണം 60 വയസ്സിനുമേൽ പ്രായമുള്ളവർ മസ്ജിദിൽ പോകുന്നത് വിലക്കിയപ്പോൾ വളരെ സംവിധാനത്തോടെ വീട്ടിൽ നമസ്കാരങ്ങളും ജുമുഅയും അനുഷ്ഠിച്ചിരുന്നു. ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ താൻ 80–ാം വയസ്സിൽ മരണപ്പെടുമെന്ന് അദ്ദേഹത്തിന് ഉറപ്പായിരുന്നു. അത് അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. അദ്ദേഹത്തിന് മൂന്നു ആൺകുട്ടികളും ഒരു പെൺകുട്ടിയും ഉണ്ടെന്ന് തോന്നുന്നു. എന്തായാലും അദ്ദേഹത്തിന്റെ മൂന്നു ആൺകുട്ടികളും വഖ്ഫെ സിന്ദഗികളാണ്. ഒന്ന് അസീസ് സാഹിബാണ്. ഇവിടെ ഇസ്‌ലാമാബാദിൽ സേവനം അനുഷ്ഠിക്കുന്നു. രണ്ടാമത്തേത് ഹസീം അഹ്‌മദ്. മുറബ്ബി സിൽസില റബ്‌വയിലാണ്. മൂന്നാമത്തേത് സയീദ് അഹ്‌മദ് അദീൽ സാഹിബ്. ഇദ്ദേഹം നൈജീരിയായിൽ മുറബ്ബിയാണ്. അദ്ദേഹത്തിനും ഖബ്റടക്ക സമയത്ത് വരാനായില്ല. അല്ലാഹു അദ്ദേഹത്തോടു മഗ്‌ഫിറത്തോടും റഹ്‌മത്തോടുംകൂടി പെരുമാറട്ടെ. എല്ലാവരുടേയും ബന്ധുമിത്രാദികൾക്ക് ക്ഷമയും സ്ഥൈര്യവും നല്കുമാറാകട്ടെ. ഇവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

(പേജ് 1ൽനിന്ന്)

**ഇല്ലൽമൗത്തു** മരണമല്ലാത്ത എല്ലാരോഗത്തിനും മരുന്നുണ്ട്. അതുവരേണ്ടത് നിർബന്ധവുമാണ്. അല്ലെങ്കിൽ പറഞ്ഞു:**ഖാല ഹലക്കൽഔമു ഫ ഹുവ അഹ്‌ലക്കഹും** ജനത നശിച്ചുപോയി എന്നാരാണോ പറയുന്നത് അവൻതന്നെയാണ് ജനതയെ നശിപ്പിക്കുന്നവൻ. കാരണം അവൻ ജനതയുടെ പ്രതീക്ഷയെ തകർത്ത് അതിനെ നാശത്തിന്റെ അടുത്താക്കുന്നു. അതുകൊണ്ട് വ്യക്തിഗതമായ നിലയിലും സമൂഹികമായ നിലയിലും പ്രതീക്ഷയുടെ ആത്മാവിനെ അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്. എന്നാൽ, പ്രതീക്ഷയോടൊപ്പം കർമപരമായ ശക്തി അഭിവൃദ്ധിപ്പെടണമെന്ന കാര്യം മുമ്പിലുണ്ടാകണം. മടിയും അശ്രദ്ധയുമുണ്ടാക്കുന്ന മോഹങ്ങളും നിരർഥമായ ആഗ്രഹങ്ങളും ഉണ്ടാകരുത്. മുസ്‌ലിമീങ്ങളിൽ, അധ്വാനിച്ച് തങ്ങളുടെ അവസ്ഥ നന്നാക്കണമെന്ന ചിന്തയ്ക്കുപകരം, മസീഹ് വന്ന് മുഴുലോകത്തിന്റേയും നിഅ്മത്തുകൾ തങ്ങൾക്കു നല്കുമെന്ന ചിന്ത അതിജയിച്ചു നില്ക്കുന്നതുപോലെ! അതിയായ ആശകൾ അതായത് വെറും ആഗ്രഹങ്ങൾ സ്ഥിരമായി മനസ്സിലിരുന്നാൽ അതും നിരാശപോലെ നാശകാരിയായിരിക്കും.' **(തഫ്‌സീറെ കബീർ, വാല്യം 3, പേജ് 352, 2010 ഖാദിയാൻ പ്രസിദ്ധീകരണം)**

(പേജ് 2ൽനിന്ന്)

റഞ്ഞിരുന്നില്ല.'(ലിയാഉൽഹഖ് റൂഹാനീ ഖസാഇൻ വാല്യം 9, പേജ് 270)

**ജീവിതത്തിൽ ഒരിക്കലും കാണാത്ത ദുഃഖത്തിന്റെ മല അയാളുടെമേൽ ഇടിഞ്ഞുവീണു.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'സത്യന്വേഷികളേ!തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക. മരണമാകുന്ന അവഗർത്തത്തിൽ (ഹാവിയ)വീഴുമെന്നുള്ള പ്രവചനം പുലർന്നു. ഇസ്‌ലാമിനു വിജയമുണ്ടായി. ക്രൈസ്തവർക്ക് നിന്ദ്യതയേറ്റു. അതേ! മിസ്റ്റർ അബ്ദുല്ലാ ആഥിം അലമുറയിട്ടു കരയാതിരിക്കുകയും സ്വന്തം പ്രവൃത്തികൾകൊണ്ട് സ്വന്തം സ്ഥൈര്യം കാണിക്കുകയും സ്വന്തം തട്ടകത്തിൽനിന്ന് അവിടവിടെ ചുറ്റിക്കറങ്ങാതിരിക്കുകയും സ്വമനസ്സിൽ സംശയവും ഭയവും വെപ്രാളവും അതിജയിക്കാൻ വിടാതിരിക്കുകയും ചെയ്ത് തന്റെ നിസ്സാരമായ സന്തോഷത്തിലും ഉറപ്പിലും ആ ദിനങ്ങൾ കഴിച്ചുകൂട്ടിയിരുന്നെങ്കിൽ അദ്ദേഹം മരണത്തിന്റെ 'ഹാവിയാ'(മരണമാകുന്ന അവഗർത്തം)യിൽ നിന്ന് രക്ഷപ്പെട്ടുവെന്ന് നിസംശയം പറയാമായിരുന്നു. എന്നാൽ, ഇപ്പോൾ അയാളുടെ ഉദാഹരണം 'ഖിയാമത്തു ദീദ അം പേശ് അസ് ഖിയാമത്ത്' എന്നതുപോലെയായി. (പുനരുഥാന ദിനം വരുന്നതിനുമുമ്പേ, പുനരുഥാനം കണ്ടു). ജീവിതത്തിലൊരിക്കലും അയാൾ കണ്ടിട്ടില്ലാത്ത ദുഃഖത്തിന്റെ മല അയാളുടെമേൽ ഇടിഞ്ഞുവീണു. ആ ദിനങ്ങളിലെല്ലാം യഥാർഥത്തിൽ അയാൾ ഹാവിയായിൽ ഇരുന്നുവെന്നത് സത്യമല്ലേ? നിങ്ങൾ ഒരുഭാഗത്ത് നമ്മുടെ പ്രവചനത്തിന്റെ വെളിപാടുപരമായ വാക്കുകൾ വായിക്കുകയും മറുഭാഗത്ത് അയാളിലുണ്ടായ വിപത്തുകൾ തിരയുകയും ചെയ്യുക. അപ്പോൾ നിങ്ങൾക്ക് ഒരു സംശയവും അവശേഷിക്കാത്ത വിധം അയാൾ ഹാവിയായിൽ തീർച്ചയായും വീണെന്ന് മനസ്സിലാകും. അയാളുടെ മനസ്സിലുണ്ടായ വിഷമവും ദുഃഖവും ബോധമില്ലായ്മയും അഗ്നിയുടെ ശിക്ഷയെക്കാൾ ഒട്ടും കുറവല്ലായിരുന്നുവെന്ന് നമുക്ക് പറയാൻ കഴിയും.(അൻവാറുൽഇസ്‌ലാം വാല്യം 9 പേജ് 7)

**മൂന്നുസ്ഥലത്തുണ്ടായ മൂന്നു ആക്രമണങ്ങളുടെ യാഥാർഥ്യം:**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അനുവാചകരേ! ആ മൂന്നു ആക്രമണങ്ങളെ ഉപരിപ്ലവമായ ദൃഷ്ടിയാൽ നോക്കാതിരിക്കുക. യഥാർഥത്തിൽ സത്യമാണോ എന്ന് നല്ലവണ്ണം ചിന്തിക്കുക. ആദ്യം കണ്ടത് യഥാർഥത്തിൽ പഠിപ്പിക്കപ്പെട്ട ഒരു പാമ്പിനെയായിരുന്നു. അതിനെ കൊല്ലാൻ ആർക്കും സാധിച്ചില്ല. അദ്ദേഹം കഴിഞ്ഞ തവണകളിൽ കണ്ട ആ പട്ടാളക്കാരൻ നമ്മുടെ ജമാഅത്തിലെ പട്ടാളക്കാരനായിരുന്നു. അയാളെ ഒരവസരത്തിലും ആഥിം സാഹിബിന് പിടിക്കാൻ കഴിഞ്ഞില്ല. അയാളുടെ ജാമാതാക്കൾക്കോ പോലീസിലെ കഴിവില്ലാത്ത കോൺസ്റ്റബിളിനോ അയാളെ നേരിടാനുള്ള തന്റേടമുണ്ടായില്ല. പിന്നെ ഈയാളുകൾ അനുവദനീയമല്ലാത്ത ആയുധങ്ങളുമായി പല തവണ ട്രൈൻ യാത്ര ചെയ്യുകയും ചന്തകളിലൂടെ നടക്കുകയും ആഥിം സാഹിബിന്റെ വളപ്പിൽ അവിടേയും ഇവിടേയും ചുറ്റിക്കറങ്ങുകയുമൊക്കെ ചെയ്തിട്ടും ആഥിം സാഹിബിനല്ലാതെ മറ്റാർക്കും ഇതൊന്നും കാണാൻ കഴിഞ്ഞില്ലെന്നതാണ് അത്ഭുതകരമായ കാര്യം. അപ്പോൾ ഇതെല്ലാം ആഥിം സാഹിബിനെ സത്യത്തിലേക്ക് മടങ്ങാൻ പ്രേരിപ്പിച്ച ആത്മീയപരമായ ദർശനങ്ങളായിരുന്നുവെന്ന് സ്ഥാപിതമാകുന്നില്ലേ? അദ്ദേഹത്തിന്റെ മനസ്സ് ഭയംകൊണ്ടു നിറഞ്ഞു. വായിൽ സീൽചെയ്തു. ആദ്യ ആക്രമണത്തിൽത്തന്നെ സർക്കാറിനെ വിവരം അറിയിക്കേണ്ടത് അദ്ദേഹത്തിന്റെ ബാധ്യതയായിരുന്നു. സർക്കാർ പരസ്യം നല്കി ആ ദുർഭഗനെ അന്വേഷിച്ച് കണ്ടുപിടിക്കാനും കുറ്റവാളിയെ ശിക്ഷിക്കാനും, അദ്ദേഹം കണ്ട ആളുടെ രൂപവും ഭാവവും അടയാളവും തുടങ്ങി എല്ലാ കാര്യങ്ങളും എഴുതി സർക്കാറിനെ അറിയിക്കണമായിരുന്നു.' (ലിയാഉൽഹഖ്, റൂഹാനീ ഖസാഇൻ, വാല്യം 9, പേജ് 275)

**കണ്ടതെല്ലാം ആഥിമിന്റെ തോന്നലുകൾ:**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അതിഭയം കാരണത്താൽ തന്റെ മനസ്സിലുള്ള വിചാര വികാരങ്ങൾ പാമ്പിന്റേയും യാത്രക്കാരുടേയും കാൽനടക്കാരുടേയും രൂപത്തിൽ കണ്ടതായിരിക്കാമെന്ന് അദ്ദേഹത്തിന്റെതന്നെ ചില സുഹൃത്തുക്കൾ പറഞ്ഞതായി നാം കേട്ടു. ഇല്ലെങ്കിൽ മൂന്നു തവണ മൂന്നു വിവിധ സ്ഥലങ്ങളിൽ കാണുകയും പിടിക്കപ്പെടാതിരിക്കുകയും എന്നല്ല ഒന്നുംതന്നെ അറിയാൻ കഴിയാതെ വരികയും പിന്നീട് ഓരോ തവണയും ആഥിം മാത്രം അത് കാണുകയും ചെയ്യുക എന്നത് ബുദ്ധി അംഗീകരിക്കാത്ത കാര്യമാണ്. ഇക്കാര്യങ്ങൾ അദ്ദേഹത്തിന്റെ ചില മതക്കാരും വീട്ടിലെ രഹസ്യങ്ങൾ അറിയുന്നവരും തങ്ങളുടെ മജ്‌ലിസുകളിൽ പറയുകയും ആഥിം സാഹിബിന്റെ ഭയത്തെ പറഞ്ഞ് ചിരിച്ച് രസിക്കുകയും ചെയ്തതാണ്.'(ലിയാഉൽഹഖ്, റൂഹാനീ ഖസാഇൻ, വാല്യം 9, പേജ് 287)

**ജമാഅത്തംഗങ്ങളുടെമേലുള്ള ആക്രമണാരോപണം തികച്ചും കളവ്:**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'പക്ഷേ, സങ്കടമിതാണ്, ആഥിം സാഹിബ് അമൃതസറിൽ പാമ്പിനെ പിടിക്കുന്നതിൽ പരാജയപ്പെട്ടപ്പോൾ-അതിനെ കൊല്ലാനും കഴിഞ്ഞില്ല അതേ പരാജയം അദ്ദേഹത്തിന് ആ സ്ഥലത്തും(ലുധിയാന)ഉണ്ടായി. പോലീസിന്റെ കാവലും ജാമാതാവിന്റെ മുൻകരുതലും അമൃതസറിനെക്കാൾ കൂടുതലായിരുന്നു താനും.

ആഥിം സാഹിബ് പരിചയസമ്പന്നനായ സർക്കാരുദ്യോഗസ്ഥനാണ്. അദ്ദേഹം ദീർഘകാലം എക്സ്ട്രാ അസിസ്റ്റന്റായി ജോലിചെയ്തുകൊണ്ടിരുന്ന ആളാണ്. ഈ സംഭവം വധശ്രമംവരെ എത്തിയപ്പോൾ കോടതിനിയമം മുഖേന നമുക്ക് നല്ലനടപ്പ് ജാമ്യം ചെയ്യിച്ച് സമാധാനത്തോടെ ലുധിയാനയിൽ അദ്ദേഹത്തിന് കിടക്കാമായിരുന്നല്ലോ എന്ന് ചിന്തിക്കുമ്പോൾ ആ വിഷമം വീണ്ടും കൂടുകയാണ്. കാരണം ആഥിം സാഹിബ് ഈ നിയമം അറിയാത്ത ആളായിരിക്കാൻ തരമില്ല.

അക്കാര്യം ചെറുതായിരുന്നില്ല. അദ്ദേഹം പറഞ്ഞതനുസരിച്ച് അദ്ദേഹത്തിനുമേൽ വധശ്രമം ഉണ്ടായി എന്നത് പിന്നീട് നിർമിക്കപ്പെട്ടതാണ്. എന്നാൽ, ആ വിവരം കറച്ചു പത്രങ്ങളിൽ കൊടുക്കാൻപോലും അദ്ദേഹത്തിന് കഴിഞ്ഞില്ല.......ആ സമയം കഴിഞ്ഞതിനുശേഷമാണ്, പ്രവചനത്തിന്റെ 15 മാസക്കാലാവധി കഴിഞ്ഞതിനുശേഷമാണ് അക്കാര്യം അദ്ദേഹം വെളിപ്പെടുത്തുന്നത്. ആഥിം സാഹിബ് ഇനിയെങ്കിലും കേസുകൊടുക്കാൻ അദ്ദേഹത്തിന്റെ സുഹൃത്തുക്കളും സ്നേഹിതന്മാരും വളരെയധികം സമ്മർദം ചെലുത്തി. എന്നാൽ, ഇതെല്ലാം ആകാശത്തുനിന്നുള്ള കാര്യങ്ങളാണെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. അന്യായം കൊടുക്കുക എന്നത് സ്വന്തം കൈകൊണ്ട് നാശം ഏറ്റുവാങ്ങുകയാണെന്നും അല്ലാഹുവിന്റെ ഔദാര്യത്തെ ഓർക്കാതെ തന്റെ ഭയവും പശ്ചാത്താപവും മറ്റു ഭാഗത്ത് മറച്ചുവെക്കുക എന്ന ചാപല്യം ഭയാനകമാണെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് അദ്ദേഹം ഡോക്ടർ ക്ലാർക്കിന്റെ ഒരുപാട് സമ്മർദമുണ്ടായിട്ടും അന്യായം കൊടുത്തില്ല.(ലിയാഉൽഹഖ്, റൂഹാനീ ഖസാഇൻ, വാല്യം 9, പേജ് 268)

**ആരോപണം നിഷേധിച്ചുകൊണ്ടുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തെളിവുകൾ:**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മൂന്നു ആക്രമണങ്ങളുടെ ആരോപണം നമ്മുടെ ജമാഅത്തിന്റെ ഈമാനും യഖീനും വർധിക്കുന്നതിനും ആഥിം വ്യാജനാണെന്നതിനുമുള്ളതിനും അവിതർക്കിതമായ തെളിവുകളാണ്. കാരണം അത്തരം ആക്രമണങ്ങൾ നടത്താൻ എനിക്ക് അധ്യാപനം നല്കപ്പെട്ടിട്ടില്ലെന്നും അങ്ങനെയുള്ള വൃത്തികെട്ട അഭിപ്രായമൊരിക്കലും നമ്മുടെ ജമാഅത്തിലുണ്ടായിട്ടില്ലെന്നും ജമാഅത്തിലുള്ള ഓരോ വ്യക്തിക്കും അറിയാം. നാം നമ്മുടെ ജമാഅത്തിലെ ഓരോരുത്തരോടും ചേദിക്കുകയാണ് നിങ്ങൾ ഏതെങ്കിലും വിഷപാമ്പിനെ എടുത്തും അതിനെ നല്ലവണ്ണം അഭ്യസിപ്പിച്ചും ആഥിമിനെ കൊത്തുന്നതിനുവേണ്ടി അയാളുടെ ബംഗ്ലാവിൽകൊണ്ടിടാൻ നാം നിർദേശം നല്കിയിട്ടുണ്ടോ? അവിടെ അവസരം കിട്ടിയില്ലെങ്കിൽ ലുധിയാനയിൽ കൊണ്ടുപോകണമെന്നും അവിടേയും അവസരം കിട്ടിയില്ലെങ്കിൽ ഫിറോസ്പൂരിൽ കൊണ്ടുപോയി കഥകഴിക്കണമെന്നും പറഞ്ഞിരുന്നുവോ?'


നാം വീണ്ടും പറയുന്നു: 'അങ്ങനെ പറഞ്ഞിട്ടുള്ളയാൾ അത് വെളിപ്പെടുത്താതിരുന്നാൽ അവൻ മുരത്ത വിശ്വാസവഞ്ചകനായിരിക്കും. ഗുരുവിനുമേൽ മുരീദുമാരുടെ വിശ്വാസമുണ്ടാകുന്നത് അവർ അദ്ദേഹത്തെ മാർഗദർശിയും സത്യം പറയുന്നയാളുമായി ദൃഢഗാഢമായി വിശ്വസിക്കുമ്പോഴാണ്; കളവു പറയുന്നവനും വിശ്വാസ വഞ്ചകനും ഗൂഢപദ്ധതി ആസൂത്രണം ചെയ്യുന്നവനുമായി സ്ഥാപിതമാകാതിരിക്കുമ്പോഴാണ്. കാര്യം ഇതാകുമ്പോൾ നമ്മുടെ ശിഷ്യന്മാരിൽ ഓരോ വ്യക്തിയും ചിന്തിക്കുക, അവരിൽ ആരെങ്കിലും നാം പറഞ്ഞതുകൊണ്ടോ അല്ലെങ്കിൽ സ്വയമേവയോ ആഥിന്റെ മേൽ ആക്രമണം നടത്താൻ അമൃതസറിലോ ലുധിയാനയിലോ ഫിറോസ്പൂരിലോ പോയിരുന്നുവോ? അവരുടെയെല്ലാം മറുപടി പോയിട്ടില്ലെന്ന് തന്നെയായിരിക്കുമെന്ന് പ്രകടമാണ്. ഇത്തരം നീചമായ അധ്യാപനം എനിക്കും നല്കപ്പെട്ടിട്ടില്ല.

അവർ ഈ പർദയ്ക്കു പിന്നിലെ കാര്യം അറിയുകയും തൗബ തൗബ ചെയ്യുകയും തങ്ങൾ ഈ വഞ്ചകന്റെ കൈയിൽ കൈകൊടുത്ത് തങ്ങളുടെ ഈമാൻ നഷ്ടപ്പെടുത്തിയെന്നും പ്രവചനം അല്ലാഹുവിൽനിന്നാണെന്ന് പറഞ്ഞിട്ട് ഇപ്പോൾ അത് പുലരാൻ നിങ്ങളാരെങ്കിലും പോയി കൊല്ലാൻ പറയുകയാണെന്നും തീർച്ചയായും പറയുമായിരുന്നു.'(ലിയാഉൽഹഖ്, റൂഹാനീ ഖസാഇൻ, വാല്യം 9, പേജ് 282)

**ഭയത്തിന്റെ കാരണം പ്രവചനത്തിന്റെ ഗാംഭീര്യവും മഹത്ത്വവും:**

പ്രവചനം എത്ര ശക്തമായും കടുപ്പത്തോടുംകൂടിയാണോ ചെയ്യപ്പെട്ടത് ഒരുസൃഷ്ടിയെ ദൈവമാക്കിവച്ചിരിക്കുന്ന ക്രിസ്ത്യാനികൾക്ക് അതിന്റെ മുമ്പിൽ നില്ക്കാൻ ഒരിക്കലും സാധിക്കുമായിരുന്നില്ല. അദ്ദേഹം പ്രവചനത്തിന്റെ പ്രതാപത്തെതന്നെയാണ് ഭയപ്പെട്ടതെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നു. നമ്മുടെ ജമാഅത്തിൽനിന്ന് ഒരു കൗന്തികനും വാൾ ചുഴറ്റുന്നവനും അയാളുടെ ബംഗ്ലാവിൽ ഒരിക്കലും എത്തിയിട്ടില്ല. ഭയപ്പെട്ടു എന്നത് സ്വയം അയാളുടെ സമ്മതത്തിൽനിന്നും വാക്കിൽനിന്നും കർമ ത്തിൽനിന്നും സ്ഥാപിതമാണ്. ഉഗ്രമായ പ്രവചനത്തെ ഏതെങ്കിലും അന്യാരാധകൻ ഭയപ്പെടുക എന്നത് സ്വാഭാവികമാണ്. അതിനാൽ കുന്തങ്ങളും വാളുകളും പാമ്പുകളും കൊണ്ടുള്ള ഈ മൂന്നു ആക്രമണങ്ങളും അങ്ങേയറ്റം കളവും വ്യാജവുമാണ്. അതു സ്ഥാപിക്കാൻ ആഥിമിന് അല്പം പോലും കഴിഞ്ഞിട്ടില്ല.(ലിയാഉൽഹഖ്, റൂഹാനീ ഖസാഇൻ, വാല്യം 9, പേജ് 288)

പ്രവചനത്തിൽ അബ്ദുല്ലാഹ് ആഥിമിന്റെ പേരില്ല. പ്രത്യുത ഫരീഖ് അഥവാ കക്ഷിയെന്നാണുള്ളത്. കക്ഷിയുടെ അടിസ്ഥാനത്തിൽ ഈ പ്രവചനം എങ്ങനെ പുലർന്നു എന്നത് ഞങ്ങൾ ഇൻശാഅല്ലാഹ് അടുത്ത ലക്കങ്ങളിൽ പ്രതിപാദിക്കുന്നതായിരിക്കും. (മൻസൂർ അഹ്മദ് മസ്റൂർ)

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം. 2019-(ജൂലായ്)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**(6 –ാം വാള്യം 18–ാം ലക്കം പേജ് 12 മൂന്നാം കോളത്തിൽ നിന്ന് തുടർച്ച.......)**

**മസിഡോണിയ(Macedonia), സംഘത്തിന്റെ കൂടിക്കാഴ്ച**

അതിനുശേഷം മസിഡോണിയാ രാജ്യത്തുനിന്ന് വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. മസിഡോണിയായിൽനിന്ന് അഹ്മദി, അനഹ്മദി, ക്രൈസ്തവർ തുടങ്ങി എഴുപത് പേരടങ്ങുന്ന സംഘമാണ് ജർമൻ ജൽസയിൽ പങ്കെടുക്കാനെത്തിയത്.

❋ ഈ സംഘത്തിൽ 8 പത്രപ്രവർത്തകരുണ്ടായിരുന്നു. ഇവരിൽ 2 പേർ തദ്ദേശ ടി.വി ചാനലുമായും ബാക്കി 6 പേർ നാ ഷണൽ ടീ.വി.യുമായോ ഇതര ന്യൂസ് ഏജൻസിയുമായോ ബന്ധപ്പെട്ടവരാണ്. വെള്ളിയാഴ്ച ദിവസം നടന്ന ഹുദൂറിന്റെ പത്രസമ്മേളനത്തിലും ഇവർ പങ്കെടുക്കുകയും വിവിധ കാര്യങ്ങളെക്കുറിച്ച് ചോദിക്കുകയും ചെയ്തു. ഇതിനു പുറമെ ജൽസാ വേളയിൽ ചിലർ ഇന്റർവ്യൂ ചെയ്യുകയും റെക്കോർഡിംഗ് ചെയ്യുകയും ചെയ്തു.

❋ പത്രപ്രവർത്തകരെ കൂടാതെ ഈ സംഘത്തിൽ 15 ക്രൈസ്തവ സുഹൃത്തുക്കളും 23 അനഹ്മദി മുസ്ലിമീങ്ങളും 24 അഹ്മദി മുസ്ലിമീങ്ങളും പങ്കെടുത്തിരുന്നു. ഇവരിൽ പല അതിഥികളും ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്.

❋ അനഹ്മദികളിൽ നിന്ന് 5 പേർക്ക് ബയ്അത്ത് ചെയ്യാനും ഭാഗ്യം ലഭിച്ചു. ജൽസയിൽ പങ്കെടുക്കൽ, ജൽസയുടെ ഒരുക്കങ്ങൾ, പ്രഭാഷണങ്ങൾ, താമസം, ഭക്ഷണം തുടങ്ങി എല്ലാ കാര്യങ്ങളേയും അവർ വളരെ ശ്ലാഘിച്ചു. അതിഥികൾക്ക് പ്രത്യേകിച്ചും ഹുദൂറിന്റെ പ്രഭാഷണങ്ങൾ ഏറെ ഹൃദ്യമായി. ഹുദൂർ വളരെ സരളവും പൊതുവിൽ മനസ്സിലാക്കാൻ സാധിക്കുന്ന ഭാഷയിലുമാണ് സംസാരിച്ചതെന്നും അത് ഹൃദയം കവരുന്നതായിരുന്നുവെന്നും അവരിലധികപേരും വെളിപ്പെടുത്തിയിരുന്നു.

❋ ഹുദൂർ അൻവർ: നസം(പദ്യം) ആലപിക്കുന്ന ആ യുവാക്കൾ ഈ വർഷം വന്നില്ലേ?

മസിഡോണിയ മുറബ്ബി: ഹുദൂർ! അവർക്ക് ലീവ് കിട്ടിയില്ല.

❋ കൂടിക്കാഴ്ചക്കിടയിൽ ഒരു കുട്ടിയുടെ ആമീൻ പരിപാടിയും നടന്നു. ഹുദൂർ ആ കുട്ടിയിൽനിന്ന് ഒരായത്ത് ഓതിക്കേട്ടു, തുടർന്ന് ദുആ ചെയ്യിച്ചു.

❋ ഒരു സ്നേഹിതൻ റമസാൻ സാഹിബ് ആദരവോടെ എഴുന്നേറ്റുനിന്ന് ഹുദൂറിനോട് പറഞ്ഞു: '1993 മുതൽ ഞാൻ അഹ്മദിയാണ്. എനിക്ക് ചോദ്യമൊന്നുമില്ല. ഹുദൂറിന് സലാം പറയാൻവേണ്ടി മാത്രമായി എഴുന്നേറ്റു നിന്നതാണ്.'

❋ ഒരു സ്നേഹിതൻ: ഭക്ഷണത്തെ സംബന്ധിച്ച് കഴിഞ്ഞ വർഷം ഞാൻ സംസാരിച്ചിരുന്നു.ഈ വർഷം ഭക്ഷണം വളരെ നല്ലതായിരുന്നു. ബൾഖാൻ പ്രദേശക്കാരുടെ ഭക്ഷണത്തിന് പറ്റിയതായിരുന്നു.

❋ സംഘത്തിലുണ്ടായ ഒരു സ്ത്രീ അലക്സാണ്ട്ര ദോനേവാ(Aleksandra Doneva) ആദ്യമായാണ് ഈ ജൽസയിൽ പങ്കെടുത്തത്. അവർ തന്റെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: വീട്ടുകാർ കൂടാതെ വീടിന്റെ എന്തു സങ്കല്പമുണ്ടാകാനാണ്?

സൽസ്വഭാവം കൂടാതെ മനുഷ്യത്വത്തിന്റെ സങ്കല്പം സാധ്യമാകുമോ. മനുഷ്യന്റെ യാഥാർഥ്യം മതവും വിശ്വാസവും കൂടാതെയില്ല. സ്നേഹമില്ലാതെ മനുഷ്യത്വത്തിന്റെ എന്തു സങ്കല്പമുണ്ടാകാനാണ്. മനുഷ്യാത്മാവിന്റെ പരിശുദ്ധി സമാധാനത്തോടെ ഇരിക്കുന്നതുകൊണ്ടും സമാധാനം പ്രചരിപ്പിക്കുന്നതുകൊണ്ടും മാത്രം കരസ്ഥമാക്കാനൊക്കുമോ? ഇപ്രകാരംതന്നെ ആത്മാവിന്റെ പരിശുദ്ധി സഹിഷ്ണുതയിലും പരസ്പര ആദരവിലും അഭിമാനിക്കലിലും ഗുപ്തമാണ്. ദൈവത്തിൽ വിശ്വസിക്കേണ്ടതും ഭൂമിയിൽ ഭാവിയെ മെച്ചപ്പെട്ടതാക്കേണ്ടതും മനുഷ്യന് നിർബന്ധമാണ്. ഇതെങ്ങനെയുള്ള മാർഗമാണെന്നാൽ അതുമുഖേന നമുക്ക് മാനവികത കാത്തുസൂക്ഷിക്കാൻ കഴിയും. അഹ്മദിയ്യാ ജമാഅത്ത് ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളും ചെയ്തുവരുന്നു. അഹ്മദി സമാധാനം പ്രചരിപ്പിക്കുന്നു. സമാധാനത്തിന്റെ അധ്യാപനങ്ങൾ നല്കുന്നു. സൽസ്വഭാവങ്ങൾ സ്ഥാപിക്കുന്നു. ഇക്കാര്യങ്ങളെല്ലാം മനുഷ്യകുലം പൂർത്തീകരിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു. അഹ്മദിയ്യത്ത് ജനങ്ങളെ ഒരു സ്ഥലത്ത് സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. അവർക്ക് ആരധനയോടുള്ള ചൂടു നല്കി. ജനങ്ങൾ ആത്മീയതയിൽ വർധനയുണ്ടാക്കുന്നവരായിത്തീരണമെന്നാണ് അഹ്മദിയ്യത്ത് ആഗ്രഹിക്കുന്നത്.അവരിൽ ഐക്യമുണ്ടാകണം. അവർ ദൈവത്തിന്റെ സമീപസ്ഥരാകണം. ഈ വർഷത്തെ ജൽസസാലായനിൽ ഞാൻ ഒരുപാട് നല്ലവരെ കണ്ടു. പുഞ്ചിരിക്കുന്ന മുഖങ്ങളുമായി അവർ ഞങ്ങൾക്ക് വളരെ ആദരവ് നല്കി. ഉത്തമ സ്വഭാവം കൊണ്ട് നല്ല ജീവിതം നയിക്കാൻ സാധിക്കുമെന്ന് അവർക്ക് ദൃഢവിശ്വാസമുണ്ട്.

ഞാൻ കൃതജ്ഞതാപരമായ വികാരങ്ങളോടുകൂടി, ദൈവത്തിൽ ദൃഢവിശ്വാസവും വിശ്വാസം ഉറച്ചതുമായ ആളുകളെ കണ്ടുവെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. ഈ സൽക്കർമങ്ങൾ നിങ്ങൾ തുടർന്നുകൊണ്ടു പോകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ജീവിതത്തിന്റെ യഥാർഥ ലക്ഷ്യവും വിലയും(value) എന്താണെന്ന് ജനങ്ങൾ അറിയുന്ന ഒരു കാലം വരികതന്നെചെയ്യും.

സ്നേഹമില്ലെങ്കിൽ മനുഷ്യനൊന്നുമല്ല. ഇത് എങ്ങനെയുള്ള വിടവാണെന്നാൽ, ഇതിന്റെ കുറവ് ഒരിക്കലും നികരുകയില്ല. നിങ്ങൾ മുന്നോട്ട് ഗമിക്കുമെന്നും കഠിനാധ്വാനത്തോടെ ഈ വിടവ് നികത്തുമെന്നും മതപരമായ മൂല്യങ്ങൾ വ്യാപിപ്പിക്കുന്നതിൽ മുന്നിൽനിന്ന് പ്രവർത്തിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുകയാണ്.

❋ രണ്ടാമത്തെ പ്രാവശ്യം ജർമൻ ജൽസയിൽ പങ്കെടുക്കുന്ന മസിഡോണിയൻ ടെലിവിഷന്റെ പ്രതിനിധി സോറാങ്കോ സോറിൻസ്കി(Zoranco Zorinski) പറയുന്നു: ജൽസയിൽ പങ്കെടുക്കാൻ സാധിച്ചത് എനിക്ക് ലഭിച്ച ബഹുമതിയാണ്. ജൽസയിലെ സംവിധാനങ്ങൾ വളരെ മികച്ചതായിരുന്നു. കഴിഞ്ഞ വർഷവും ഞാനിവിടെ വന്നിരുന്നു. കഴിഞ്ഞ വർഷത്തേക്കാൾ ഇപ്രാവശ്യത്തെ ജൽസ ഒരുക്കങ്ങൾ കൂടുതൽ മെച്ചപ്പെട്ടതായിരുന്നു എന്നാണ് ഞാൻ കരുതുന്നത്. എനിക്ക് ചില പുതിയ സുഹൃത്തുക്കളുമായും പരിചയപ്പെടാൻ കഴിഞ്ഞു.ഹുദൂറിന്റെ പ്രഭാഷണങ്ങൾ ഞാൻ സവിശേഷമായും വളരെ ആസ്വദിച്ചു. അദ്ദേഹത്തിന്റെ ഓരോ വാക്കും മനുഷ്യകുലത്തിന്ന് ഒരു പാഠമായിരുന്നു. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് ' എന്നത് അദ്ദേഹത്തിന്റെ ലോകത്തിനുള്ള സന്ദേശമാണ്. ഈ സന്ദേശം ഇന്ന് മനുഷ്യകുലത്തിന്നാകമാനം ആവശ്യമുണ്ട്. ദൈവത്തിൽ വിശ്വാസം പുലർത്തുക, സകല മാനവനേയും സഹായിക്കുക എന്നത് ജനങ്ങൾക്കിടയിലുള്ള വിഭാഗിയത അകറ്റാൻ സഹായിക്കുന്ന കർമമാണ്.

അഹ്മദിയ്യാ ജമാഅത്ത് ജനങ്ങളെ പ്രവർത്തനക്ഷമമായ കാര്യങ്ങൾ പഠിപ്പിക്കുന്നു. പത്രസമ്മേളനത്തിൽ ഹുദൂർ അവർക്ക് നല്കിയ മറുപടികൾ മനുഷ്യകുലത്തിന്റെ അടിസ്ഥാനപരമായ മൂല്യങ്ങളുടെ പ്രകടനമായിരുന്നു. ഒരു ദിവസം ഹുദൂറിൽനിന്നും ഇന്റർവ്യൂ എടുക്കാനുള്ള ബഹുമതി എനിക്കും പ്രാപ്തമാകുമെന്നുള്ള പ്രതീക്ഷ എനിക്കുണ്ട്. ഹുദൂർ അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവാണ്. എന്നാൽ, എല്ലാറ്റിലുമുപരിയായി എല്ലാവരേയും മനസ്സിലാക്കുന്ന, നല്ല ഉപദേശം നല്കുന്ന മനുഷ്യനാണ് അദ്ദേഹം. മനുഷ്യത്വത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന കൂടുതൽ ജനങ്ങൾ അഹ്മദിയ്യത്ത് സ്വീകരിക്കുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്.

രണ്ടാമതും ജല്സയിൽ പങ്കെടുക്കാന് എത്തിയ വോജോ മനേവ്സ്കി(Vojo Manevski)പറയുന്നു: അഗാധമായ നിലയിൽ അഹ്മദീ മുസ്ലിമീങ്ങളുടെ സന്ദേശം ഞാൻ മനസ്സിലാക്കി. ഒരു പത്രപ്രവർത്തകൻ എന്ന നിലയിൽ വിവിധ മതങ്ങളിലെ സാദൃശ്യമുള്ള അധ്യാപനങ്ങളെ ഞാൻ വിലയിരുത്തി. മതത്തിന്റെ അടിസ്ഥാനം ഉന്നതനായ അല്ലാഹുവിനോടുള്ള സ്നേഹത്തിലും മനുഷ്യകുലത്തോടുള്ള സ്നേഹത്തിലും അധിഷ്ഠിതമാണ്. ഇന്നത്തെ കാലത്തിന് അനിവാര്യമായ ഒരു സന്ദേശമാണിത്. ഇന്നത്തെ ലോകത്തെ അസ്വസ്ഥമാക്കുന്ന വളരെയധികം പ്രശ്നങ്ങളുടെ പരിഹാരം ഈ സ്നേഹത്തിന്റെ സന്ദേശത്തിലുണ്ട്. ഇടത് ഭാഗത്തുള്ള രാഷ്ട്രീയക്കാരുടെ ശക്തിയിലുള്ള വർധന യൂറോപ്പിനെ ഇപ്പോൾ ഗ്രസിച്ചിരിക്കുന്ന വളരെ വലിയ പ്രശ്നമാണ്. ഇതിന്നുള്ള പരിഹാരം വിവിധ മതങ്ങൾക്കും സംസ്കാരങ്ങൾക്കും നാഗരികതകൾക്കും ഇടയിലുള്ള ചർച്ചയിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ. ദൈവത്തെ അന്വേഷിച്ചാൽ നമുക്കിടയിൽ വലിയ വ്യത്യാസമൊന്നുമില്ലെന്ന് മനസ്സിലാകും. ഇന്ന് നിലവിലുള്ള എല്ലാ ഗ്രന്ഥങ്ങളും കാലക്രമേണ തെളിച്ചം കുറഞ്ഞുപോയ ഒരു കണ്ണാടിയെ പോലെയാണെന്ന ഖലീഫത്തുൽ മസീഹിന്റെ വാക്ക് ഞാൻ എന്നും ഓർക്കുന്നതാണ്. ജനങ്ങളുടെ പ്രവൃത്തികൾ കാരണത്താൽ ആ അധ്യാപനങ്ങൾ കുറച്ചു മാത്രമേ കാണാൻ കഴിയുന്നുള്ളൂ. എല്ലാ ദൈവിക ഗ്രന്ഥങ്ങളുടേയും വ്യാഖ്യാനം ശരിയാകേണ്ടതാണ്. കാരണം, ഉന്നതനായ അല്ലാഹുവിന്റെ വാക്കുകളുടേയും വാക്യങ്ങളുടേയും വ്യാഖ്യാനം ജനങ്ങളുടെ ആവശ്യകതക്കനുസരിച്ച് ആകരുത്. മറിച്ച് ഇസ്ലാമിന്റെ യഥാർഥ അധ്യാപനമനുസരിച്ച് ഓരോ സമയത്തും നിലകൊള്ളുക. ഇന്ന് വിശ്വാസിയും നാളെ നിഷേധിയും ആകരുത്.

എത്രമാത്രം ദൈവത്തിൽനിന്നു അകലുമോ അത്രമാത്രം നമ്മൾ മാനവികതയിൽനിന്നും ജനങ്ങളിൽ നിന്നും അകലുന്നതായിരിക്കും. ഭൗതികതയുടെ കാലഘട്ടം ആത്മീയ ജീവിതത്തിന്റേയും പരസ്പരമുള്ള ബന്ധങ്ങളുടേയും അന്തകനാണ്. അതുകൊണ്ട് നമ്മൾ സ്വന്തം കുടുംബങ്ങളേയും സ്നേഹിതരേയും സംരക്ഷിക്കുക. പരസ്പ

## കലാമുൽ ഇമാം

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

**(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

**(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

ത്വാലിബെ ദുആ:
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ | Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 13 May 2021 Issue-19

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

രബന്ധങ്ങളെ സംരക്ഷിക്കുക. ഒടുവിൽ മസിഡോണിയൻ ജമാഅത്തിനോടും എല്ലാ സ്നേഹിതരോടും എനിക്ക് കടപ്പാടുണ്ട്. അല്ലാഹു സർവ മനുഷ്യരേയും സംരക്ഷിക്കുമാറാകട്ടെ.

❋ കഴിഞ്ഞ വർഷം ജൽസ സാലാന ജർമനിയിൽ പങ്കെടുക്കുകയും ഈ വർഷം ബയ്അത്ത് ചെയ്യുകയും ചെയ്ത റാമിസ് ബജ്റമൌസ്കി(Ramiz Bajramouski) സാഹിബ് പറയുന്നു: ജൽസാ വേളയിൽ ഹുദൂറിൽനിന്നു വളരെയധികം കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. ഇതെല്ലാം എന്റെ ജീവിതത്തിൽ പ്രയോജനപ്പെടുന്ന കാര്യങ്ങളാണ്.

❋ ഒരതിഥി റിദ്‌വാൻ ദിമിറോവ് സാഹിബ്(Ridvan Dimirov) പറയുന്നു: ഇസ്‌ലാമിനെ കുറിച്ച് പഠിക്കാനും വിവിധ മതങ്ങളെ കുറിച്ചും സംസ്കാരങ്ങളെ കുറിച്ചും അറിവ് നേടാനുമുള്ള അവസരം എല്ലാവർക്കും നല്കുന്നതാണ് ജൽസ സാലാന. സകല ലോകത്തുനിന്നും ജനങ്ങൾ ജൽസയിൽ പങ്കെടുക്കുന്നു. എല്ലാ ഓരോരുത്തർക്കും ഈമാനും യഖീനും വർധിപ്പിക്കുന്ന ഇടമാണ് ജൽസ. ഒരേ സ്ഥലത്ത് മുസ്‌ലിമീങ്ങളോടൊപ്പം ഇതര മതാനുയായികളേയും കണ്ടത് വളരെ നല്ലതായി തോന്നി.

❋ ഒരതിഥി സേവിദ്ജാൻ സുലേജ്മാനോവ്സ്കി (Sevdjan Sulejmanovski) സാഹിബ് പറയുന്നു: ഇന്ന് ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചിരിക്കുന്നു. ഈ ബഹുമതിയിൽ വളരെ സന്തോഷവാനാണ്. ഈ വർഷം ജൽസയിൽ കൂടുതൽപേരെ കാണാൻ സാധിച്ചു. ഭക്ഷണവും താമസവും മികച്ചതായിരുന്നു. ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണങ്ങൾ വളരെ നല്ലതായിരുന്നു. കാരണം, ഇസ്‌ലാമിനെ സംബന്ധിച്ച് അദ്ദേഹം വളരെ നല്ല രീതിയിൽ വിശദീകരിച്ചു. സവിശേഷമായും ഇസ്‌ലാമിനെ സംബന്ധിച്ച് അദ്ദേഹം സംക്ഷിപ്തമായ വാക്കുകളിൽ വിവരിക്കുന്നു. 2019 ലെ ജൽസ വളരെ വിജയപ്രദമായിരുന്നുവെന്ന് ഞാൻ കരുതുന്നു.

❋ ഒരു സ്നേഹിതൻ:വിശുദ്ധ ഖുർആൻ ഖിലാഫത്തിനെ കുറിച്ച് നല്കുന്ന മാർഗദർശനം എന്താണ?

ഹുദൂർ അൻവർ: സൽകർമം ചെയ്യുന്ന വിശ്വാസികൾക്ക് ഖിലാഫത്തിന്റെ അനുഗ്രഹം പ്രാപ്തമായി കൊണ്ടിരിക്കുമെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വാഗ്ദാനം ചെയ്യുന്നു. നിങ്ങൾ ആരാധനകൾ നിർവഹിക്കുക, ദൈവവുമായുള്ള ബന്ധം സ്ഥായിയാക്കുക, ഖിലാഫത്തിനോട് ചേർന്ന് നില്ക്കുക, അനുസരണം പുലർത്തുക, ദൈവവുമായി ബന്ധം സ്ഥാപിക്കുക സ്വന്തം കർമങ്ങൾ നന്നാക്കുക.

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) പറയുന്നു: ഞാൻ ഖാത്തമുൽ ഖുലഫായാണ്.(ഖലീഫമാരിൽ ശ്രേഷ്ഠൻ) ഇനി വാഗ്ദത്ത മസീഹുമായുള്ള ബന്ധത്തിലും മാർഗത്തിലും മാത്രമേ മുന്നോട്ട് ഖിലാഫത്ത് നിലനില്ക്കുകയുള്ളൂ. ഇതിനെക്കൂടാതെ മറ്റൊരു ഖിലാഫത്തുമില്ല. ഇതിനെക്കൂടാതെ മറ്റൊരു ഖിലാഫത്തും തുടരുവാനും സാധ്യമല്ല. തീവ്രവാദത്തിന്റെ അധ്യാപനം നല്കുന്നതും കാഠിന്യത്തിന്റെ വിജ്ഞാനം പകരുന്നതും മർദനത്തിന് പ്രേരണ നല്കുന്നതുമായ ഖിലാഫത്ത് ഒരു വിധത്തിലും ഖിലാഫത്തല്ല.

❋ ഒരു സ്നേഹിതൻ: മസീഹ് എപ്പോൾ വരുമെന്നതിനുള്ള ഏതെങ്കിലും ഹദീഥുണ്ടോ?

ഹുദൂർ അൻവർ: നുബുവ്വത്തിന്നുശേഷം നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുമെന്ന് ഹദീഥുണ്ട്. തുടർന്ന് കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന രാജകീയ ഭരണമുണ്ടാകുമെന്നും തുടർന്ന് അതിലും ശക്തമായ നിലയിൽ അടക്കി ഭരിക്കുന്ന ഏകാധിപത്യ ഭരണം വരുമെന്നും തുടർന്ന് അക്രമത്തിനും കുഴപ്പങ്ങൾക്കും അവസാനം കുറിച്ചു കൊണ്ട് നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് വീണ്ടും സ്ഥാപിതമാകുമെന്നുമുണ്ട്.

സൂര്യചന്ദ്ര ഗ്രഹണങ്ങളേയും വരാനിരിക്കുന്ന ഇമാം മഹ്ദിക്ക് ഒരു അടയാളം എന്ന നിലയിൽ നബി(സ)തിരുമേനി വിവരിച്ചു തന്നിരിക്കുന്നു. വാഗ്ദത്ത മസീഹ്(അ) തന്റെ വാദം പുറപ്പെടുവിച്ചപ്പോൾ സൂര്യചന്ദ്രഗ്രഹണങ്ങളുടെ അടയാളം പൂർത്തിയായില്ലെന്ന് ജനങ്ങൾ പറഞ്ഞിരുന്നു. തുടർന്ന് 1894ൽ സൂര്യ ചന്ദ്രഗ്രഹണമുണ്ടായി. 1895-ൽ വീണ്ടും പാശ്ചാത്യരാജ്യങ്ങളിലും സൂര്യചന്ദ്രഗ്രഹണങ്ങളുണ്ടായി.

തുടർന്ന് ഹുദൂർ ദഅ്‌വത്തുൽ അമീർ എന്ന ഗ്രന്ഥം മസിഡോണിയൻ ഭാഷയിൽ വിവർത്തനം ചെയ്യാൻ നിർദേശവും നല്കി. ഇതിൽ വരാനിരിക്കുന്ന മഹ്ദീ മസീഹിനെ കുറിച്ചുള്ള അടയാളങ്ങളെ കുറിച്ച് പ്രദിപാദനമുണ്ടെന്നും ജമാഅത്തുകാരോട് പെട്ടെന്ന് ഈ ഗ്രന്ഥത്തിന്റെ വിവർത്തനം ചെയ്യാൻ പറയാനും ഹുദൂർ നിർദേശിച്ചു.

❋ ഒരു സ്നേഹിതൻ: മസിഡോണിയൻ ടൗണുമായാണ് തന്റെ ബന്ധമെന്നും തങ്ങളുടെ കുട്ടികൾക്കുവേണ്ടി ഒരു വാഹനം നല്കിയതിൽ ഹ്യുമാനിറ്റി ഫസ്റ്റിനോട് വളരെ നന്ദിയുണ്ട്.

❋ ഒരു സ്നേഹിതൻ: ഹുദൂറിനോട് നേരിട്ട് സംസാരിക്കാൻ സാധിച്ചതിൽ എനിക്ക് അങ്ങയോട് നന്ദിയുണ്ട്. സ്വയം തറയിൽ കിടന്നു കൊണ്ട് ഞങ്ങളെ ഹോട്ടലിൽ താമസിപ്പിച്ച ജർമൻ ജമാഅത്തിനും ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. ചില സ്നേഹിതന്മാർ കൂടുതൽ മിഷ്ണറിമാരെ അയച്ചുതരാൻ ഹുദൂറിനോട് അപേക്ഷിച്ചു.

ഹുദൂർ: നിങ്ങൾക്ക് ഒരു മുറബ്ബിയെ തന്നിട്ടുണ്ട്. ഇൻശാ അല്ലാഹ് കൂടുതൽപേരെ അയക്കുന്നതാണ്.

❋ ഒരു അനഹ്മദി സ്ത്രീ പറയുന്നു: ഞാനാദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. എല്ലാ സംവിധാനങ്ങളും വളരെ സ്വാധീനം സൃഷ്ടിക്കുന്നതായിരുന്നു. ജനങ്ങളുടെ പരസ്പര സഹായം വളരെ വിസ്മയിപ്പിക്കുന്നതായിരുന്നു. ഞാൻ ഇനിയും വരുന്നതാണ്. നിങ്ങളുടെ ജമാഅത്തിന്റെ ഭാഗമായിത്തീരുന്നതാണ്.

❋ ജാനി റെഡ്ജെപോവ്(Jani Redjepov) പറയുന്നു: ഞാൻ കുടുംബത്തോടെ ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. ജൽസ വളരെ മികച്ചതായിരുന്നു. ഒരു മഹനീയമായ അനുഭവമായിരുന്നു ജൽസ. ഞങ്ങൾക്ക് വളരെ നല്ല ആതിഥേയത്വം നല്കി. വളരെയധികം പ്രയോജനകരമായ കാര്യങ്ങൾ ഹുദൂർ വിവരിച്ചു തന്നു. മസിഡോണിയായിൽ ആദ്യമായി അഹ്മദിയ്യത്തിന്റെ സന്ദേശം ലഭിച്ചപ്പോൾ തന്നെ ഇത് മാനവകുലത്തിന്ന് ഗുണപ്രദമായ മാർഗദർശനമാണെന്ന് എനിക്ക് മനസ്സിലായിരുന്നു. ആദ്യം എന്റെ കുടുംബം ഈ സന്ദേശം സ്വീകരിച്ചു . തുടർന്ന് എന്നേയും നേർ വഴിയിലേക്ക് കൊണ്ടു വന്നു. ജൽസയിൽ പങ്കെടുക്കാനുള്ള സംവിധാനം ചെയ്തു തന്നതിന് നിങ്ങളോട് വളരെ നന്ദിയുണ്ട്.

താൻജാ ലസറോവ സാഹിബ(Tanja Lazarova) പറയുന്നു: ഞാനാദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. ഇവിടെ എനിക്ക് എല്ലാം പുതിയതായിരുന്നു. വളരെ നല്ലതുമായിരുന്നു. സവിശേഷമായ നിലയിൽ സേവനനിരതരായ വ്യക്തികളുടെ രീതികളും വളരെ സൗഹാർദപരമായിരുന്നു. മന്ദഹസിക്കുന്ന മുഖങ്ങളുമായി അവർ സഹവസിച്ചിരുന്നു. ഭക്ഷണം വളരെ രുചികരവും ഹുദൂറിന്റെ പ്രഭാഷണങ്ങൾ വളരെ വിജ്ഞാനപ്രദവും എല്ലാവർക്കും സരളമായ നിലയിൽ മനസ്സിലാക്കാൻ കഴിയുന്നതുമായിരുന്നു.

പുതിയ അതിഥികൾ ജൽസയുടെ സംവിധാനങ്ങളിലും ആതിഥേയത്വത്തിലും വളരെ ആകൃഷ്ടരായിരുന്നു. ഹുദൂറിന്റെ പ്രഭാഷണങ്ങളിലും വൈജ്ഞാനിക വിപുലതയിലും വളരെ സ്വാധീനം ഉളവാക്കുന്നതായിരുന്നു. വീണ്ടും വരണമെന്ന ആഗ്രഹം പ്രകടിപ്പിക്കുന്നുണ്ടായിരുന്നു.

മസിഡോണിയൻ സംഘത്തിന്റെ ഈ കൂടിക്കാഴ്ച 06.45 വരെ നീണ്ടു നിന്നു. സംഘത്തിന് ഒടുവിൽ ഹുസൂറിൽനിന്ന് ഹസ്തദാനം സ്വീകരിക്കാനും ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു.

**ബൽഗേറിയൻ(Bulgaria)**

**സംഘത്തിന്റെ കൂടിക്കാഴ്ച**

49 പേരടങ്ങുന്ന സംഘമാണ് ഈ വർഷം ജൽസ ജർമനിയിൽ പങ്കെടുക്കാനെത്തിയത്. ഇവരിൽ 15 അഹ്മദികളും 34 അനഹ്മദികളും ക്രൈസ്തവ വിശ്വാസികളും ഉണ്ടായിരുന്നു. 16 പേർ വിമാന മാർഗവും 33 പേർ ബസ്മാർഗം 30 മണിക്കൂർ യാത്ര ചെയ്തുമാണെത്തിയത്. 06.45-ന് ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ച ആരംഭിച്ചു.

ഒരു ബൽഗേറിയ സംഘാംഗമായ വനിത തെമെനീയ്ക്ക കോർച്ചേവ സാഹിബ(Temenyika Korcheva) പറയുന്നു: ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും വന്നവരെ ജൽസയിൽ എനിക്ക് കാണാൻ കഴിഞ്ഞു. അവർ ഒരു സ്ഥലത്ത് ഒന്നു ചേർന്നിരിക്കുന്നു. ഇവരെല്ലാവരും അല്ലാഹുവിന്റെ മഹത്ത്വം കീർത്തനം ചെയ്യുന്നതിലും അവനോടുള്ള നന്ദി പ്രകാശിപ്പിക്കുന്നതിലും മുഴുകിയിരുന്നു. ജൽസയിലെ പ്രഭാഷണങ്ങളിൽ വളരെയധികം സുന്ദരമായ സന്ദേശങ്ങൾ കേൾക്കാൻ സാധിച്ചു. ഇന്ന് ഇതിന്റെ വളരെയധികം ആവശ്യകതയുണ്ട്.

ചെറിയ കുട്ടികൾക്ക് ചെറുപ്പത്തിൽതന്നെ കഠിനാധ്വാനത്തോടെ പ്രവർത്തിക്കുന്നതിന്ന് പഠിപ്പിക്കുന്നതായും ജൽ സയിൽ എനിക്ക് കാണാൻ കഴിഞ്ഞു.അവർ ഞങ്ങൾക്ക് വെള്ളം കുടിക്കാൻ തന്നിരുന്നു. ഈ ജൽസ എനിക്ക് വളരെ നല്ലതായി തോന്നി. അടുത്ത പ്രാവശ്യവും തീർച്ചയായും വരണമെന്നാണ് എന്റെ ആഗ്രഹം.(തുടരും)

## കലാമുൽ ഇമാം

**‘ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.’(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**ത്വാലിബെ ദുആ**
**P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin